RURAL INFORMATION BUREAU

# ഗ്രാമഭൂമി

2020 മേയ്-ജൂൺ പുസ്തകം 43 ലക്കം 3

ദ്വൈമാസിക

## നവകേരളത്തിന്റെ നാലു വർഷങ്ങൾ

നവകേരള ദൗത്യങ്ങളുടെ ഭാഗമായി 2016-ൽ തുടക്കം കുറിച്ച ലൈഫ് പദ്ധതി നാളിതുവരെ രണ്ടേകാൽ ലക്ഷത്തിലധികം കുടുംബങ്ങൾക്ക് പാർപ്പിടമൊരുക്കി ദേശീയ ശ്രദ്ധ നേടിക്കഴിഞ്ഞു.









# മുന്നേറ്റത്തിന്റെ നാലു വർഷങ്ങൾ

കഴിഞ്ഞ 4 വർഷ കാലയളവിൽ സംസ്ഥാനം ഓഖി കൊടുങ്കാറ്റ്, പ്രളയം, കോവിഡ് പോലുള്ള ദുരന്തങ്ങളെ നേരിടേണ്ടി വന്നപ്പോഴെല്ലാം തന്നെ ഗ്രാമീണ ജനതയുടെ ഉപജീവനത്തിന് സഹായമായത് തൊഴിലുറപ്പ് പദ്ധതിയാണ്.

# നവകേരളത്തിന്റെ നാലു വർഷങ്ങൾ

## പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ നിറവേറ്റി മാതൃക കാട്ടിയ സർക്കാർ

### മഹാമാരികളെ പ്രതിരോധിക്കുന്ന ആർദ്ര കേരളം



- മാരകമായ നിപ വൈറസ് ബാധയെ രണ്ടുവട്ടം പ്രതിരോധിച്ച ജാഗ്രത.
- 24 മണിക്കൂറും പ്രവർത്തിക്കുന്ന 'ദിശ കോൾ സെന്റർ' ഇതുവരെ 2 ലക്ഷത്തിലേറെ പേർക്ക് ആശ്വാസം
- ദുരിതബാധിതർക്ക് 20000 കോടിയുടെ ഉത്തേജക പാക്കേജ്.
- എല്ലാവർക്കും സൗജന്യറേഷൻ, സൗജന്യ പലവ്യഞ്ജന കിറ്റ്.
- ക്ഷേമപെൻഷനായി 4709 കോടി രൂപ വിതരണം ചെയ്തു.
- പെൻഷനില്ലാത്തവർക്ക് ആയിരം രൂപ സഹായ ധനം.
- നാല് വർഷം കൊണ്ട് 3000 കോടിയിലേറെ രൂപയുടെ അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾ.
- കാരുണ്യ ആരോഗ്യസുരക്ഷാപദ്ധതി-ഒരു കുടുംബത്തിന് ഒരു വർഷം അഞ്ച് ലക്ഷം രൂപയുടെ സൗജന്യചികിത്സ.

### വിദ്യാഭ്യാസനയത്തിന്റെ വിജയഗാഥ



- പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ. 141 സ്കൂളുകൾക്ക് 5 കോടി രൂപ വീതം.
- 4000 കോടി രൂപ സ്കൂളുകളുടെ ഭൗതിക സൗകര്യ വികസനത്തിന്.
- 14000 സ്കൂളുകളിൽ ബ്രോഡ് ബാന്റ് ഇന്റർനെറ്റ് സൗകര്യമൊരുക്കി.
- പാഠപുസ്തകങ്ങൾ നേരത്തെ. 1-8 ക്ലാസുകളിലെ കുട്ടികൾക്ക് സൗജന്യ യൂണിഫോം. 7-ാം ക്ലാസ്വരെ കൈത്തറി യൂണിഫോം.
- പൂട്ടാൻ തീരുമാനിച്ച നാല് വിദ്യാലയങ്ങൾ ഏറ്റെടുത്തു.
- പൊതുവിദ്യാലയങ്ങളിൽ അധികമായി ചേർന്നത് 504851 കുട്ടികൾ.

- ലോക്ഡൗൺ കാലത്ത് പഠനം മുടങ്ങാതിരിക്കാൻ 43 ലക്ഷം സ്കൂൾ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠന സൗകര്യമൊരുക്കി.
- ഉച്ചഭക്ഷണ കിറ്റ് വീടുകളിൽ എത്തിച്ചു.

### കരുതൽ, സുരക്ഷ



- ക്ഷേമപെൻഷനുകൾ 600 രൂപയിൽ നിന്ന് 1300 രൂപയായി വർദ്ധിപ്പിച്ച് കുടിശിക തീർത്ത് വീടുകളിൽ എത്തിച്ചുനൽകി. നാലു വർഷം വിതരണം ചെയ്തത് 23409 കോടി രൂപ.
- പത്തുലക്ഷം കുടുംബങ്ങൾക്ക് കൂടി പുതുതായി ക്ഷേമ പെൻഷനുകൾ.
- ഭവനരഹിതരില്ലാത്ത കേരളം ലക്ഷ്യപ്രാപ്തിയിലേക്ക്. ലൈഫ് ഭവന പദ്ധതിയിലൂടെ നാലുവർഷം കൊണ്ട് രണ്ടര ലക്ഷം വീടുകൾ നിർമ്മിച്ചു നൽകി.
- ഭൂമിയില്ലാത്ത കുടുംബങ്ങൾക്ക് പാർപ്പിട സമുച്ചയങ്ങൾ.
- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - ആനുകൂല്യവിതരണം സുതാര്യമാക്കി-നാല് വർഷംകൊണ്ട് 1216 കോടി രൂപ വിതരണം ചെയ്തു.

### നൻമകളുടെ വീണ്ടെടുപ്പ്

- ഹരിതസമൃദ്ധിയുടെ വീണ്ടെടുപ്പ്, ശാസ്ത്രീമായ മാലിന്യനിർമ്മാർജ്ജനം, ജലസ്രോതസ്സുകളുടെ പുനരുജ്ജീവനവും സംരക്ഷണവും എന്നീ ലക്ഷ്യങ്ങളോടെ ഹരിതകേരളം പദ്ധതി.
- 2.3 ലക്ഷം ഹെക്ടറായി നെൽകൃഷി വർദ്ധിച്ചു- നെൽവയൽ ഉടമകൾക്ക് ഹെക്ടറിന് 2000 രൂപ നിരക്കിൽ റോയൽറ്റി നൽകി.
- സുഭിക്ഷകേരളം പദ്ധതിയിലൂടെ ഒരു ലക്ഷം ഹെക്ടർ തരിശുഭൂമിയിൽ കൃഷിയിറക്കുന്നു. 3860 കോടി രൂപ കൃഷിക്കായി ചെലവിടുന്നു.
- 390 കി.മീ നദി പുനരുജ്ജീവിപ്പിച്ചു.



റൂറൽ ഇൻഫർമേഷൻ ബ്യൂറോ
കേരള സർക്കാർ

ഗ്രാമഭൂമി
ദ്വൈമാസിക
റൂറൽ ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരണം

2020 മേയ്-ജൂൺ
പുസ്തകം 43
ലക്കം 3

## എഡിറ്റോറിയൽ

# പച്ചപ്പുകളിലേക്ക് ഇനി അനേക ജീവിതങ്ങൾ

പൊട്ടിപ്പൊളിഞ്ഞ ഇടിഞ്ഞു വീഴാറായ വീടുകൾ... അവ എന്നാണ് തലയിലേക്ക് ഇടിഞ്ഞു വീഴുക എന്ന ആശങ്കയോടെ ഉറങ്ങാതെ എഴുന്നേറ്റിരുന്ന് നേരം വെളുപ്പിക്കുന്ന കുറേ മനുഷ്യർ ... ദൈന്യത വിളിച്ചോതുന്ന മുഖങ്ങൾ ... ഒരല്പം ഭൂമി ഉണ്ടായിട്ടും അടച്ചുറപ്പുള്ള ഒരു കൂര ഇല്ലാത്തതിന്റെ നെഞ്ചിടിപ്പുകൾ! ഇവയ്ക്കൊക്കെ ഒരറുതി വന്നിരിക്കുന്നു സർക്കാരിന്റെ ലൈഫ്മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ടത്തിലൂടെ.

ഒരു ലക്ഷത്തിലധികം ഗുണഭോക്താക്കളാണ് പട്ടികയിൽ ഇടം പിടിച്ചത്.അതിൽ ആവശ്യമായ രേഖകൾ ഹാജരാക്കിയ എല്ലാ പേ ർക്കും സഹായം നൽകാൻ സർക്കാരിനു സാധിച്ചു എന്നത് അഭിനന്ദനാർഹമാണ്.95136 കുടുംബങ്ങളാണ് വീടു പണി ആരംഭിച്ചത്.ഇതിൽ 774 24 വീടുകളുടെ പണി പൂർത്തിയായിക്കഴിഞ്ഞു.

ഇതിന്റെ ഗുണഭോക്താക്കൾക്ക് വീട് നിർമിക്കുന്നതിനാവശ്യമായ പെയിൻറ്, സിമന്റ് ,ഇലക്ട്രിക്കൽ ഉപകരണങ്ങൾ, വയറിംഗ് - സാനിട്ടറി ഉപകരണങ്ങൾ, വാട്ടർ ടാങ്ക് എന്നിവ വൻ വിലക്കുറവിലാണ് സർക്കാർ ലഭ്യമാക്കുന്നത്. പല പ്രശസ്ത കമ്പനികളും ഇതിൽ സഹകരിക്കുന്നുണ്ട്. ഗുണഭോക്താക്കൾ തിരിച്ചറിയൽ രേഖ ഹാജരാക്കിയാൽ മതിയാകും.



ഭൂമിയും വീടും ഇല്ലാത്തവരെ പുനരധിവസിപ്പിക്കുക എന്നതാണ് ലൈഫ് മിഷൻ പദ്ധതിയുടെ മൂന്നാം ഘട്ടം. ഇതിലേക്ക് രേഖകൾ പരിശോധിച്ച് ഒരു ലക്ഷത്തിലേറെ ഗുണഭോക്താക്കളെ കണ്ടെത്തിക്കഴിഞ്ഞു.2020-21സാമ്പത്തിക വർഷത്തിൽ 103 ഭവനസമുച്ചയങ്ങൾ ഇവർക്കായി നിർമിക്കുവാൻ സർക്കാർ ലക്ഷ്യമിടുന്നുണ്ട് എന്നത് ഏറെ അഭിനന്ദനാർഹമാണ്.

സർക്കാർ നിർമിച്ചു നൽകുന്ന ഭവനങ്ങളുടെ ഗുണമേൻമ എടുത്തു പറയേണ്ടിയിരിക്കുന്നു 'സർക്കാർ പദ്ധതിയിൽ കൂടി കിട്ടിയത് എന്നൊക്കെ കേൾക്കുമ്പോൾ പഴയ ലക്ഷം വീടുകളാണ് ഓർമയിൽ വരിക.എന്നാൽ ലൈഫ് മിഷനിലൂടെ സർക്കാർ നൽകിയ വീടുകൾ അന്തസ്സാർന്ന സാമൂഹിക ജീവിതത്തിന് ഉതകുന്നതാണ്.

അടിമാലി ഗ്രാമ പഞ്ചായത്തിലെ മച്ചിപ്ലാവ് എന്ന സ്ഥലത്ത് ഗുണഭോക്താക്കൾക്ക് കൈമാറിയ 7 നിലകളുള്ള ഭവന സമുച്ചയവും ഇത്തരത്തിൽ എടുത്തു പറയേണ്ടതാണ്.

ഭവന രഹിത കേരളം ഒരിക്കൽ വെറുമൊരു സ്വപ്നമായിരുന്നെങ്കിൽ ഇപ്പോഴത് യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്നു. ഈ പദ്ധതിയുടെ വിജയത്തിനു പിന്നിൽ പ്രവർത്തിച്ചവർ ,ഇതിൽ പങ്കാളികളായവർ ഒട്ടേറെയാണ് . ഈ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി അഹോരാത്രം പണി എടുത്തവർ, ഇതിനു നേതൃത്വം നൽകിയവർ അങ്ങനെ പല തലങ്ങളിലായി ഒരു കൂട്ടായ പ്രവർത്തനത്തിലൂടെ ഏതു പദ്ധതിയും ഇത്രത്തോളം വിജയകരമാക്കാം എന്ന് മാർഗദർശികളാവുന്നവർ .... അവരെല്ലാവരും തന്നെ വലിയ അളവിൽ പ്രശംസ അർഹിക്കുന്നു.

ഉപദേശക സമിതി ചെയർമാൻ: എൻ. പത്മകുമാർ ഐഎഎസ് ഗ്രാമവികസന കമ്മീഷണർ
അംഗങ്ങൾ വി.എസ്. സന്തോഷ്കുമാർ അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ-1 • കെ. വനജ കുമാരി അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ-2
• ഡോ. പി.കെ. സനിൽ കുമാർ അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ PMGSY • എം കെ ഉഷ ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ RIDF
• ഡി. സുധ ഡയറക്ടർ, കില-സി.എച്ച്.ആർ.ഡി • ഷാജി ക്ലെമന്റ് ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ, റൂറൽ പ്ലാനിംഗ്
• ദിവ്യ ഡെപ്യൂട്ടി ഡയറക്ടർ (P&M) • സബീഹ പി.എം, സീനിയർ ഫിനാൻസ് ഓഫീസർ • നജീബ് എച്ച് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ചീഫ് എഡിറ്റർ അജിതാദാസ് ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ
കാംപെയ്ൻ ഓഫീസർ ജെ ആർ അഞ്ജന അസിസ്റ്റന്റ് എഡിറ്റർ സി. പ്രശാന്ത് അസിസ്റ്റന്റ് കാമ്പയിൻ ഓഫീസർ
സർക്കുലേഷൻ മാനേജർ റ്റി. സനൽകുമാർ മാനേജർ കവർ & ലേ-ഔട്ട് രതീഷ് കുമാർ rash8590070404@gmail.com

ഓഫീസ് റൂറൽ ഇൻഫർമേഷൻ ബ്യൂറോ, ആറാം നില, സ്വരാജ് ഭവൻ,നന്തൻകോട്, കവടിയാർ.പി.ഒ
തിരുവനന്തപുരം - 3. ഫോൺ : 0471 2317262 email : ribkerala@gmail.com

# കത്തുകൾ




## *പ്രതിരോധത്തിന്റെ മാതൃകകൾ*

ലോകമാകമാനം പടർന്നു കഴിഞ്ഞ കോവിഡ്-19 എന്ന മഹാമാരിയെ പ്രതിരോധിക്കാൻ കേരളം നടത്തുന്ന പ്രവർത്തനങ്ങൾ മാതൃകാപരമാണ്. പ്രതിസന്ധികളിൽ പതറാതെ മുന്നോട്ടു പോകാനുള്ള കരുത്ത് ഓരോരുത്തർക്കും നൽകുന്നതാണ് ജനങ്ങളോടുള്ള സർക്കാരിന്റെ കരുതൽ. സർക്കാരിന്റെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ച് ലേഖനം പ്രസിദ്ധീകരിച്ച ഗ്രാമഭൂമിക്ക് അഭിനന്ദനങ്ങൾ.

***കെ. രാധാകൃഷ്ണൻ നായർ***
പെരുങ്കടവിള

## *മലയാളിയുടെ മനസ്സ്*

മാലിന്യ സംസ്കരണ പ്രവർത്തനങ്ങളോടു മുഖം തിരിഞ്ഞു നിൽക്കുന്ന മലയാളികളുടെ വിചിത്രമായ മാനസികാവസ്ഥയെ സൂക്ഷ്മമായും സരസമായും വിവരിച്ച ലേഖനമായിരുന്നു ആര്യനാട് സത്യൻ എഴുതിയ 'മലയാളി മനസ്സിന് എന്തു പറ്റി?'. ഇത്തരം ലേഖനങ്ങൾ തുടർന്നും പ്രതീക്ഷിക്കുന്നു.

***ജിനേഷ്.കെ.എസ്***, ചിങ്ങവനം

## *സൗഹാർദ വഴികൾ*

ജാതിക്കും മതത്തിനുമൊക്കെ അതീതമായി പരസ്പര സഹവർത്തിത്തത്തോടെ കഴിഞ്ഞിരുന്ന നാട്ടിൻ പുറത്തിന്റെ നന്മയെ ഹൃദ്യമായി വരച്ചിട്ട കവിതയായിരുന്നു വിഭു പിരപ്പൻകോട് രചിച്ച 'അടുക്കള വഴി'. അഭിനന്ദനങ്ങൾ.

***അനീസ്. എസ്***, ഉടുമ്പൻചോല




6 നവകേരളത്തിന്റെ നാലു വർഷങ്ങൾ
എ സി മൊയ്തീൻ

12 ജീവനും ജീവിതവും നൽകി ലൈഫ് മിഷൻ പ്രയാണം തുടരുന്നു
യു.വി.ജോസ് ഐ.എ.എസ്

16 ഭവന സമുച്ചയങ്ങൾ

18 ഇവർ സ്വപ്നസാക്ഷാത്കാരത്തിൽ...

22 അബ്ദുല്ലയും ലൈഫും കൈകോർത്തു

23 എല്ലാവർക്കും വീടൊരുക്കാൻ പി.എം.എ.വൈ - ലൈഫ് പദ്ധതി




ഗ്രാമഭൂമി ദ്വൈവാർഷിക വരിസംഖ്യ 24 രൂപ തപാലിൽ ലഭിക്കുവാൻ

ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ
ആറാം നില, സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ.പി.ഒ,
തിരുവനന്തപുരം 695 003 എന്ന വിലാസത്തിൽ
മണിയോർഡർ അയയ്ക്കുക email : ribkerala@gmail.com

ഗ്രാമഭൂമിയിൽ പ്രസിദ്ധീകരിക്കുന്ന രചനകളിലെ ആശയങ്ങളും അഭിപ്രായങ്ങളും ഗ്രാമവികസന വകുപ്പിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.






26 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
അടിസ്ഥാന ജനതയുടെ അത്താണി
ഡോ. ദിവ്യ എസ്. അയ്യർ

30 മുന്നേറ്റത്തിന്റെ
നാലു വർഷങ്ങൾ

37 നഗരജീവിതങ്ങൾക്ക്
കൈത്താങ്ങായി
അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

# നവകേരളത്തിന്റെ നാലു വർഷങ്ങൾ

എ സി മൊയ്തീൻ
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

മാറുന്ന കാലത്തിന്റെ വെല്ലുവിളികൾ ഏറ്റെടുത്ത കേരള വികസന മാതൃകയുടെ കരുത്താണ് പ്രതിസന്ധികളെ സാധ്യതകളാക്കി മുന്നേറുന്ന നവകേരള ദൗത്യങ്ങൾ.

പാരിസ്ഥിതികവും സാമൂഹ്യവുമായ മാറ്റങ്ങളുടെ കാലത്തെ പുതിയ സമീപനവും സൂക്ഷ്മതയും ഈ വികസന ദൗത്യങ്ങളെ വേറിട്ടതാക്കുന്നു. ലോകത്തിലെ കൊറോണ ഹോട്ട്സ്പോട്ടുകളിൽ ഒന്നായി മാറുമെന്ന് ഒരു ഘട്ടത്തിൽ ഭയാശങ്കകളോടെ കരുതിയ കേരളം അതിജീവനത്തിന്റെ പാതയിൽ നിലയുറപ്പിച്ചു നിൽക്കുന്നത് ആർദ്രം ദൗത്യം കേരളത്തിന്റെ സാമൂഹിക വികസന നേട്ടങ്ങൾക്ക് പകർന്നു നൽകിയ പുതിയ ഉണർവിന്റെ കൂടി ബലത്തിലാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണ ദൗത്യം കേരളത്തിലെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിലും ബോധന നിലവാരം മെച്ചപ്പെടുത്തുന്നതിലും വിദ്യാഭ്യാസ രംഗത്തെ കച്ചവട താൽപര്യങ്ങളെ നേരിട്ട് പൊതു വിദ്യാലയങ്ങളെ സംരക്ഷിക്കാൻ പൊതു സമൂഹത്തെ രംഗത്തിറക്കുന്നതിലും പ്രധാന പങ്കു വഹിച്ചു. ഹരിത കേരള ദൗത്യമാകട്ടെ, ഒരു പാരിസ്ഥിതിക നവോത്ഥാനത്തിനു തന്നെ നാന്ദി കുറിച്ചിരിക്കുന്നു. രാജ്യത്തെ ഏറ്റവും വലിയ സംസ്ഥാനാവിഷ്കൃത ഭവന പദ്ധതിയായ ലൈഫ് അതിന്റെ സമഗ്ര സമീപനം കൊണ്ടും വ്യാപ്തി കൊണ്ടും വേറിട്ടു നിൽക്കുന്നു. അടിസ്ഥാന തലത്തിൽ ഈ വികസന ദൗത്യങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടത്തെ അതിന്റെ സുവർണ്ണ ഘട്ടമാക്കി മാറ്റിയിരിക്കുന്നു.

## ലൈഫ് - പാർപ്പിടവും അതിലപ്പുറവും

നവകേരള ദൗത്യങ്ങളുടെ ഭാഗമായി 2016-ൽ തുടക്കം കുറിച്ച ലൈഫ് പദ്ധതി നാളിതുവരെ രണ്ടേകാൽ ലക്ഷത്തിലധികം കുടുംബങ്ങൾക്ക് പാർപ്പിടമൊരുക്കി ദേശീയ ശ്രദ്ധ നേടിക്കഴിഞ്ഞു. അർഹരായ മുഴുവൻ ഭവനരഹിതർക്കും സുരക്ഷിതമായ പാർപ്പിടമൊരുക്കുക എന്ന ലക്ഷ്യത്തിലേക്ക് ലൈഫ് പടിപടിയായി അടുക്കുകയാണ്. പദ്ധതി പ്രകാരം 2,17,386 വീടുകളുടെ നിർമ്മാണം ഇതിനകം പൂർത്തിയായി.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ സർക്കാർ വകുപ്പുകളുടെയോ സഹായത്തോടെ നിർമ്മാണം ആരംഭിച്ചതിൽ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാതെ പോയ വീടുകളുടെ പൂർത്തീകരണമാണ് പദ്ധതിയു

**നവകേരള ദൗത്യങ്ങളുടെ ഭാഗമായി 2016-ൽ തുടക്കം കുറിച്ച ലൈഫ് പദ്ധതി നാളിതുവരെ രണ്ടേകാൽ ലക്ഷത്തിലധികം കുടുംബങ്ങൾക്ക് പാർപ്പിടമൊരുക്കി ദേശീയ ശ്രദ്ധ നേടിക്കഴിഞ്ഞു.**



ടെ ഒന്നാം ഘട്ടത്തിൽ ഏറ്റെടുത്തത്. ഇങ്ങനെ കണ്ടെത്തിയ 54,167 വീടുകളിൽ 52,098 വീടുകൾ ഇതിനകം പൂർത്തീകരിച്ചു. 96.12% ഗുണഭോക്താക്കൾ മുഴുവൻ പണിയും തീർത്ത് അവസാന ഗഡു തുകയും കൈപ്പറ്റി. ഉറ്റവരുടെ മരണം, മാരകരോഗങ്ങൾ തുടങ്ങിയ കാരണങ്ങൾ കൊണ്ട് ജീവിതം വഴിമുട്ടിയ പരമദരിദ്രരായിരുന്നു ഇവരിൽ നല്ലൊരു ഭാഗവും. അടച്ചുറപ്പുള്ള വീടെന്ന സ്വപ്നം എന്നെങ്കിലും നിറവേറുമെന്ന പ്രതീക്ഷ പോലും നഷ്ടപ്പെട്ട വേളയിലാണ് ലൈഫ് പദ്ധതിയിലൂടെ സർക്കാർ ഇവരുടെ കൈ പിടിച്ചത്. പുതിയ നിരക്കിലുള്ള ആനുപാതിക തുകയാണ് ഇവർക്ക് നൽകിയത്. സർക്കാർ ഇതിനായി 670.70 കോടി രൂപ ചെലവഴിച്ചു.

## വീടില്ലാത്തവർക്കു വേണ്ടി

ഭൂമിയുള്ള ഭവനരഹിതർക്കാണ് ലൈഫ് മിഷൻ രണ്ടാം ഘട്ടത്തിൽ സഹായം നൽകി വരുന്നത്.

അർഹരായി കണ്ടെത്തിയ 1,02,467 ഗുണഭോക്താക്കളിൽ രേഖകൾ ഹാജരാക്കിയ മുഴുവൻ പേർക്കും സഹായം നൽകി. 95,136 കുടുംബങ്ങൾ ഭവനനിർമ്മാണം ആരംഭിച്ചതിൽ 77,424 വീടുകൾ ഇതിനകം പൂർത്തിയായി. കരാർ വച്ചതിന്റെ 81.38 ശതമാനം. ബാക്കിയുള്ള വീടുകൾ നിർമ്മാണത്തിലിരിക്കുന്നു. ഭൂരഹിത ഭവനരഹിതരുടെലിസ്റ്റിൽഉൾപ്പെട്ടവർ ഭൂമി സ്വന്തമാക്കി രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് അവർക്കും സഹായം അനുവദിച്ചു വരുന്നു. അർഹരായ പലരും ലിസ്റ്റിൽ ഉൾപ്പെടാതെ പോയെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അവരെ ലിസ്റ്റിൽ ഉൾപ്പെടുത്തി ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള സമയക്രമവും നടപടിക്രമവും സർക്കാർ ഉടൻ വിജ്ഞാപനം ചെയ്യും.

## മൂന്നാം ഘട്ടത്തിൽ മണ്ണും വീടും

ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസമാണ് പദ്ധതിയുടെ മൂന്നാം ഘട്ടം. രേഖകൾ പരിശോധിച്ച് അർഹരെന്ന് കണ്ടെത്തിയ 1,06,925 കുടുംബങ്ങൾക്ക് പാർപ്പിടം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. പ്രാഥമിക ലിസ്റ്റിൽ ഉൾപ്പെട്ട ബാക്കിയുള്ളവരുടെ കൂടി രേഖാ പരിശോധന എത്രയും വേഗം പൂർത്തിയാക്കി ലിസ്റ്റ് അന്തിമമാക്കാൻ ബന്ധപ്പെട്ടവർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

2020-21 സാമ്പത്തിക വർഷത്തിൽ ഭൂരഹിത ഭവനരഹിതർക്കായി സംസ്ഥാനത്ത് 103 ഭവനസമുച്ചയങ്ങൾ നിർമ്മിച്ച് നൽകുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഭവനം ഫൗണ്ടേഷനിൽ നിന്ന് 24.82 കോടി രൂപയ്ക്ക് വാങ്ങിയ അടിമാലി ഗ്രാമപഞ്ചായത്തിലെ മച്ചിപ്ലാവ് എന്ന സ്ഥലത്തെ ഭവന സമുച്ചയം ഗുണഭോക്താക്കൾക്ക് കൈമാറി. ഏഴ് നിലകളുള്ള ഈ കെട്ടിടത്തിൽ 460 ച. അടി വിസ്തീർണ്ണമുള്ള 217 ഭവന യൂണിറ്റുകളാണുള്ളത്. ലിഫ്റ്റ് അടക്കം ഒരു ആധുനിക അപ്പാർട്ട്മെന്റിനു വേണ്ട എല്ലാ സൗകര്യങ്ങളും അന്തസ്സാർന്ന സാമൂഹ്യ ജീവിതത്തിനു വേണ്ട പശ്ചാത്തലവും ഇവിടെ ഒരുക്കിയിട്ടുണ്ട്.

പതിനാല് ജില്ലകളിലായി 14 ഭവനസമുച്ചയങ്ങൾക്കും രണ്ട് സുനാമി ഫ്ളാറ്റുകളുടെ അറ്റകുറ്റപ്പണികൾക്കും ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ 12 സമുച്ചയങ്ങളുടെ നിർമ്മാണം ആരംഭിച്ചു. ബാക്കിയുള്ളവയുടെ ടെൻഡർ നടപടികൾ ഉടൻ പൂർത്തിയാവും. സഹകരണവകുപ്പിന്റെ കെയർ ഹോം പദ്ധതിയിലൂടെ പതിനാല് ഭവനസമുച്ചയങ്ങൾ നിർമ്മിക്കും. ഇതിനായുള്ള സ്ഥല പരിശോധനകൾ നടന്നുവരികയാണ്. ഇവയ്ക്കു പുറമെ,






**2016–17 മുതലുള്ള തുടർച്ചയായ നാലു വർഷവും കേന്ദ്ര സർക്കാർ അനുവദിച്ചു തന്ന ലേബർ ബഡ്ജറ്റിനേക്കാൾ കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ച് ശ്രദ്ധേയ നേട്ടം കൈവരിക്കാൻ കേരളത്തിനായി.**

54 ഭവനസമുച്ചയങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾക്കായുള്ള പ്രോജക്ട് കൺസൾട്ടൻസിയെ തെരഞ്ഞെടുത്തു. ടെൻഡർ നടപടികൾ ഉടൻ പൂർത്തിയാവും. വലിയ സമുച്ചയങ്ങൾക്ക് ഭൂമി കണ്ടെത്താനാവാത്ത സ്ഥലങ്ങളിൽ ക്ലസ്റ്റർ വീടുകൾ നിർമിക്കും. ഗുണഭോക്താവിന് മൂന്ന് സെന്റിൽ കുറയാത്ത സ്ഥലം സ്വന്തം നിലയിൽ വാങ്ങാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്ന് തുക ചെലവഴിക്കാൻ അനുമതി നൽകിയിട്ടുണ്ട്. പല തദ്ദേശഭരണ സ്ഥാപനങ്ങളും ഈ ദിശയിൽ ക്രിയാത്മക നടപടികൾ സ്വീകരിച്ചു.

## പണം വരുന്ന വഴി

രാജ്യത്തെ മറ്റൊരു സംസ്ഥാനാവിഷ്കൃതഭവനപദ്ധതിയിലുംകാണാത്ത വിഭവസമാഹരണമാണ് ലൈഫിൽ നടന്നത്. പണമായും നിർമാണസാമഗ്രികളായും മനുഷ്യവിഭവമായും മറ്റ് സർക്കാർ സഹായങ്ങളായും, ലഭ്യമായ എല്ലാ വിഭവസ്രോതസ്സുകളും ഇതിനു വേണ്ടി സംസ്ഥാനം സംയോജിപ്പിച്ചു. കേന്ദ്ര പദ്ധതിയും ലൈഫും സംയോജിപ്പിച്ച 16, 647 വീടുകൾക്ക് പി.എം.എ.വൈ (ഗ്രാമീൺ) സഹായം ലഭിച്ചു, 119. 39 കോടി രൂപ. സംസ്ഥാനം കണ്ടെത്തിയ 544.70 കോടി രൂപ കൂടി ചേർത്ത് ഇവർക്കും നാലു ലക്ഷം രൂപ വീതം ലഭ്യമാക്കി. പട്ടികവർഗകുടുംബങ്ങൾക്ക് രണ്ടു ലക്ഷം കൂടി ചേർത്ത് 6 ലക്ഷം വീതമാണ് നൽകിയത്. പി.എം.എ.വൈ (നഗരം)-ലൈഫ് പദ്ധതിയിൽ 48, 445 വീടുകൾ പൂർത്തീകരിച്ചു. ഇതിന് പി.എം.എ.വൈ. വിഹിതമായി 762.25 കോടി രൂപ ലഭിച്ചു. വീടൊന്നിന് 1.5 ലക്ഷം വീതം. സംസ്ഥാന സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് പ്ലാൻ വിഹിതമായും വായ്പയായും 1,497.13 കോടി കണ്ടെത്തി. വീടൊന്നിന് 2.5 ലക്ഷം രൂപ. ഇതിനു പുറമേ ഗ്രാമപഞ്ചായത്തുകളിൽ നിർമിച്ച 74,814 ലൈഫ് വീടുകൾക്കു വേണ്ടി സംസ്ഥാനം 2,975 കോടി രൂപ ചെലവഴിച്ചു. 2019– 20 വർഷാന്ത്യം വരെ 7,544.37 കോടി രൂപയാണ് ലൈഫ് പദ്ധതിയിൽ സർക്കാർ ചെലവഴിച്ചത്. ഇതിൽ 1005.52 കോടി കേന്ദ്ര സർക്കാർ വിഹിതം. 1,812.7 കോടി സംസ്ഥാന സർക്കാരിന്റെ വിഹിതം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം 2,231.15 കോടി. ഹഡ്കോ വായ്പ 2,460 കോടി. കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ സാമൂഹ്യ ഉത്തരവാദിത്ത ഫണ്ടിൽ നിന്ന് 12 കോടി. 5,731.67 കോടി രൂപ സംസ്ഥാന സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് വിവിധ സ്രോതസുകളിൽ നിന്ന് കണ്ടെത്തി.

## മറ്റെവിടെയും ഇല്ലാത്തത്

ഭൂരഹിതരും ഭവനരഹിതരുമടക്കമുള്ള ദരിദ്ര, ദുർബല വിഭാഗങ്ങൾക്ക് നൽകുന്ന സഹായങ്ങൾ അവരെ പൊതുസമൂഹത്തിൽ നിന്ന് വേർപെടുത്തരുതെന്ന കാഴ്ചപ്പാട് സർക്കാരിനുണ്ട്. സർക്കാരിന്റെ സഹായത്തോടെ നിർമിച്ചതാണെന്ന് വീടിന്റെ മുൻ ചുവരിൽ എഴുതി വയ്ക്കണമെന്ന കേന്ദ്ര ഭവനപദ്ധതികളുടെ നിബന്ധന ലൈഫിൽ വേണ്ടെന്നു വച്ചത് യാദൃച്ഛികമല്ല.

മറ്റിടങ്ങളിൽ നിന്ന് വ്യത്യസ്തമായി, ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകിയതിനു ശേഷം കൈ കഴുകി പിൻമാറുക എന്നതല്ല ലൈഫ് പദ്ധതിയുടെ സമീപനം. ഗുണഭോക്താക്കൾക്ക് പെയിന്റ്, സിമന്റ്, ഇലക്ട്രിക്കൽ ഉപകരണങ്ങൾ, വയറിംഗ് ഉപകരണങ്ങൾ, സാനിട്ടറി ഉപകരണങ്ങൾ, വാട്ടർ ടാങ്ക് തുടങ്ങിയ നിർമ്മാണസാമഗ്രികൾ വിലക്കുറവിൽ ലഭ്യമാക്കുന്നതിനുള്ള സൗകര്യം സർക്കാർ ഒരുക്കിയിട്ടുണ്ട്. ലെഗ്രാന്റ്, നേരോലാക്ക്, വിപ്രോ, മലബാർ സിമന്റ്, ജീറ്റ്, സ്റ്റാർ പൈപ്പ്സ്, വീ ഗാർഡ്, ഹൈക്കൗണ്ട്, ഏഷ്യൻ പെയിന്റ്, സെറ, ബോണ്ട്ടൺ കേബിൾസ്, പ്യാരിവെയർ തുടങ്ങിയ പ്രമുഖ കമ്പനികൾ ഇതിൽ സഹകരിക്കുന്നു. ലൈഫ്

ഗുണഭോക്താക്കൾക്ക് തിരിച്ചറിയൽ രേഖ ഹാജരാക്കി ഡീലർമാരിൽ നിന്ന് വിലക്കുറവിൽ സാധനങ്ങൾ വാങ്ങാം.

## സമഗ്ര സമീപനം

അടിമാലി ഭവനസമുച്ചയത്തിലെ ആധുനിക സൗകര്യങ്ങൾ ലൈഫ് പദ്ധതിയുടെ സമഗ്ര സമീപനത്തിന്റെ തെളിവായി കാണാം. പതിനാല് തുമ്പൂർമുഴി മോഡൽ കമ്പോസ്റ്റ് പ്ലാന്റുകൾ, വാഷിംഗ് ഏരിയ എന്നിവയടക്കം ഇവിടെ സജ്ജീകരിച്ചിട്ടുണ്ട്. ആരോഗ്യ സബ്സെന്റർ, കുടുംബശ്രീയുടെ ജെൻഡർ ഹെൽപ് ഡെസ്ക്, ശിശുക്ഷേമ സമിതിയുടെ നേതൃത്വത്തിലുള്ള ക്രഷ്, യൂത്ത് ക്ലബ്, കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങൾക്കുള്ള ജൻഡർ ക്ലബ്, കുടുംബശ്രീ അയൽക്കൂട്ടം, റസിഡൻസ് അസോസിയേഷൻ തുടങ്ങിയ എല്ലാ സാമൂഹ്യ ജീവിത സൗകര്യങ്ങളും തികഞ്ഞ ഒരു ഫ്ളാറ്റ് സമുച്ചയം സംസ്ഥാനത്തിത് ആദ്യത്തേതായിരിക്കും.




രണ്ട് ലക്ഷം ലൈഫ് വീടുകൾ പൂർത്തീകരിച്ചതിന്റെ പ്രഖ്യാപനം 2020 ഫെബ്രുവരി 29 ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. ഇതിനു മുന്നോടിയായി, ബ്ലോക്ക്/നഗരസഭ/ കോർപ്പറേഷൻ തലത്തിലും ജില്ലാതലത്തിലും നടന്ന ഗുണഭോക്തൃസംഗമങ്ങളും അദാലത്തുകളും പതിനായിരങ്ങൾ പങ്കെടുത്ത വികസനോത്സവങ്ങളായി. ഗുണഭോക്താക്കൾക്ക് വിവിധ വകുപ്പുകളുടെ സേവനം ഒരു കുടക്കീഴിൽ ലഭ്യമാക്കിയ അദാലത്തുകളിൽ കാൽ ലക്ഷത്തിലധികം അപേക്ഷകളിൽ തീർപ്പുണ്ടാക്കി.

## തൊഴിലുറപ്പു പദ്ധതിയിലും നേട്ടം തുടർക്കഥ

രണ്ടു വട്ടം കേന്ദ്ര ഭരണത്തിലിരുന്ന ദേശീയ പുരോഗമന സഖ്യം (യുപിഎ) അതിന്റെ ഒന്നാം ഭരണ കാലയളവിൽ പൊതു മിനിമം പരിപാടിയിൽ ഉൾപ്പെടുത്തി കൈക്കൊണ്ട ജനക്ഷേമ നടപടികളിൽ പ്രധാനമാണ് ദേശീയ തൊഴിലുറപ്പ് നിയമം. വ്യത്യസ്ത കാഴ്ചപ്പാടുകൾ പുലർത്തുന്ന രാഷ്ട്രീയ പാർട്ടികൾ വിശാല ദേശീയ താൽപര്യം മുൻനിർത്തി ഒരുമിച്ചു നിന്നപ്പോൾ രൂപപ്പെട്ട സമവായത്തിൽ നിന്ന് ലോകത്തിലെ ഏറ്റവും കൂടുതൽ ആളുകളുടെ പങ്കാളിത്തമുള്ള മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പിറന്നു. അവിദഗ്ദ്ധ കായിക തൊഴിൽ ചെയ്യാൻ തയ്യാറുള്ള ഗ്രാമീണ കുടുംബത്തിന് വർഷത്തിൽ 100 ദിവസത്തെ തൊഴിൽ ഉറപ്പുവരുത്താൻ ലക്ഷ്യമിട്ട ഈ ബൃഹദ് പദ്ധതി ഇന്ന് രാജ്യത്തെ പന്ത്രണ്ട് കോടിയോളം ദരിദ്രകുടുംബങ്ങൾക്ക് ആശ്രയമാണ്. കേരളത്തിലെ പത്ത് ലക്ഷത്തിലധികം കുടുംബങ്ങൾ ഈ പദ്ധതിയെ കാര്യമായി ആശ്രയിക്കുന്നവരാണ്.

## തൊഴിൽ ദിനങ്ങളിൽ റെക്കോർഡ്

2016–17 മുതലുള്ള തുടർച്ചയായ നാലു വർഷവും കേന്ദ്ര സർക്കാർ അനുവദിച്ചു തന്ന ലേബർ ബഡ്ജറ്റിനേക്കാൾ കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ച് ശ്രദ്ധേയ നേട്ടം കൈവരിക്കാൻ കേരളത്തിനായി. യഥാക്രമം ലേബർ ബഡ്ജറ്റിന്റെ 114 ഉം 137 ശതമാനമാണ് ഇതിലെ ആദ്യ രണ്ടു വർഷങ്ങളിൽ കേരളത്തിന്റെ തൊഴിൽ നേട്ടം. പ്രളയ ദുരന്തം നേരിട്ട 2018–19 സാമ്പത്തിക വർഷത്തിൽ ലേബർ ബഡ്ജറ്റിന്റെ 140 ശതമാനം നേടി കേരളം മുന്നിലെത്തി. കേന്ദ്ര ഫണ്ടിന്റെ സിംഹഭാഗവും മാസങ്ങളോളം വൈകിയ 2019–20 ലും സംസ്ഥാനം 114.61 ശതമാനത്തിന്റെ തൊഴിൽ നേട്ടം സ്വന്തമാക്കി. 2016–17ൽ സംസ്ഥാനം 684.62 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു.

2019–20 ൽ അത് 802.30 ലക്ഷമായി ഉയർന്നു. പ്രളയം ദുരന്തം വിതച്ച 2018–19 സാമ്പത്തിക വർഷത്തിൽ 9.75 കോടി തൊഴിൽ ദിനങ്ങളെന്ന ചരിത്രനേട്ടം കേരളം സ്വന്തമാക്കി. ഈ കാലയളവിൽ പരമാവധി കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിനും സർക്കാർ പ്രത്യേക ഊന്നൽ നൽകി. സംസ്ഥാനത്തെ 4,41,174 കുടുംബങ്ങൾ 2018–19 ൽ 100 ദിവസം പൂർത്തിയാക്കി. 2016–17 ൽ ഇത് 1,13,187 ആയിരുന്നു. 2019–20 ൽ 2,51,129 കുടുംബങ്ങൾ 100 ദിവസം തൊഴിൽ ചെയ്തു.

## സുസ്ഥിര ആസ്തികൾക്ക് മുൻഗണന

സംസ്ഥാനത്തിന്റെ വിഭവാടിത്തറ മെച്ചപ്പെടുത്താൻ തൊഴിലുറപ്പു പദ്ധതിയുടെ സഹായം ആവുന്നത്ര പ്രയോജനപ്പെടുത്താനാണ് സർക്കാർ ശ്രമിക്കുന്നത്. സ്ഥായിയായ ആസ്തികളുടെ നിർമ്മാണം, പ്രളയ പുന:സ്ഥാപന പ്രവർത്തനങ്ങൾ, ലൈഫ് ഗുണഭോക്താക്കൾക്കുള്ള ഭവന നിർമ്മാണ സാമഗ്രികളുടെ നിർമാണം എന്നിവയ്ക്ക് പദ്ധതിയിൽ പ്രത്യേക ഊന്നൽ നൽകുന്നു. അങ്കണവാടികൾ, റോഡുകൾ, കുളങ്ങൾ, സാനിട്ടറി കോംപ്ലക്സുകൾ എന്നിവയുടേയും സർക്കാർ സ്കൂളുകളിലെ കളിക്കളങ്ങൾ, പാചകപ്പുര, ഡൈനിങ് ഹാൾ തുടങ്ങിയവയുടേയും നിർമാണത്തിൽ തൊഴിലുറപ്പ് പദ്ധതിയുമായുള്ള സംയോജനം സാധ്യമാക്കുന്നതിൽ ഈ കാലയളവിൽ പുരോഗതിയുണ്ടായി. വ്യക്തിഗത ഗുണഭോക്താക്കൾക്ക് നൽകുന്ന പശുത്തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട് മുതലായവയുടെ നിർമ്മാണത്തിലും

മികച്ച നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

### പ്രളയാഘാതത്തിൽ കൈത്താങ്ങ്

പ്രളയത്തിൽ വരുമാന സ്രോതസ്സ് നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് ഉപജീവനം ഒരുക്കുന്നതിൽ തൊഴിലുറപ്പ് പദ്ധതി പ്രധാന പങ്കു വഹിച്ചു. പ്രളയശേഷം 4.83 ലക്ഷം കുടുംബങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ പുതുതായി പങ്കാളികളായി. 7.63 കോടി തൊഴിൽദിനങ്ങളാണ് പ്രളയശേഷം സംസ്ഥാനത്ത് സൃഷ്ടിച്ചത്. ഇതിലൂടെ 2,679 കോടി രൂപയുടെ വരുമാനം പ്രളയബാധിതരായ ഗ്രാമീണരുടെ കൈകളിലെത്തി. ലൈഫ് ഗുണഭോക്താക്കൾക്ക് 4 ലക്ഷം രൂപയുടെ അടിസ്ഥാന സഹായത്തിനു പുറമേ, 90 ദിവസത്തെ തൊഴിലിന്റെ കൂലിയായി, നിലവിലെ നിരക്കിൽ 24,390 രൂപ കൂടി ലഭിക്കുന്നു. ഭവന നിർമ്മാണ ഗുണഭോക്താക്കൾക്ക് സിമന്റ് കട്ടകൾ മുതലായവ നിർമിച്ചു നൽകുന്ന 587 യൂണിറ്റുകൾ പദ്ധതിയുടെ ഭാഗമായി ആരംഭിച്ചിട്ടുണ്ട്.

### കേരള ട്രൈബൽ പ്ലസും പട്ടികവർഗ റിവോൾവിങ് ഫണ്ടും

കേന്ദ്ര പദ്ധതിയിൽ വിഭാവനം ചെയ്യുന്ന 100 ദിവസത്തിനു പുറമെ, പട്ടികവർഗ കുടുംബങ്ങൾക്ക് നൂറ് അധിക തൊഴിൽ ദിനങ്ങൾ നൽകുന്ന സംസ്ഥാനത്തെ ട്രൈബൽ പ്ലസ് പദ്ധതി ഇന്ത്യയിലെ ഇത്തരത്തിലുള്ള ആദ്യ ഉദ്യമമാണ്. ഇതിനാവശ്യമായ തുക സംസ്ഥാന ബഡ്ജറ്റിൽ നീക്കി വച്ചാണ് കേരളം മാതൃകയായത്. പട്ടികവർഗ കുടുംബങ്ങൾക്ക് അധിക വരുമാനം ഉറപ്പു വരുത്താനും പദ്ധതിയിലെ പട്ടികവർഗ വിഭാഗങ്ങളുടെ പങ്കാളിത്തം മെച്ചപ്പെടുത്താനും ഇത് സഹായിച്ചിട്ടുണ്ട്.

തൊഴിൽ ചെയ്ത് 15 ദിവസത്തിനകം വേതനം ലഭിക്കണമെന്ന പദ്ധതി നിഷ്കർഷ കേന്ദ്രഫണ്ട് ലഭ്യമാകുന്നതിലെ കാലതാമസം മൂലം പാലിക്കപ്പെടാറില്ല. പട്ടികവർഗക്കാരായ തൊഴിലാളികൾക്ക് ഇതുണ്ടാക്കുന്ന ബുദ്ധിമുട്ടിന് പരിഹാരമായി സംസ്ഥാനം ഏർപ്പെടുത്തിയ റിവോൾവിങ് ഫണ്ട് സമ്പ്രദായവും രാജ്യത്തെ മറ്റൊരു സംസ്ഥാനത്തും നിലവിലില്ലാത്തതാണ്.

വയനാട് ജില്ല, പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക് എന്നിവിടങ്ങളിലുമാണ് കുടുംബശ്രീയുടെ സഹായത്തോടെ പദ്ധതി നടപ്പിലാക്കി വരുന്നത്.

### മികവിന് പുരസ്കാരങ്ങളും

തൊഴിലുറപ്പു പദ്ധതിയുടെ നിർവഹണ മികവിന് നിരവധി പുരസ്കാരങ്ങൾ സംസ്ഥാനത്തെ തേടിയെത്തി. മിഷൻ വാട്ടർ കൺസർവേഷൻ പദ്ധതി നടത്തിപ്പിൽ രാജ്യത്ത് ഒന്നാം സ്ഥാനം, സമയബന്ധിത കൂലിവിതരണത്തിൽ മികവിനുള്ള അംഗീകാരം എന്നിവ അതിൽ ചിലത് മാത്രമാണ്. 2018 വർഷം നാല് പ്രധാന ദേശീയ പുരസ്കാരങ്ങൾ സംസ്ഥാനം സ്വന്തമാക്കി. പദ്ധതി നടത്തിപ്പിലെ മികവിന് ആലപ്പുഴ ജില്ലയിലെ ബുധനൂർ ഗ്രാമപഞ്ചായത്തിന് ദേശീയതലത്തിൽ ബഹുമതി ലഭിച്ചതും പ്രത്യേകം പ്രസ്താവ്യമാണ്.

മീനന്തലയാർ - കോടൂരാർ എന്നിവയെ ബന്ധിപ്പിച്ചിരുന്ന തോടുകൾ പുനരുദ്ധരിച്ച് ഈ നദികളെ പുനരുജ്ജീവിപ്പിച്ചതു പോലുള്ള മികച്ച പ്രവർത്തന മാതൃകകൾ ഈ കാലയളവിൽ നാം സൃഷ്ടിച്ചു. സംസ്ഥാന ഔഷധസസ്യ ബോർഡുമായി ചേർന്ന് 471 പഞ്ചായത്തുകളിൽ നടപ്പിലാക്കിയ ഗൃഹചൈതന്യം പദ്ധതിയിലൂടെ പതിനായിരക്കണക്കിന് വീടുകളിൽ കറിവേപ്പ്, ആര്യവേപ്പ് മുതലായവ വച്ചു പിടിപ്പിച്ചു. നൂറു ദിവസം ജോലി ചെയ്ത കുടുംബങ്ങൾക്ക് 2016-17 മുതൽ മൂന്നു വർഷവും 1000 രൂപ വീതം ഓണസമ്മാനമായി നൽകിയത് തൊഴിലുറപ്പു തൊഴിലാളികളോടുള്ള കരുതലിന്റെ പ്രഖ്യാപനമായി.

### അഞ്ചിരട്ടി നേട്ടവുമായി അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിലും നേട്ടങ്ങളുടെ നാലു വർഷങ്ങളാണ് കടന്നു പോവുന്നത്. പ്രകൃതി വിഭവ പരിപാലനം, അവശ ജനവിഭാഗങ്ങൾക്ക് ഉപജീവന ആസ്തികൾ സൃഷ്ടിക്കൽ, ഭവന നിർമ്മാണം, ഭവനനിർമ്മാണ സാമഗ്രികളുടെ ഉൽപാദനം, മാലിന്യ സംസ്കരണം തുടങ്ങിയ രംഗങ്ങളിൽ അയ്യങ്കാളി

# നാടിന് മാതൃകയായി സുകുമാരൻ വൈദ്യൻ



കാട്ടാക്കട പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ പന്നിയോട് എന്ന സ്ഥലത്ത് പരമ്പരാഗത ആയുർവേദ ചികിത്സ നടത്തുന്ന ശ്രീലക്ഷ്മിയിൽ സുകുമാരൻ വൈദ്യൻ കേരളസർക്കാരിന്റെ സമ്പൂർണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷന് 2.75 ഏക്കർ ഭൂമി സൗജന്യമായി നൽകി. 2020 ജൂൺ 17 ന് രാവിലെ 11.00 മണിക്ക് മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ വച്ച് നടന്ന ചടങ്ങിൽ സുകുമാരൻ വൈദ്യൻ ഭൂമിയുടെ ഇഷ്ടദാനം മുഖ്യമന്ത്രി പിണറായി വിജയന് കൈമാറി. ചടങ്ങിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ, മുൻ മന്ത്രി എ. നീലലോ

ഹിതദാസൻ നാടാർ, ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ യു.വി. ജോസ് ഐ.എ.എസ്, പൂവച്ചൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.രാമചന്ദ്രൻ എന്നിവരും സംബന്ധിച്ചു. പന്നിയോട് വാർഡിലെ കുളവ്പാറയിൽ തന്റെ അമ്മയുടെ ഓർമയ്ക്കായി സ്ഥാപിച്ച ജാനകിമെമ്മോറിയൽ ട്രസ്റ്റിന്റെ പേരിൽ അദ്ദേഹം വാങ്ങിയ ഭൂമിയാണ് പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ പേരിൽ ഇഷ്ടദാനമായി കൈമാറിയത്. ഈ ഭൂമിക്ക് ഏതാണ്ട് മൂന്ന് കോടിയോളം രൂപ വില വരും.

പൂവച്ചൽ ഗ്രാമപഞ്ചായത്തിൽ നിലവിൽ 113 കുടുംബങ്ങൾ സംസ്ഥാന സർക്കാരിന്റെ ലൈഫ് ഭൂരഹിത ഭവനരഹിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇവർക്ക് വീട് വയ്ക്കുന്നതിന് പഞ്ചായത്ത് വക 70 സെന്റ് ഭൂമി നേരത്തെ തന്നെ ലൈഫ് മിഷന് കൈമാറിയിരുന്നു. എന്നാൽ ഈ ഭൂമിയിൽ പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ എല്ലാ ഭൂരഹിത ഭവനരഹിതർക്കുമുള്ള ഭവനസമുച്ചയ നിർമ്മാണം സാധ്യമല്ലാതെ വന്നതിനാൽ ഗ്രാമപഞ്ചായത്ത് ഇദ്ദേഹത്തെ സമീപിക്കുകയായിരുന്നു. തുടർന്നാണ് അദ്ദേഹം സ്വന്തം അധ്വാനത്തിലൂടെ വിലയ്ക്ക് വാങ്ങിയ 2.75 ഏക്കർ ഭൂമി ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി പ്രകാരം വീട് വച്ചു നൽകുന്നതിന് പഞ്ചായത്തിന് സൗജന്യമായി കൈമാറിയത്. ഒട്ടനവധി കാരുണ്യ പ്രവർത്തനങ്ങൾ നടത്തിവരുന്ന ഇദ്ദേഹം പന്നിയോട് ജംഗ്ഷനിൽ ലക്ഷങ്ങൾ മുടക്കി കാത്തിരിപ്പ് കേന്ദ്രം, വായനശാല, ഗ്രന്ഥശാല എന്നിവയും ട്രസ്റ്റിന്റെ പേരിൽ നിർമ്മിച്ച് നൽകിയിട്ടുണ്ട്.

പാരമ്പര്യ ആയുർവേദ വിധി പ്രകാരം നടത്തുന്ന ഹൃദ്രോഗചികിത്സയിൽ പ്രശസ്തനാണ് സുകുമാരൻ വൈദ്യൻ. ദിവസവും മുന്നൂറിലേറെ പേരാണ് ഇദ്ദേഹത്തിന്റെ ചികിത്സ തേടി ഇവിടെ എത്താറുള്ളത്. ചികിത്സയ്ക്ക് ആരുടെ കൈയിൽ നിന്നും ഇദ്ദേഹം ഫീസ് ഈടാക്കാറില്ല.

ന്ന്, ശ്രദ്ധേയമായ സാമൂഹ്യ വികസന ഇടപെടലായി അയ്യങ്കാളി നഗര തൊഴിലുറപ്പു പദ്ധതി വളർന്നിരിക്കുന്നു.

## സംയോജനത്തിന്റെ അനന്ത സാധ്യതകൾ

കൊറോണ വ്യാപനം സൃഷ്ടിച്ച പ്രതിസന്ധിയുടെ സാഹചര്യത്തിൽ പതറാതെ, അതിനെ ക്രിയാത്മകമായി ഉപയോഗപ്പെടുത്തി സാമൂഹ്യ വികസനത്തിന്റെ മുൻഗണനകൾക്ക് തിളക്കമേറ്റുകയാണ് സംസ്ഥാന സർക്കാരും കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളും. കേരളത്തിന്റെ വികസന ചരിത്രത്തിൽ നാഴികക്കല്ലാവാനൊരുങ്ങുന്ന സുഭിക്ഷ കേരളം പദ്ധതി വിജയമാക്കുന്നതിൽ തൊഴിലുറപ്പു പദ്ധതികൾക്ക് പ്രധാന പങ്ക് വഹിക്കാനാവും. ഒരു വർഷം കൊണ്ട് 3,860 കോടി രൂപ ചെലവഴിച്ച് 25,000 ഹെക്ടർ തരിശുനിലത്ത് കൃഷിയിറക്കാനും, സംയോജിത കൃഷിയുടെയും അനുബന്ധ മേഖലകളുടെയും പ്രോത്സാഹനത്തിലൂടെ ജനങ്ങളുടെ ജീവനോപാധികൾ മെച്ചപ്പെടുത്താനുമാണ് സർക്കാർ

> **കേരളത്തിന്റെ വികസന ചരിത്രത്തിൽ നാഴികക്കല്ലാവാനൊരുങ്ങുന്ന സുഭിക്ഷ കേരളം പദ്ധതി വിജയമാക്കുന്നതിൽ തൊഴിലുറപ്പു പദ്ധതികൾക്ക് പ്രധാന പങ്ക് വഹിക്കാനാവും.**

പദ്ധതിയിലൂടെ ശ്രദ്ധേയ ഇടപെടൽ നടത്തി.

2015-16 സാമ്പത്തിക വർഷം വരെ പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾ അകന്നു പോയ സ്ഥാനത്ത്, തുടർന്നുള്ള വർഷങ്ങളിൽ സംസ്ഥാനത്തെ നഗരമേഖലകളിൽ അയ്യങ്കാളി തൊഴിലുറപ്പു പദ്ധതി സജീവ സാന്നിധ്യമായി. 2018-19 സാമ്പത്തികവർഷം 1,225 കുടുംബങ്ങൾക്കും 2019-20 ൽ 2,871 കുടുംബങ്ങൾക്കും 100 ദിവസം തൊഴിൽ നൽകാൻ സാധിച്ചു. 2019-20 സാമ്പത്തിക വർഷം മുതൽ ക്ഷീര കർഷകരേയും പദ്ധതിയുടെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിട്ടുണ്ട്. രണ്ടിൽ കൂടുതൽ കന്നുകാലി ഉള്ളവരും ദിവസം 10 ലിറ്ററെങ്കിലും പാൽ ക്ഷീര സഹകരണ സംഘത്തിന് നൽകുന്നവരുമായ ക്ഷീരകർഷകർക്ക് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വേതനം നൽകുന്നു. ലൈഫ് പദ്ധതി ഗുണഭോക്താക്കൾക്ക് 90 ദിവസത്തെ തൊഴിൽ ഉറപ്പാക്കിക്കൊണ്ട് അധിക ധനസഹായം നൽകി.

സംസ്ഥാന ബഡ്ജറ്റിൽ 2015-16 സാമ്പത്തികവർഷം അയ്യങ്കാളി പദ്ധതിയ്ക്കായി 15 കോടിരൂപയാണ് അനുവദിച്ച് നൽകിയത്. 2019-20 സാമ്പത്തിക വർഷത്തോടെ അത് അഞ്ച് മടങ്ങ് കണ്ട് വർദ്ധിപ്പിച്ച് 75 കോടി രൂപയാക്കി. 2015-16 ൽ 7.48 കോടി രൂപ ചെലവഴിച്ച സ്ഥാനത്ത്, 2018-19 സാമ്പത്തിക വർഷം അത് 45.97 കോടിയായി ഉയർന്നു. 2019-20 വർഷം 64.95 കോടിരൂപ പദ്ധതിക്കായി ചെലവഴിച്ചു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ അനുകരണമെന്ന നിലയിൽ നിന്ന്

ലക്ഷ്യം വയ്ക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മുൻകൈയിൽ തരിശുനിലങ്ങൾ കണ്ടെത്തി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നെല്ല്, പച്ചക്കറി, വാഴ, കിഴങ്ങ് വർഗങ്ങൾ, പയർ വർഗങ്ങൾ, ചെറുധാന്യങ്ങൾ എന്നിവ കൃഷി ചെയ്യും. സംയോജിത കൃഷിയിലൂടെ, കന്നുകാലി സമ്പത്തും മൽസ്യ സമ്പത്തും വർധിപ്പിക്കും. മൂല്യവർധിത ഉൽപ്പന്നങ്ങളുടെ നിർമാണവും പ്രോത്സാഹിപ്പിക്കും. മാംസം, മുട്ട ഇവയുടെ ഉൽപ്പാദനത്തിനും പ്രാധാന്യം നൽകും. തൊഴിലുറപ്പു പദ്ധതിയുടെ സാധ്യതകൾ ഭാവനാപൂർണമായി ഉപയോഗപ്പെടുത്തിയാൽ ഈ ദിശയിലുള്ള മാറ്റത്തിന് അത് മുതൽക്കൂട്ടാവും. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇനിയുള്ള ആഴ്ചകളിലെ പരിശ്രമം അതിനാവട്ടെ.●



# ജീവനും ജീവിതവും നൽകി ലൈഫ് മിഷൻ പ്രയാണം തുടരുന്നു

യു.വി.ജോസ് ഐ.എ.എസ്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ലൈഫ് മിഷൻ

കേരളത്തിന്റെ സമഗ്ര വികസനവും ദുരിതബാധിതർക്കുള്ള സത്വരക്ഷേമ നടപടികളും ഉൾപ്പെടുന്ന ബഹുമുഖ പദ്ധതിയായ നവകേരള മിഷനിലെ പ്രധാന പദ്ധതിയാണ് ലൈഫ് മിഷൻ. മൂന്നു ഘട്ടങ്ങളായാണ് ലൈഫ് മിഷൻ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഒന്നാംഘട്ടത്തിൽ 2000-01 മുതൽ 2015-16 സാമ്പത്തിക വർഷം വരെ വിവിധ സർക്കാർ ഭവനനിർമ്മാണ പദ്ധതികൾ പ്രകാരം ധനസഹായം കിട്ടിയിട്ടും പല കാരണങ്ങളാൽ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാതിരുന്ന കുടുംബങ്ങളുടെ വീടുകൾ പൂർത്തീകരിക്കുക എന്നതായിരുന്നു ലൈഫ് മിഷൻ ഏറ്റെടുത്ത ദൗത്യം. ലൈഫ് രണ്ടാംഘട്ടത്തിൽ ഭൂമിയുള്ള ഭവനരഹിതരുടെ ഭവനനിർമ്മാണവും മൂന്നാംഘട്ടത്തിൽ ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസവുമാണ് ലക്ഷ്യം. കൂടാതെ ലൈഫ് രണ്ടും മൂന്നും ഘട്ട ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാതെ പോയിട്ടുള്ള അർഹരായ ഗുണഭോക്താക്കളുടെ പുതിയ ഒരു പട്ടിക തയ്യാറാക്കുന്നതിനും മിഷൻ തീരുമാനിച്ചിട്ടുണ്ട്.

ഒന്നാംഘട്ടത്തിൽ ഉൾപ്പെട്ടിരുന്ന





**കേരളത്തിലെ ഭവനരഹിതർക്ക് ശാശ്വതമായ പരിഹാരമെന്ന നിലയിൽ 2017 ൽ ലൈഫ് മിഷന് തുടക്കമിടുമ്പോൾ വെറുമൊരു ഭവന നിർമ്മാണ പദ്ധതിയെന്ന നിലയ്ക്കല്ല സർക്കാർ ലൈഫ് ഭവന പദ്ധതി കൊണ്ട് ഉദ്ദേശിച്ചത്. മറിച്ച് സമഗ്രവും സമ്പൂർണവുമായ ഒരു പാർപ്പിട പദ്ധതിയായാണ് ലക്ഷ്യമിട്ടത്.**

54,167 വീടുകളിൽ 52,098 വീടുകൾ നിർമ്മിച്ചുകഴിഞ്ഞു. ഒന്നാം ഘട്ടത്തിനായി സംസ്ഥാന സർക്കാർ ഇതുവരെ 671 കോടിയോളം രൂപ ചെലവഴിച്ചു. രണ്ടാംഘട്ടത്തിൽ1,02,476ഗുണഭോക്താക്കളെ അർഹരായി കണ്ടെത്തുകയും അവരിൽ 95,136 ഗുണഭോക്താക്കൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടുകയും 77,424 (81.38%) ഗുണഭോക്താക്കൾ ഇതുവരെ വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു.

ലൈഫ് മിഷനിലൂടെ നടപ്പിലാക്കുന്ന ഭവനനിർമ്മാണങ്ങൾക്കു പുറമെ ലൈഫ് പി.എം.എ.വൈ (അർബൻ) പദ്ധതി പ്രകാരം 77,543 ഗുണഭോക്താക്കൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടുകയും അതിൽ 48,446 വീടുകൾ പൂർത്തീകരിക്കുകയും ലൈഫ് പി.എം.എ.വൈ (റൂറൽ) പദ്ധതി പ്രകാരം 17,583 ഗുണഭോക്താക്കൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടുകയും അവരിൽ 16,703 ഗുണഭോക്താക്കൾ ഇതുവരെ വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. ലൈഫ് രണ്ടാം ഘട്ടത്തിനായി സംസ്ഥാന സർക്കാർ ഇതുവരെ ചെലവഴിച്ചത് 6382.47 കോടി രൂപയാണ്. ഇതുകൂടാതെ, മറ്റു വകുപ്പുകൾ തുടങ്ങിവച്ച ഭവനനിർമ്മാണ പദ്ധതികളും പൂർത്തീകരിച്ചുവരുന്നു. പട്ടികജാതി വകുപ്പിനു കീഴിൽ 19,018 വീടുകളും പട്ടികവർഗ വകുപ്പിനു കീഴിൽ 1745 വീടുകളും പൂർത്തീകരിച്ചു. ഫിഷറീസ് വകുപ്പിനു കീഴിൽ പൂർത്തീകരിച്ച വീടുകളുടെ എണ്ണം 3734 ആണ്. ഈ മൂന്ന് വകുപ്പുകൾക്കുമായി ഭവന നിർമ്മാണത്തിനായി സർക്കാർ ഇതുവരെ ചെലവഴിച്ചത് 937.81 കോടി രൂപയാണ്. ഇവയെല്ലാം ചേർത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ പൂർത്തിയാക്കിയത് 2,19,168 വീടുകളും ഇതിനായി ചെലവഴിച്ചത് 8022.28 കോടി രൂപയുമാണ്.

ലൈഫ് മൂന്നാം ഘട്ടത്തിൽ 1,06,925 ഗുണഭോക്താക്കളെ അർഹരായി കണ്ടെത്തി. മൂന്നാംഘട്ടത്തിൽ ഭവനസമുച്ചയങ്ങൾ/വീടുകൾ ഗുണഭോക്താക്കൾക്ക് നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. പ്രീഫാബ് സാങ്കേതികവിദ്യയുപയോഗിച്ചുള്ള 101 ഭവന സമുച്ചയങ്ങളാണ് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്. ലൈഫ് മൂന്നാം ഘട്ടത്തിനായി സർക്കാർ ഇതുവരെ ചെലവാക്കിയത് 31 കോടി രൂപയാണ്. 448 കോടിരൂപയുടെ സമുച്ചയ പദ്ധതികൾക്കു ഭരണാനുമതിയും നിലവിൽ ലഭിച്ചിട്ടുണ്ട്.

കേരളത്തിലെ ഭവനരഹിതർക്ക് ശാശ്വതമായ പരിഹാരമെന്ന നിലയിൽ 2017 ൽ ലൈഫ് മിഷന് തുടക്കമിടുമ്പോൾ വെറുമൊരു ഭവന നിർമ്മാണ പദ്ധതിയെന്ന നിലയ്ക്കല്ല സർക്കാർ ലൈഫ് ഭവന പദ്ധതി കൊണ്ട് ഉദ്ദേശിച്ചത്. മറിച്ച് സമഗ്രവും സമ്പൂർണവുമായ ഒരു പാർപ്പിട പദ്ധതിയായാണ് ലക്ഷ്യമിട്ടത്. അതായത്, വീട് ലഭിച്ചതു കൊണ്ടു മാത്രം ഒരു കുടുംബത്തിന് അന്തസ്സുള്ള ജീവിതം കെട്ടിപ്പടുക്കാൻ കഴിയില്ല. മികച്ച വിദ്യാഭ്യാസവും തൊഴിലും ജീവിത സാഹചര്യങ്ങളും ആവശ്യമാണ്. അതുകൊണ്ടുതന്നെ ലൈഫ് എന്ന വാക്ക് അർത്ഥമാക്കുന്നതു പോലെ ജീവിതമാണ് ലൈഫ് മിഷൻ അതിന്റെ ഗുണഭോക്താക്കൾക്ക് നൽകാൻ ശ്രമിച്ചിട്ടുള്ളത്. വീടിന്റെ താക്കോൽ കൈമാറുന്നതോടെ കഴിയുന്നതല്ല ലൈഫിന്റെ സേവനം. ഗുണഭോക്താക്കൾക്ക് തുടർന്നുള്ള ജീവിതത്തിന് വിളക്കായും മിഷൻ പരമാവധി കാര്യങ്ങൾ ചെയ്യുന്നു. ഇതിന്റെ ഭാഗമായാണ് സംസ്ഥാനത്തുടനീളം ലൈഫ് ഗുണഭോക്താക്കളുടെ കുടുംബസംഗമവും അദാലത്തും സംഘടിപ്പിച്ചത്. ഇത് വഴി ലൈഫ് ഗുണഭോക്താക്കൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ ക്ഷേമപദ്ധതികളും സേവനങ്ങളും ലഭ്യമാക്കുകയുണ്ടായി. വിവിധ സർക്കാർ വകുപ്പുകളുടെ സേവനം ഒന്നിച്ച് ഒരു കുടക്കീഴിൽ ലഭ്യമാക്കി ഗുണഭോക്താക്കൾക്ക് മുൻപോട്ടുള്ള ജീവിതം പ്ലാൻ ചെയ്യാനും രൂപപ്പെടുത്താനും സഹായിച്ചു. 20 സർക്കാർ വകുപ്പുകളുടെ സേവനമാണ് ഒറ്റ ദിവസത്തിൽ ലഭ്യമാക്കിയത്. റേഷൻ കാർഡ്, ആധാർ കാർഡ് എന്നിവയ്ക്കുള്ള അപേക്ഷ മുതൽ വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, സ്വയം തൊഴിൽ, ബാങ്ക് അക്കൗണ്ട്, വായ്പകൾ തുടങ്ങി നിരവധിയായ സേവനങ്ങൾ അദാലത്തിലൂടെ



ഗുണഭോക്താക്കൾക്ക് ലഭിച്ചു. ഒരു മണിക്കൂറിൽ റേഷൻ കാർഡ് ലഭ്യമാക്കിയ സ്ഥലങ്ങളുമുണ്ട്.

ലൈഫ് പദ്ധതിയുടെ ഒരു പ്രധാന പ്രത്യേകത ലൈഫ് മിഷൻ രൂപീകരിച്ച് നാളിതുവരെയ്ക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലോ അർഹതാ നിർണ്ണയത്തിലോ യാതൊരുവിധ വിമർശനങ്ങളും കേൾക്കേണ്ടിവന്നിട്ടില്ല എന്നതാണ്. കൃത്യമായ മാനദണ്ഡങ്ങളും നടപടിക്രമങ്ങളുമാണ് മിഷൻ സ്വീകരിച്ചത്. ഇത് വഴി ഏറ്റവും അർഹരായവരെത്തന്നെ കണ്ടെത്തുന്നതിന് കഴിഞ്ഞു. ഭവനരഹിതരിൽത്തന്നെ ഏറ്റവും പ്രയാസം നേരിടുന്നവർ, ദുർബലർ, വിധവകൾ എന്നിവർക്ക് പ്രഥമ പരിഗണന നൽകി വളരെ സൂക്ഷ്മമായാണ് അർഹതാപ്പട്ടിക തയ്യാറാക്കിയത്. പ്രാരംഭഘട്ടത്തിൽ കുടുംബശ്രീ തയ്യാറാക്കിയ ലിസ്റ്റിലുള്ള ഗ്രാമസഭകളിലും പഞ്ചായത്തുതലത്തിലും അപേക്ഷകരുടെ രേഖകൾ സുതാര്യമായും സൂക്ഷ്മമായും പരിശോധിച്ച് മാത്രമാണ് അർഹരെ കണ്ടെത്തിയത്. അതിനാൽ അർഹരായവരെ മാറ്റി നിർത്തി അ




**സർക്കാരിന്റെ ഗ്രീൻ പ്രോട്ടോക്കോൾ നയവുമായി ചേർന്നു നിൽക്കാനും ലൈഫ് മിഷൻ ശ്രമിക്കുന്നു. പ്രളയവും ഉരുൾപൊട്ടലും ആവർത്തിക്കുന്ന കേരളത്തിലെ പുതിയ സാഹചര്യം പരിഗണിച്ച് കെട്ടിട നിർമ്മാണ രീതിയിൽ ഒരു പൊളിച്ചെഴുത്തിന് ലൈഫ് മൂന്നാം ഘട്ടത്തിലൂടെ സർക്കാർ തുടക്കമിട്ടിരിക്കുകയാണ്.**



*ജോൺ ചാണ്ടി, പള്ളിവാസൽ എസ്റ്റേറ്റ്*

നർഹർ പട്ടികയിൽ ഇടം പിടിക്കുന്നതു പോലെയുള്ള സാഹചര്യങ്ങൾ ഉണ്ടായില്ല.

സുതാര്യവും ലളിതവുമായ നടപടിക്രമങ്ങളാണ് ലൈഫിന്റെ മൂന്നുഘട്ടത്തിലും കൈക്കൊണ്ടിട്ടുള്ളത്. സർക്കാർ സേവനം നേടിയെടുക്കുന്നത് ബാലികേറാമലയല്ല എന്ന് ലൈഫിന്റെ ഗുണഭോക്താക്കൾ തിരിച്ചറിഞ്ഞ അവസരം കൂടിയായിരിക്കും ഇത്. മിഷന്റെ രണ്ട് ലക്ഷത്തിലധികം വരുന്ന ഗുണഭോക്താക്കളോട് ചോദിച്ചാൽ കഴിയുന്നതിന്റെ അങ്ങേയറ്റം സുതാര്യമായും ലളിതമായുമാണ് ഓരോ നടപടിക്രമങ്ങളും പൂർത്തീകരിക്കാൻ കഴിഞ്ഞതെന്ന് അവർ പറയും. സാധാരണ ഭവന പദ്ധതികളുടേതു പോലെയുള്ള സങ്കീർണ്ണമായ പ്രക്രിയകൾ ലൈഫ് സ്വീകരിച്ചില്ല. അങ്ങേയറ്റം ലളിതമായിരുന്നു ഓരോ പ്രക്രിയയും. ഓരോ ഘട്ട നിർമാണം പൂർത്തിയാക്കി, അത് പരിശോധിച്ച് വിലയിരുത്തിയ ശേഷം ഓരോ ഗഡുക്കളായി നൽകുകയല്ല ലൈഫിന്റെ രീതി. നിർമാണം ആരംഭിക്കാനുള്ള പണം ആദ്യം അഡ്വാൻസായി നൽകുന്നതായിരുന്നു ലൈഫ് പിന്തുടർന്ന രീതി.

ആരും ഒറ്റയ്ക്കല്ല, സർക്കാർ ഒപ്പമുണ്ടെന്ന ധൈര്യം ലൈഫ് ഗുണഭോക്താക്കൾ അനുഭവിച്ചറിഞ്ഞുകാണും. മുൻപോട്ടു പോകാൻ കഴിയാതെ നിൽക്കുന്നുവെന്നു തോന്നിയ ഓരോ ഘട്ടത്തിലും സർക്കാർ കൂടെയുണ്ടായിരുന്നു. ധനസഹായം കൂടാതെ, വീട് നിർമാണ സാമഗ്രികൾ 20 മുതൽ 60 ശതമാനം വരെ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കൽ, വീട് നിർമാണ ജോലികൾക്കായി 90 തൊഴിലുറപ്പ് ദിനങ്ങൾ ഉറപ്പാക്കൽ, കലവറയിൽ നിന്ന് നിർമാണ സാധനങ്ങൾ ലഭ്യമാക്കൽ തുടങ്ങി വീട് നിർമാണം പ്രതിസന്ധിയിലാവാതെ പൂർത്തീകരണത്തിന്റെ ഓരോ ഘട്ടത്തിലും സർക്കാർ കൂടെയുണ്ടെന്ന ധൈര്യം ഗുണഭോക്താക്കളെ സ്വന്തം ഭവനമെന്ന അവരുടെ സ്വപ്നം സാക്ഷാത്ക്കരിക്കാൻ സഹായിച്ചു.

എല്ലാവർക്കും പങ്കാളിത്തമുള്ള ഒരു പദ്ധതിയായിട്ടാണ് ലൈഫ് മിഷൻ പ്രവർത്തനങ്ങൾ നടക്കുന്നത്. ഈ പദ്ധതിക്ക് ഒരു സിംഗിൾ ഉടമസ്ഥതയില്ലെന്നതാണ് ഇതിന്റെ വിജയ രഹസ്യം. ഇത് സംസ്ഥാന സർക്കാരിന്റെ പ്രോജക്ടാണോ എന്നു ചോദിച്ചാൽ അതെ എന്നു പറയാം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടാണോ, ലൈഫ് മിഷൻ എന്ന സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ളതാണോ എന്നു ചോദിച്ചാലും അതെ എന്നു പറയാം. പദ്ധതിയുടെ നടത്തിപ്പോ വിജയമോ ഒരാളുടെയോ ഒരു സ്ഥാപനത്തിന്റെയോ മാത്രം ഉടമസ്ഥതയോ ഉത്തരവാദിത്തമോ അല്ല. കൂട്ടായ പ്രവർത്തനവും കൂട്ടുത്തരവാദിത്തവുമാണ് ലൈഫ് മിഷന്റെ വിജയത്തിനു പ്രധാന കാരണം.

മനുഷ്യരിലെ നന്മയെ പരമാവധി പ്രയോജനപ്പെടുത്തുന്ന തരത്തിലാണ് മിഷൻ പ്രവർത്തനങ്ങൾ ഡിസൈൻ ചെയ്തിരിക്കുന്നത്. സന്നദ്ധ സംഘടനകൾക്കോ, കൂട്ടായ്മകൾക്കോ, വ്യക്തികൾക്കോ, വിദ്യാർത്ഥികൾക്കോ ഒക്കെ ഗുണഭോക്താക്കളെ നേരിട്ടു സ

# ജീവിതങ്ങൾ തുന്നിച്ചേർത്ത് ലൈഫ് കുടുംബസംഗമം

ലൈഫ് മിഷന്റെ ഒന്നും രണ്ടും ഘട്ടങ്ങളിലായി രണ്ട് ലക്ഷം വീടുകളാണ് ജനുവരിയോടെ പൂർത്തിയായത്. എന്നാൽ പാർപ്പിടം ലഭിച്ചതുകൊണ്ടു മാത്രം ഒരു കുടുംബത്തിന് അന്തസ്സുള്ള ജീവിതം സാധ്യമാകണമെന്നില്ല. മികച്ച വിദ്യാഭ്യാസവും തൊഴിലും ജീവിത സാഹചര്യങ്ങളും ആവശ്യമാണ്. അതെ, പാർപ്പിടം മാത്രമല്ല ലൈഫ് മിഷൻ സാധ്യമാക്കുന്നത്. ലൈഫ് എന്ന വാക്ക് സൂചിപ്പിക്കുന്നതു പോലെ ജീവിതം തന്നെയാണ് ലൈഫ് മിഷൻ അതിന്റെ ഗുണഭോക്താക്കൾക്ക് നൽകുന്നത്.

ലൈഫ് മിഷൻ പദ്ധതിയിലൂടെ വീടുകൾ ലഭിച്ചവർക്ക് തുടർ ജീവിതത്തിന് സാമൂഹ്യവും തൊഴിൽപരവുമായ പിന്തുണ ആവശ്യമാണ്. ഇവർക്ക് മെച്ചപ്പെട്ട ജീവിതം നയിക്കാനും സമൂഹത്തിന്റെ മുൻനിരയിലേക്ക് വരാനും സഹായമാകുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാനത്തുടനീളം ലൈഫ് ഗുണഭോക്താക്കളുടെ കുടുംബസംഗമവും അദാലത്തും സംഘടിപ്പിച്ചത്. വിവിധ സർക്കാർ വകുപ്പുകളുടെ സേവനം ഒരു കുടക്കീഴിൽ ലഭ്യമാക്കി സംഘടിപ്പിച്ച അദാലത്ത് ഗുണഭോക്താക്കൾക്ക് മുന്നോട്ടുള്ള ജീവിതഗതി നിർണയിക്കാൻ സഹായകമായി.

20 സർക്കാർ വകുപ്പുകളുടെ സേവനമാണ് ഇതിനായി ഉപയോഗിച്ചത്. വീടിന്റെ പട്ടയത്തിനുള്ള അപേക്ഷ, ആധാർ കാർഡ്, റേഷൻ കാർഡ് പോലെയുള്ള അടിയന്തര രേഖകൾക്കുള്ള അപേക്ഷകൾ, തൊഴിൽ പരിശീലനത്തിനും സ്വയം തൊഴിൽ സംരംഭങ്ങൾക്കുമുള്ള വിവരങ്ങളും പിന്തുണയും, ആവശ്യക്കാർക്ക് തൊഴിലുറപ്പ് പദ്ധതിയിൽ 90 തൊഴിൽ ദിനങ്ങൾ ഉറപ്പാക്കൽ, വിവിധതരം കൃഷികൾ, വ്യവസായ സംരംഭങ്ങൾ എന്നിവ പരിചയപ്പെടുത്തൽ, കുടുംബശ്രീ സേവനങ്ങൾ, ബാങ്ക് അക്കൗണ്ട് തുടങ്ങാനുള്ള സേവനങ്ങൾ, വിവിധ പെൻഷൻ പദ്ധതി സേവനങ്ങൾ തുടങ്ങി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകുന്ന വിവിധ ക്ഷേമ പദ്ധതികളുടെ പ്രയോജനം ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് ഒരു കുടക്കീഴിൽ ലഭ്യമാക്കാൻ കുടുംബസംഗമത്തിന് സാധിച്ചു.





ആന്റണി മാർട്ടിൻ, ചിത്തിരപുരം പള്ളിവാസൽ പഞ്ചായത്ത്



ജാസ്മിൻ സലീം, കുമിളി ഗ്രാമപഞ്ചായത്ത്

ഹായിക്കാനും നിർമാണ പ്രവർത്തനങ്ങളിൽ ഭാഗഭാക്കാകാനും ഈ പദ്ധതി അവസരം നൽകുന്നു. സംസ്ഥാനത്തുടനീളം നന്മയുള്ള മനുഷ്യരുടെ ചെറുതും വലുതുമായ സഹായങ്ങൾ മിഷന് മുതൽക്കൂട്ടായി. കടയ്ക്കലിൽ പാർപ്പിടസമുച്ചയം നിർമിക്കാൻ ഒരേക്കർ ഭൂമി വാങ്ങി സൗജന്യമായി പഞ്ചായത്തിന് നൽകിയ അബ്ദുള്ളയെ പോലുള്ളവർ തുടങ്ങിവയ്ക്കുന്ന സമൂഹ സഹായ വിപ്ലവം ഏറ്റുപിടിക്കാൻ സന്നദ്ധരായി നന്മയുള്ള ഹൃദയങ്ങൾ ഇനിയും മുന്നോട്ടുവരുമെന്ന പ്രതീക്ഷയിലാണ് സർക്കാർ.

സർക്കാരിന്റെ ഗ്രീൻ പ്രോട്ടോക്കോൾ നയവുമായി ചേർന്നുനിൽക്കാനും ലൈഫ് മിഷൻ ശ്രമിക്കുന്നു. പ്രളയവും ഉരുൾപൊട്ടലും ആവർത്തിക്കുന്ന കേരളത്തിലെ പുതിയ സാഹചര്യം പരിഗണിച്ച് കെട്ടിട നിർമ്മാണ രീതിയിൽ ഒരു പൊളിച്ചെഴുത്തിന് ലൈഫ് മൂന്നാം ഘട്ടത്തിലൂടെ സർക്കാർ തുടക്കമിട്ടിരിക്കുകയാണ്. പ്രകൃതി സൗഹൃദ നിർമാണരീതി സ്വീകരിക്കുകയാണ് കേരളം. കോൺക്രീറ്റ് നിർമ്മാണ രീതിയോടൊപ്പം തന്നെ പ്രീഫാബ് സാങ്കേതിക വിദ്യയും ഉപയോഗിക്കുവാനുള്ള ശ്രമത്തിലാണ് സർക്കാർ. പ്രകൃതിസൗഹൃദവും കൂടുതൽ ഈടു നിൽക്കുന്നതുമായ നിർമാണ രീതിയാണ് പ്രീഫാബ്. പ്രീഫാബ് വ്യാപകമാക്കി പ്രകൃതി വിഭവങ്ങൾ ഉപയോഗിക്കുന്നതിൽ കർശന നിയന്ത്രണം ഏർപ്പെടുത്താനും സർക്കാർ ആലോചിക്കുന്നുണ്ട്. 2021 ഓടുകൂടി അർഹരായ ഭൂരഹിത ഭവനരഹിതരായ ഗുണഭോക്താക്കൾക്ക് സംസ്ഥാനത്തുടനീളം വീടുകളും ഭവനസമുച്ചയങ്ങളും നിർമ്മിച്ച് നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ച് കഴിഞ്ഞു.

രണ്ടു ലക്ഷത്തിൽപ്പരം ഭവനങ്ങൾ സാധ്യമായിക്കഴിഞ്ഞു. ഇനിയുമുണ്ട് സ്വന്തം വീടെന്ന സ്വപ്നം എന്ന് സാധ്യമാകുമെന്നറിയാതെ മഴയത്തും വെയിലത്തും അഭയമില്ലാതെ കഷ്ടപ്പെടുന്നവർ. നന്മയുടെ ഉറവിടം വറ്റാത്തതും അമൂല്യവുമാണ്. അബ്ദുള്ളയെപ്പോലെ ഇനിയും ഒരുപാട് മനുഷ്യരുടെ സഹായമുണ്ടെങ്കിൽ ഭവനരഹിതരില്ലാത്ത കേരളം എന്നത് സ്വപ്നമല്ലാതായിത്തീരും.●

# ഭവന സമു

ലൈഫ് മിഷൻ 2020-21-ൽ 103 ഭവനസമുച്ചയങ്ങൾ നിർമ്മിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. (തിരുവനന്തപുരം-9, കൊല്ലം-8, പത്തനംതിട്ട-8, ആലപ്പുഴ-4, കോട്ടയം-5, ഇടുക്കി-6, എറണാകുളം-11, തൃശ്ശൂർ-5, പാലക്കാട്-7, മലപ്പുറം-9, വയനാട്-4, കോഴിക്കോട്-12, കണ്ണൂർ-8, കാസർഗോഡ്-7) ഇതിൽ കെയർ ഹോം മുഖേന നിർമ്മിക്കുന്ന 14 ഭവന സമുച്ചയങ്ങളുടെ പ്ലാനിംഗ് വർക്ക് പുരോഗതിയിലാണ്. ബാക്കിയുള്ള 89 എണ്ണത്തിൽ 7 ഭവന സമുച്ചയങ്ങളുടെ പണി ആരംഭിച്ചു. 5 ഭവനസമുച്ചയങ്ങൾക്ക് വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. കൂടാതെ Detailed Project Report (DPR) തയ്യാറാക്കിയിട്ടുള്ള 15 ഭവന സമുച്ചയങ്ങളുടെ ടെണ്ടർ ഉടനെ ക്ഷണിക്കുന്നതുമാണ്. 15 ഭവനസമുച്ചയങ്ങളുടെ ഡി.പി.ആർ തയ്യാറാക്കിവരുന്നു. 2 സുനാമി ഭവന സമുച്ചയങ്ങളുടെ അറ്റകുറ്റപ്പണിയടക്കം 26 ഭവനസമുച്ചയങ്ങളുടെ നിർമ്മാണത്തിനുള്ള സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ട്. എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിൽ ജി.സി.ഡി.എയുടെയും തിരുവനന്തപുരം കോർപ്പറേഷന്റെയും നേതൃത്വത്തിൽ ഓരോ ഭവനസമുച്ചയങ്ങളുടെ നിർമ്മാണത്തിനുള്ള നടപടികളും നടന്നുവരുന്നു.

ആദ്യഘട്ടമായി നിർമ്മാണം ആരംഭിച്ച പൈലറ്റ് ഭവന സമുച്ചയങ്ങളിൽ ആലപ്പുഴ ഒഴികെയുള്ള 9 ഭവന സമുച്ചയങ്ങളിൽ 44 പാർപ്പിടങ്ങൾ വീതമാണ് നിർമ്മിക്കുന്നത്. ആലപ്പുഴ 156 ഭവനങ്ങളാണ് നിർമ്മിക്കുന്നത്. ഓരോ വീടുകൾക്കും 2 കിടക്കമുറികൾ, അടുക്കള, ഹാൾ, ബാൽക്കണി, ബാത്ത്റൂം, ടോയ്ലറ്റ് തുടങ്ങിയ സൗകര്യങ്ങൾ ഉണ്ട്. കൂടാതെ എല്ലാ ഭവനസമുച്ചയങ്ങളിലും റിക്രിയേഷൻ റൂം, ക്രഷ്, സിക് റൂം തുടങ്ങിയ സൗകര്യങ്ങളും ഭവനസമുച്ചയത്തോടൊപ്പം നിർമ്മിക്കുന്നുണ്ട്. ചുറ്റുമതിൽ, ഗേറ്റ്, മഴവെള്ള സംഭരണി, മലിനജല ശുദ്ധീകരണ സംവിധാനം, ഖരമാലിന്യ സംസ്കരണ യൂണിറ്റ് തുടങ്ങിയ സൗകര്യങ്ങളും ഭവനസമുച്ചയത്തോടൊപ്പം നിർമ്മിക്കുന്നതാണ്.

നൂതന സാങ്കേതിക വിദ്യയായ പ്രീഫാബ് ടെക്നോളജിയാണ് ഭവനസമുച്ചയ നിർമ്മാണത്തിന് സ്വീകരിച്ചിട്ടുള്ളത്.



വടക്കാഞ്ചേരി മുനിസിപ്പാലിറ്റി പൈലറ്റ് ഭവനസമുച്ചയ നിർമ്മാണം
ഭവനങ്ങളുടെ എണ്ണം - 140



പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി പൈലറ്റ് ഭവനസമുച്ചയ നിർമ്മാണം
*ഭവനങ്ങളുടെ എണ്ണം - 400*



കണ്ണൂർ - കടമ്പൂർ ഗ്രാമപഞ്ചായത്ത് - പൈലറ്റ് ഭവനസമുച്ചയ നിർമ്മാണം
*ഭവനങ്ങളുടെ എണ്ണം - 44, ഫൗണ്ടേഷൻ നിർമ്മാണം അവസാന ഘട്ടത്തിൽ*

# ുച്ചയങ്ങൾ



ഇടുക്കി - കരിമണ്ണൂർ ഗ്രാമപഞ്ചായത്ത്
പൈലറ്റ് ഭവനസമുച്ചയ നിർമ്മാണം
***ഭവനങ്ങളുടെ എണ്ണം - 44***
***ഫൗണ്ടേഷൻ നിർമ്മാണം പുരോഗമിക്കുന്നു***



കൊല്ലം - പുനലൂർ മുനിസിപ്പാലിറ്റി
പൈലറ്റ് ഭവനസമുച്ചയ നിർമ്മാണം
***ഭവനങ്ങളുടെ എണ്ണം - 44***
***പൈലിംഗ് ജോലികൾ പുരോഗതിയിൽ***



കോട്ടയം - വിജയപുരം ഗ്രാമപഞ്ചായത്ത്
***പൈലറ്റ് ഭവനസമുച്ചയ നിർമ്മാണം***
***ഭവനങ്ങളുടെ എണ്ണം - 44***
***എർത്ത് വർക്ക് പുരോഗമിക്കുന്നു.***



കാസർഗോഡ് - ചെമ്മനാട് ഗ്രാമപഞ്ചായത്ത്
പൈലറ്റ് ഭവനസമുച്ചയ നിർമ്മാണം
***ഭവനങ്ങളുടെ എണ്ണം - 44***
***എർത്ത് വർക്ക് പുരോഗമിക്കുന്നു***

# ഇവർ സ്വപ്നസാ



## ഭസ്മക്കാട്ട് രാജു, കണ്ണൂർ

പയ്യാവൂരിലെ വാടകവീട്ടിലായിരുന്നു ഭസ്മക്കാട്ട് രാജുവും മൂന്ന് മക്കളും താമസിച്ചിരുന്നത്. ഇളയ മകൾക്ക് ഒരു മാസം പ്രായമുള്ളപ്പോൾ ഭാര്യ മരിച്ചു. പിന്നീട് കുട്ടികളുടെ അമ്മയും അച്ഛനും രാജുവാണ്. 2013 ൽ ഹൃദയ ശസ്ത്രക്രിയ കഴിഞ്ഞ രാജു കഷ്ടപ്പെട്ടാണ് കുട്ടികളെ വളർത്തുന്നത്. ദിവസം രണ്ട് നേരം ഇൻസുലിനും എടുക്കണം. ശ്രീകണ്ഠാപുരം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന വാട്സാപ്പ് കൂട്ടായ്മ ഇവർക്ക് വീട് വച്ച് നൽകാനുള്ള പ്രവർത്തനമാരംഭിച്ചു. ജിജി പൂവത്തുംമണ്ണിൽ എന്ന സാമൂഹിക പ്രവർത്തകൻ തന്റെ മൂന്ന് സെന്റ് സ്ഥലം വിട്ടു നൽകി. എന്നാൽ ആരോഗ്യസ്ഥിതി മോശമായതിനാൽ വീടുപണി മുടങ്ങിപോവുകയായിരുന്നു. തുടർന്ന് ജിജിയുടെയും മറ്റും സഹകരണത്തോടെ 7 സെന്റ് സ്ഥലം പയ്യാവൂര് എൻഎസ്എസ് ഓഡിറ്റോറിയത്തിനു സമീപം വാങ്ങി നല്കുകയും ലൈഫ് മിഷൻ പദ്ധതിയിൽ വീട് അനുവദിക്കുകയും ചെയ്തു. വീട് പണിക്കുള്ള സാധനസാമഗ്രികൾ ഓരോരുത്തരും സംഭാവനയായി നൽകി. അങ്ങനെ രാജുവിനു ഉറവ വറ്റാത്ത മനുഷ്യത്വത്തിന്റെ സ്നേഹവീട് ഒരുങ്ങുകയായിരുന്നു.



# ക്ഷാത്കാരത്തിൽ...



രമ്യ, ആലപ്പുഴ



കൈനകരി ഗ്രാമപഞ്ചായത്തിലെ ഉൾപ്രദേശങ്ങളിലൊന്നായ അഞ്ചാം വാർഡിലാണ് രമ്യയും ഭർത്താവ് സനൽകുമാറും താമസിക്കുന്നത്. യാത്രാക്ലേശം ഏറെ അനുഭവിക്കുന്ന ഈ പ്രദേശത്തേക്ക് നടന്നോ വള്ളത്തിലോ മാത്രമേ എത്തിച്ചേരാൻ സാധിക്കൂ. കാവാലം സ്വദേശിയായ രമ്യ 21-ാം വയസ്സിലാണ് സനൽകുമാറിനെ വിവാഹം ചെയ്യുന്നത്. സ്വന്തമായി ഉണ്ടായിരുന്ന പെട്ടിക്കടയായിരുന്നു സനൽകുമാറിന്റെ ഏക വരുമാന മാർഗം. ആ കടയോട് ചേർന്ന് തന്നെയുള്ള ചെറിയ ഷെഡ്ഡിലായിരുന്നു ഇരുവരുടേയും താമസം. വിവാഹം കഴിഞ്ഞ് മൂന്ന് വർഷം പിന്നിടും മുൻപ് സനൽകുമാറിന് പക്ഷാഘാതം മൂലം ശരീരത്തിന്റെ ഒരു ഭാഗം തളർന്നു, പരസഹായം കൂടാതെ എഴുന്നേറ്റ് നടക്കാൻ പോലും കഴിയാത്ത സ്ഥിതിയിലായി. ഇതിനിടയിലാണ് കുട്ടനാട്ടിൽ വർഷംതോറുമുണ്ടാകാറുള്ള വെള്ളപ്പൊക്കത്തിൽ അവർ താമസിച്ചിരുന്ന ഷെഡ്ഡിന് നാശനഷ്ടമുണ്ടാകുന്നത്. ഈ അവസരത്തിലാണ് ലൈഫ് മിഷനിലേക്ക് അപേക്ഷ സമർപ്പിക്കുന്നതും. അപേക്ഷ നൽകി വളരെ പെട്ടന്ന് തന്നെ വീടിനുള്ള അനുമതി ലഭിക്കുകയും പണി വളരെ വേഗത്തിൽ പൂർത്തീകരിക്കുകയും ചെയ്തു. സനൽകുമാറും രമ്യയും ഇപ്പോൾ വെള്ളപ്പൊക്കത്തെ അതിജീവിക്കുന്ന പില്ലറിൽ നിർമ്മിച്ച അടച്ചുറപ്പുള്ള ഭവനത്തിലാണ് താമസിക്കുന്നത്. പുതിയ വീട്ടിൽ കൈവരികൾ കെട്ടി പരസഹായം കൂടാതെ സനൽകുമാർ നടന്ന് തുടങ്ങിയിരിക്കുന്നു...

തങ്ങളുടെ പഴയ ജീവിതത്തിലേക്ക് ഏറെ വൈകാതെ തന്നെ തിരിച്ച് വരാൻ കഴിയുമെന്ന പ്രതീക്ഷയിലാണ് ഇരുവരും.



## സൈനം ബീവി, കൊല്ലം



തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിൽ തട്ടാറുകോണം വാർഡിൽ പാണംവിള തെക്കതിൽ വീട്ടിൽ സൈനംബീവിയും രണ്ട് പെൺമക്കളും ആറ് സെന്റ് വസ്തുവിൽ താൽക്കാലികമായി ഉണ്ടാക്കിയ ഷെഡ്ഡിലായിരുന്നു താമസം. ഭർത്താവ് ഷറഫുദ്ദീൻ 10 വർഷം മുമ്പ് കാൻസർ രോഗം മൂലം മരണപ്പെട്ടു. മാനസിക വെല്ലുവിളി നേരിടുന്ന 30 വയസുകാരിയായ മകൾ ഷംന, 28 വയസുകാരിയായ ഹസീന എന്നീ പെൺമക്കളെ കൂലിപ്പണി ചെയ്താണ് സൈനം ബീവി വളർത്തിയത്. മക്കൾ രണ്ട് പേരും ബഡ്സ് സ്കൂളിൽ പഠിക്കുന്നു. ഇവർ താമസിച്ചിരുന്ന ഷെഡ് 2017 ലെ മഴക്കാലത്ത് തകർന്ന് പോയി. പിന്നീട് ബന്ധുക്കളുടെയും അയൽവാസികളുടെയും സഹായത്താലാണ് കഴിഞ്ഞത്. സൈനം ബീവിക്ക് ലൈഫ് ഭവനപദ്ധതിപ്രകാരം തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിൽ നിന്ന് ഭവനം അനുവദിക്കുകയും ലൈഫ് മാർഗനിർദ്ദേശങ്ങൾക്ക് അനുസരിച്ച് ഭവന നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. ഒരുപിടി സുമനസുകളുടെ സഹായം ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് സഹായമായി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 90 ദിവസത്തെ തൊഴിൽദിനങ്ങൾ ലഭ്യമാക്കി. ഗ്രാമപഞ്ചായത്തിൽ നിന്നും ഭവന നിർമ്മാണത്തിനുള്ള താബൂക്ക് നൽകിയിരുന്നു. സാമ്പത്തികമായി സമൂഹത്തിന്റെ ഏറ്റവും പിന്നാക്കം നിൽക്കുന്ന സൈനംബീവിയുടെ കുടുംബത്തിന് അടച്ചുറപ്പുള്ള സ്വന്തമായ വീട് എന്ന സ്വപ്നം സാക്ഷാത്ക്കരിക്കാൻ ലൈഫ് ഭവന പദ്ധതി മൂലം സാധിച്ചു.

ചേലന്തൂർ ഗ്രാമപഞ്ചായത്തിലെ എട്ടാം വാർഡിൽ താമസിക്കുന്ന ചലമ്പാട്ടിൽ നാരായണിയുടെ വീട് 2014-15 വർഷത്തെ ഐ എ വൈ ഭവന പദ്ധതി പ്രകാരം ലഭിച്ചതായിരുന്നു. എന്നാൽ ഉയരമുള്ള സ്ഥലമായതിനാൽ പണിസാധങ്ങൾ എത്തിക്കാൻ ബുദ്ധിമുട്ടുള്ളതിനാൽ പണിപൂർത്തിയാക്കാൻ സാധിക്കാതെ ഷെഡ്ഡിൽ ആയിരുന്നു താമസം. ഭർത്താവ് നേരത്തെ തന്നെ ഉപേക്ഷിച്ചു പോയ നാരായണിക്ക് കൂലിപ്പണിക്കാരനായ മകനും വിവാഹിതയായ ഒരു മകളുമാണ് ഉള്ളത്. സ്ഥിരവരുമാനം ഇല്ലാത്തതും അടിക്കടി വരുന്ന രോഗങ്ങളും ഇവരുടെ ജീവിതം ദുസ്സഹമാക്കി. ഇതിനിടയിൽ പണി



## സിനി ജോർജ്, തൃശൂർ

അഞ്ച് വർഷം മുൻപ് ഭർത്താവ് ഹൃദയാഘാതം മൂലം മരിച്ചു. പിന്നീട് പറക്കമുറ്റാത്ത രണ്ട് മക്കളെയും കൊണ്ട് ഒറ്റക്കായിരുന്നു താമസം. ഭാഗം വച്ച് ലഭിച്ച 3 1/4 സെന്റ് സ്ഥലവും, നിലംപരിശായ വീടിന്റെ അവശിഷ്ടങ്ങളും മാത്രമായിരുന്നു ആകെ ഉള്ള സമ്പാദ്യം. വാടകയ്ക്ക് താമസിക്കാൻ വരുമാനമില്ലാത്തതിനാൽ സിനി പിതൃ ഭവനമായ വടക്കേകാട് കുറച്ചുനാൾ താമസിച്ചു. 5 പെൺമക്കളുള്ള, കാൻസർ ബാധിതനായ പിതാവിന് സിനിയുടെ കുടുംബത്തെകൂടി സംരക്ഷിക്കാനാകുമായിരുന്നില്ല. ജീവിതം വഴിമുട്ടിയ സമയത്താണ് സിനിക്ക് വീടിന് അർഹതയുണ്ടെന്നും, ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ഇവർക്ക് ലൈഫ് പദ്ധതിയിൽ വീട് നൽകാമെന്നും ഗ്രാമസേവകർ അറിയിക്കുന്നത്. ഇതിനെ തുടർന്ന് കരാർ വയ്ക്കുകയും ആദ്യ ഗഡു സിനിയുടെ അക്കൗണ്ടിലേക്ക് മാറിയിടുകയും ചെയ്തു. വളരെ പെട്ടന്ന് വീട് നിർമ്മാണം അവസാനിപ്പിക്കാനും, തുടർ ഗഡു ലഭിക്കാനും ഇടയായി. ലൈഫ് പദ്ധതി പ്രകാരം ലഭിക്കുന്ന 4 ലക്ഷത്തിനു പുറമെ തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും 90 ദിവസത്തെ വേതനം ലഭിക്കുകയും ചെയ്തു. സാമ്പത്തികമായി വളരെ പിന്നാക്കം നിന്നിരുന്ന സിനിയുടെ 'സ്വന്തമായ വീട്' എന്ന സ്വപ്നം സാക്ഷാത്കൃതമായി.





## നാരായണി, കോഴിക്കോട്



സ്ഥലത്തുണ്ടായ അപകടത്തിൽ മകൻ മരണപ്പെട്ടത് ഇവരുടെ ജീവിതം പൂർണ്ണമായും ഇരുട്ടിലാക്കി. ലൈഫ് ഫേസ് 1ൽ ഉൾപ്പെടുത്തി വീടുപണി പൂർത്തീകരിക്കാൻ സാധിച്ചപ്പോൾ ഇരുളടഞ്ഞ നാരായണിയുടെ ജീവിതത്തിൽ മാറ്റം പ്രകടമായി.



# അബ്ദുല്ലയും ലൈഫും കൈകോർത്തു

സ്വന്തം അധ്വാനത്തിൽനിന്ന് സ്വരുക്കൂട്ടിയ തുകകൊണ്ട് അർഥപൂർണമായൊരു സേവനം സമൂഹത്തിനു നൽകണമെന്നാണ് കൊല്ലം കടയ്ക്കലിലെ 'കപ്പലണ്ടിക്കട' ഉടമ അബ്ദുല്ല ആഗ്രഹിച്ചത്. അബ്ദുല്ലയുടെ സൻമനസ്സിനു കൂട്ടായി ലൈഫ് ഭവന പദ്ധതികൂടി ചേർന്നതോടെ കടയ്ക്കലിൽ സന്നദ്ധ പ്രവർത്തനത്തിന്റെ പുതിയ വിപ്ലവംതന്നെ നടക്കുകയാണ്. അബ്ദുല്ല പഞ്ചായത്തിനു വാങ്ങി നൽകിയ ഒരേക്കർ ഭൂമിയിൽ ഉയരുന്ന പാർപ്പിട സമുച്ചയം ഇനി ഒട്ടേറെ ഭവനരഹിതർക്ക് തണലാകും.

വർഷങ്ങൾകൊണ്ടുള്ള സമ്പാദ്യം കടയ്ക്കൽ സർവ്വീസ് സഹകരണ ബാങ്കിൽനിന്ന് ചിട്ടിയായി ലഭിച്ചപ്പോൾ അബ്ദുല്ല ആദ്യമാലോചിച്ചത് സ്വന്തമായി ഭൂമിയും വീടും ഇല്ലാത്ത പാവപ്പെട്ടവർക്ക് ഭൂമി വാങ്ങി നൽകാമെന്നാണ്. വസ്തുവിനൊപ്പം വീടുകൂടി വച്ചു നൽകാനുള്ള സാമ്പത്തികശേഷിയില്ലാത്തതിനാൽ സഹായം തേടി കടയ്ക്കൽ പഞ്ചായത്ത് പ്രസിഡന്റ് ആർ.എസ്. ബിജുവിനു സമീപമെത്തി.

ഗ്രാമപഞ്ചായത്ത് ലൈഫ് പദ്ധതി നിർവ്വഹണം നടത്തുന്ന സമയമാണ്. ലൈഫ് പദ്ധതിയുടെ മൂന്നാം ഘട്ട ഗുണഭോക്താക്കൾക്ക് ഭൂമിയും വീടുമാണ് നൽകേണ്ടത്. ഭൂമി ലഭ്യമാകുമായിരുന്നെങ്കിൽ അതിൽ പാർപ്പിട സമുച്ചയം നിർമ്മിച്ച് കൂടുതൽ പേർക്ക് താമസ സൗകര്യം നൽകുവാനാകും എന്ന ചിന്ത പഞ്ചായത്ത് പ്രസിഡന്റ് അബ്ദുല്ലയ്ക്ക് മുന്നിൽ വച്ചു. എന്നാൽ കുറഞ്ഞത് 50 സെന്റ് ഭൂമിയെങ്കിലും ആവശ്യമായി വരും. അബ്ദുല്ല പിൻമാറാൻ തയാറായിരുന്നില്ല. ലൈഫ് പദ്ധതി മൂന്നാം ഘട്ടത്തിലേക്ക് താൻ ഭൂമി വാങ്ങി നൽകാമെന്ന് അബ്ദുല്ല ഉറപ്പു നൽകി. പല പ്രതിസന്ധികൾ കടന്ന് ഒരേക്കർ ഭൂമി വാങ്ങി നൽകുകതന്നെ ചെയ്തു.

സാമ്പത്തിക വർഷം അവസാനിക്കാറായ ഘട്ടമായിരുന്നതിനാൽ പാർപ്പിട പദ്ധതിക്കുള്ള നടപടികളെല്ലാം അതിവേഗം പൂർത്തീകരിക്കേണ്ടതുണ്ടായിരുന്നു. ഗ്രാമപഞ്ചായത്തിലെ കോട്ടപ്പുറം ജംഗ്ഷനിൽ നിന്ന് അകലെയല്ലാതെ ലഭിച്ച ഒരേക്കർ ഭൂമി കഴിഞ്ഞ ഡിസംബറിൽ പഞ്ചായത്തിന്റെ പേർക്ക് എഴുതി നൽകി. കോട്ടപ്പുറം വാർഡ് മെമ്പർ എസ്.സുജീഷ് കുമാറിന്റെ സഹായത്തോടെ അതിവേഗം കടലാസ് നടപടികൾ നടത്തി. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അനുയോജ്യതാ സാക്ഷ്യപത്രവും നിരാക്ഷേപ സാക്ഷ്യപത്രവും വാങ്ങി തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

വലിയ സാമ്പത്തികമുണ്ടായിട്ടല്ല, മനുഷ്യസ്നേഹത്താൽ സമ്പന്നമായ മനസ്സുള്ളതാണ് എന്നും അബ്ദുല്ല എന്ന പഴയ തെങ്കാശിക്കാരൻ സുബ്രമഹ്ണ്യത്തിന്റെ കരുത്ത്. തമിഴ്നാട് തെങ്കാശിക്ക് സമീപം പുളിയൻകുടി ഗ്രാമത്തിലെ പലചരക്ക് വ്യാപാരിയായ കറുപ്പയ്യന്റേയും മുത്തമ്മാളിന്റേയും ആറ് ആൺമക്കളിൽ മൂന്നാമനായിരുന്നു ഇന്ന് അബ്ദുല്ല എന്നറിയപ്പെടുന്ന സുബ്രമഹ്ണ്യൻ. 1978-ൽ ആണ് കൊല്ലത്തെ നിലമേലിലെ പലഹാരക്കടയിൽ പലഹാര നിർമ്മാണം, പാക്കിംഗ് തുടങ്ങിയ ചെറിയ ജോലികൾക്കായി എത്തിയത്. പിന്നീട് കടയ്ക്കലിലെ കപ്പലണ്ടിക്കടയിൽ സഹായിയായി. പ്രൈമറി ക്ലാസുകളിൽ നിന്നും നേരെ ജീവിതത്തിലേക്ക് ഇറങ്ങിയ അബ്ദുല്ലയെ തട്ടുകടകളിൽ നിന്ന് കഴിച്ചും കടത്തിണ്ണയിലുറങ്ങിയും ജീവിച്ചു തീർത്ത വർഷങ്ങൾ പുതിയൊരു വ്യക്തിയായി പരിവർത്തനപ്പെടുത്തുകയായിരുന്നു. വിവാഹ ശേഷം 1995-ൽ കടയ്ക്കലിൽ സ്വന്തമായി കട ആരംഭിച്ചു. കപ്പലണ്ടിയും മറ്റുമാണ് പ്രധാന കച്ചവടം. അന്നുമുതൽ അബ്ദുല്ലയുടെ സ്ഥാപനം കപ്പലണ്ടിക്കട എന്നാണ് അറിയപ്പെടുന്നത് തന്നെ.1991-ൽ വിവാഹം. ഭാര്യ ഷമീന. രണ്ട് മക്കൾ. രേവതിയും (ഖദീജ), രാഹുലും (മുഹമ്മദ്). രേവതിയുടെ വിവാഹം കഴിഞ്ഞു. ഭർത്താവ് വ്യാപാരിയാണ്. മകൻ അവിവാഹിതനാണ്. അച്ഛനെ കച്ചവടത്തിൽ സഹായിക്കുന്നു. 2001-ൽ ആണ് അബ്ദുല്ല എന്ന പേര് സ്വീകരിച്ച് കടയ്ക്കൽ മുസ്ലീം ജമാ അത്ത് അംഗമാകുന്നത്.താൻ സമ്പാദിക്കുന്നതിൽ ഒരു പങ്ക് തന്റെ സഹജീവികൾക്ക് ഉള്ളതാണെന്ന് ആദ്യം മുതലേ ചിന്തിച്ചു വന്നിരുന്ന അബ്ദുല്ല കടയ്ക്കൽ മുസ്ലീം ജമാ അത്തുമായി ബന്ധപ്പെട്ടും സ്വന്തം നിലയിലും പരോപകാര പ്രദമായ പ്രവൃത്തികൾ തുടക്കം മുതലേ ചെയ്തു വന്നിരുന്നു. എന്നാൽ, എന്തെങ്കിലും പരസ്യമോ പ്രശസ്തിയോ ആഗ്രഹിക്കുന്നുമില്ല.●





# എല്ലാവർക്കും വീടൊരുക്കാൻ

## പി.എം.എ.വൈ – ലൈഫ് പദ്ധതി

**പൊതുവിഭാഗം, പട്ടികജാതി വിഭാഗം ഗുണഭോക്താക്കൾക്ക് നാലു ലക്ഷം രൂപയും പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആറു ലക്ഷം രൂപയും ധനസഹായം നൽകുന്ന പി.എം.എ.വൈ (ഗ്രാമീൺ) ലൈഫ് പദ്ധതിയുടെ കേന്ദ്രവിഹിതം 72000 രൂപയാണ്.**

2022 വർഷത്തോടെ എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യത്തോടെ 2016 ഏപ്രിൽ 1 മുതൽ പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) എന്ന പദ്ധതി നടപ്പിലാക്കുന്നു. 1,20,000 രൂപ 60:40 അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ധനസഹായം നൽകുന്നു. ഇതനുസരിച്ച് 72000 രൂപയാണ് കേന്ദ്രവിഹിതമായി ലഭിക്കുന്നത്. കേരളത്തിൽ ഇപ്പോൾ ലൈഫ് ഭവന പദ്ധതിയിലുൾപ്പെടുത്തി പൊതുവിഭാഗം, പട്ടികജാതി വിഭാഗം എന്നിവർക്ക് 4,00,000 രൂപയും സങ്കേതങ്ങളിൽ കഴിയുന്ന പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് 6,00,000 രൂപയും നൽകുന്നു. 1,20,000 രൂപ കഴിഞ്ഞുള്ള തുക ത്രിതല പഞ്ചായത്തുകളും പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പുകളും നൽകുന്നു. ഇപ്പോൾ ലൈഫ് മിഷന്റെ ഭാഗമായി ബാക്കിതുക നൽകുന്നു. 2011ലെ സാമൂഹ്യ-സാമ്പത്തിക-ജാതി സർവ്വേയിൽ കണ്ടെത്തിയ ഭവനരഹിതർക്കാണ് പദ്ധതിയിൽ മുൻഗണ ലഭിക്കുന്നത്.

ഓരോ വീടിനുമുള്ള ധനസഹായത്തിനു പുറമെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പരമാവധി 90 ദിവസത്തെ അവിദഗ്ധ തൊഴിൽ ഗുണഭോക്താക്കൾക്ക് നൽകുന്നു. ഗുണഭോക്താവിന് ആവശ്യമുണ്ടെങ്കിൽ 70,000 രൂപ വരെ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുന്നതിനും സഹായം നൽകുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വിവിധ പദ്ധതികൾ പ്രകാരം ലഭ്യമാക്കുന്ന അടിസ്ഥാന സൗകര്യങ്ങളായ കക്കൂസ്, കുടിവെള്ളം, വൈദ്യുതി, ഇന്ധനം, ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ എന്നിവ സംയോജന സാധ്യതകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നു. മൂന്ന് ഗഡുക്കളായി 1,20,000 രൂപ പി.എഫ്.എം.എസ് മുഖേന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്നു. പി.എം.എ.വൈ(ജി) ഭവന പദ്ധതിയിലേക്കുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് 2011- ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ലിസ്റ്റിലെ അർഹരായവരെയാണ്. പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകളുടെ കുറഞ്ഞ തറ വിസ്തീർണ്ണം 25 മീറ്റർ സ്ക്വയറാണ് (ഇപ്പോൾ ലൈഫ് മിഷന്റെ ഭാഗമായി 400 ചതുരശ്ര അടി).●

**ഭൗതികപുരോഗതി** (2016-17 – 2020-21 മെയ് മാസം 27)

| വിഭാഗം | ഭൗതീക ലക്ഷ്യം | അനുവദിച്ച വീടുകളുടെ എണ്ണം | പൂർത്തീകരിച്ച വീടുകളുടെഎണ്ണം |
|---|---|---|---|
| പൊതുവിഭാഗം | 16972 | 11115 | 10681 |
| പട്ടികജാതി വിഭാഗം | 16853 | 5254 | 4878 |
| പട്ടികവർഗ്ഗ വിഭാഗം | 8606 | 1305 | 1228 |
| ആകെ | 42431 | 17674 | 16787 |





# പെണ്ണമ്മയുടെ ഭവനം കൂടുതൽ കരുത്തോടെ

കോട്ടയംജില്ലയിലെളാലം ബ്ലോക്കിൽ ഉൾപ്പെട്ട പ്രദേശമാണ് മുത്തോലി. എസ്.ഇ.സി.സി. ലിസ്റ്റിൽ ഉൾപ്പെട്ട പെണ്ണമ്മ റ്റി എം, മകളോടൊപ്പമാണ് കഴിഞ്ഞുവന്നിരുന്നത്. മകളെ വിവാഹം കഴിച്ച് അയച്ചതോടെ ഒറ്റയ്ക്കായി ജീവിതം. പെണ്ണമ്മ ടാർപോളിൻ ഷീറ്റും സാരിയും കൊണ്ട് മറച്ച താത്കാലിക ഷെഡ്ഡിലാണ് കഴിഞ്ഞുവന്നിരുന്നത്. 2018 മാർച്ച് മാസത്തിലാണ് ഭവന നിർമ്മാണത്തിനായി ളാലം ബ്ലോക്ക് ഓഫീസിൽ കരാർ വച്ചത്. 2018 ജൂൺ മാസത്തിൽ വീട് നിർമ്മാണം തുടങ്ങാനിരിക്കെ, ആദ്യ വെള്ളപ്പൊക്കമെത്തി. നിലവിലുണ്ടായിരുന്ന താത്കാലിക ഷെഡ്ഡിന്റെ മേൽക്കൂരയ്ക്കൊപ്പം വെള്ളം പൊങ്ങുകയുണ്ടായി. പിന്നീട് ജൂലൈ മാസത്തിലെ വെള്ളപ്പൊക്കത്തിലും വെള്ളം കയറി. ഓഗസ്റ്റ് മാസത്തിലെ മഹാപ്രളയത്തിൽ താത്കാലിക ഷെഡ് പൂർണ്ണമായും തകരുകയും ചെയ്തു. അതോടുകൂടി പെണ്ണമ്മയ്ക്ക് ബന്ധു വീട്ടിലേയ്ക്ക് താമസം മാറ്റേണ്ടി വന്നു. പി എം എ വൈ (ജി) മേസൺ പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തി വീടുനിർമ്മാണം നടത്താമെന്ന് ദാരിദ്ര്യ ലഘൂകരണ യൂണിറ്റിൽ നിന്നും അറിയിച്ചുവെങ്കിലും ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ മൂലം ആയതിന് സാധിച്ചില്ല. ഈ സാഹചര്യത്തിൽ മുത്തോലി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ പരിസരവാസിയായ കെട്ടിടനിർമ്മാണ മേസ്തിരിയെ സമീപിച്ച് കാര്യങ്ങൾ ബോധ്യപ്പെടുത്തുകയും ഭാവിയിലും വെള്ളപ്പൊക്കമുണ്ടാവാൻ സാധ്യതയുള്ള സ്ഥലമായതിനാൽ തൂണുകളിൽ ഉയർത്തി വീടുനിർമ്മാണം നടത്തുവാൻ തീരുമാനിക്കുകയും ചെയ്തു. പരിസരവാസികളുടെയും, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെയും ജനപ്രതിനിധികളുടെയും സഹകരണത്തോടെ 2018 ഒക്ടോബർ മാസത്തിൽ ഭവനനിർമ്മാണം ആരംഭിച്ചു.

മുത്തോലി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഓവർസിയർ സുഷമയുടെയും നേരിട്ടുള്ള ഇടപെടലുകളിലൂടെ ഭവനനിർമ്മാണം പുരോഗമിച്ചു. ളാലം ബ്ലോക്ക് ജോയിന്റ് ബി.ഡി.ഒ. ജ്യോതികുമാർ ഓരോ ആഴ്ചയിലും സ്ഥലം സന്ദർശിച്ച് ഭവനനിർമ്മാണ പുരോഗതി വിലയിരുത്തി. കോട്ടയം ജില്ലാ പ്രൊജക്ട് ഡയറക്ടർ ജെ. ബെന്നി, ളാലം ബി. ഡി. ഒ. ലക്ഷ്മി പ്രസാദ് എന്നിവർ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ സൈറ്റ് സന്ദർശിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. 8 തൂണുകളിലായി നിർമ്മാണം ആരംഭിച്ച പെണ്ണമ്മയുടെ ഭവന നിർമ്മാണം 2019 ജനുവരി മാസത്തിൽ പൂർത്തീകരിക്കാൻ സാധിച്ചു. പി എം എ വൈ (ജി) പദ്ധതിയുടെ ധനസഹായം അപര്യാപ്തമായി വന്നുവെങ്കിലും തൊഴിലാളികളുടെ പ്രതിഫലേച്ഛ കൂടാതെയുള്ള അധ്വാനം മൂലവും യഥാസമയം ത്രിതല പഞ്ചായത്ത് ഫണ്ടുകൾ ലഭ്യമായതിനാലും ഭവന നിർമ്മാണം പ്രതീക്ഷച്ചതിനേക്കാൾ വേഗത്തിൽ പൂർത്തീകരിക്കാൻ സാധിച്ചു. കേന്ദ്ര-സംസ്ഥാനവിഹിതമായി 1,20,000 രൂപയും ത്രിതലപഞ്ചായത്തുകളുടെ വിഹിതമായി 2,80,000 രൂപയും ഉൾപ്പടെ പി എം എ വൈ (ജി) പദ്ധതിയിൽ 4,00,000 രൂപയും അധിക ധനസഹായമായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 24,390 രൂപയും ഭവന നിർമ്മാണത്തിനായി പെണ്ണമ്മയ്ക്കു നൽകി. 2019 ജനുവരിയിൽ പെണ്ണമ്മയുടെ ഭവനം പൂർത്തിയായി.



# സുരക്ഷിത ഭവനത്തിലേക്ക് സുമതി കുട്ടപ്പൻ

2016-17വർഷംഇടുക്കി ജില്ലയിലെകട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് സാമൂഹിക സാമ്പത്തിക ജാതി സെൻസസ് പട്ടിക പ്രകാരം സുമതി കുട്ടപ്പൻ, ആശാരിപ്പറമ്പിൽ വണ്ടൻമേട് എന്നയാളെ കണ്ടെത്തി. വണ്ടൻമേട് ഗ്രാമപഞ്ചായത്തിലെ നാലാം വാർഡിലെ മൂന്നാംകുഴി എന്ന സ്ഥലത്ത് യാതൊരു സുരക്ഷിതത്വവും ഇല്ലാത്ത ഒറ്റമുറി ഷെഡ്ഡിലാണ് സുമതിയും മരുമകളും താമസിച്ചിരുന്നത്. ഏതാനും പാത്രങ്ങളും വസ്ത്രങ്ങളുമല്ലാതെ ഈ ഷെഡ്ഡിൽ മറ്റൊരു വസ്തുക്കളും ഇല്ലായിരുന്നു. പ്രായാധിക്യവും രോഗങ്ങളും മൂലം നടക്കാൻ തന്നെ പ്രയാസപ്പെടുന്ന അവസ്ഥയിലായിരുന്നു വിധവയായ സുമതി കുട്ടപ്പൻ. ഏകമകൻ വീടുപേക്ഷിച്ച് പോയ അവസ്ഥയിൽ രോഗിയായ മരുമകൾക്ക് ഏലക്ക തരംതിരിക്കൽ കേന്ദ്രത്തിൽ വല്ലപ്പോഴും ലഭിക്കുന്ന കൂലിപ്പണിയാണ് ജോലി. സുമതി കുട്ടപ്പന് ലഭിക്കുന്ന പെൻഷനാണ് പ്രധാന വരുമാനം. ദൈനംദിന ജീവിതം തന്നെ തള്ളിനീക്കാൻ ഏറെ പാടുപെടുന്ന ഇവർക്ക് വീട് അനുവദിച്ചതിൽ സുമതി കുട്ടപ്പന് സന്തോഷം തോന്നി എങ്കിലും ആരും സഹായിക്കാനില്ലാത്ത താൻ എങ്ങനെ വീട് പണിയും എന്ന ആശങ്ക അവർ പങ്കുവച്ചു. ഈ സാഹചര്യത്തിൽ വി.ഇ.ഒ.യും., ജനപ്രതിനിധികളും, ബ്ലോക്ക് ജീവനക്കാരും, നാട്ടുകാരും ചേർന്ന കൂട്ടായ്മ വീട് നിർമ്മാണത്തിന് എല്ലാ പിന്തുണയും നൽകി മുന്നിട്ടിറങ്ങി. എല്ലാ പേപ്പറുകളും ശരിയാക്കി എഗ്രിമെൻറ് വച്ച് വീട് പണി ആരംഭിച്ചു. അയൽവാസികളായ ദാസ് എന്ന മേസ്തിരിയും റെജിയും സ്വമേധയാ വീടുപണിയുടെ ഉത്തരവാദിത്തം ഏറ്റെടുത്തു. എഗ്രിമെൻറ് വയ്ക്കാൻ വന്നതൊഴിച്ചാൽ ഈ വീട് പണിയുമായി ബന്ധപ്പെട്ട് സുമതി കുട്ടപ്പന് ഒരിക്കൽ പോലും വി.ഇ.ഒ. ഓഫീസിലോ, ബ്ലോക്കിലോ പോകേണ്ടി വന്നിട്ടില്ല എന്നത് എടുത്തു പറയേണ്ട കാര്യമാണ്. നിർമ്മാണത്തിന്റെ ഓരോ ഘട്ടത്തിലും ബി.ഡി.ഒ., ജോയിന്റ് ബി.ഡി.ഒ., ഇ.ഒ. (പി&എം), ബ്ലോക്ക് മെമ്പർ, വാർഡ് മെമ്പർ തുടങ്ങിയവർ വീട് പണി വിലയിരുത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. വീട് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഏതാനും ഡിപ്പാർട്ടുമെന്റുകളെ കൂടി സഹകരിപ്പിക്കാൻ കഴിഞ്ഞത് എടുത്ത് പറയേണ്ട നേട്ടമാണ്. കട്ടപ്പന ബി.ഡി.ഒ, ജോയിൻറ് ബി.ഡി.ഒ, എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ ഈ വീടിന്റെ നിർമ്മാണ ഘട്ടങ്ങളിൽ വീട് സന്ദർശിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.





## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

# അടിസ്ഥാന ജനതയുടെ അത്താണി

ഗ്രാമീണ കുടുംബങ്ങളുടെ അദ്ധ്വാനശേഷിയെ ഏറ്റവും മികച്ച രീതിയിൽ ഏകോപിപ്പിക്കുന്ന ഈ പദ്ധതിയുടെ ഊർജം ഏതു രീതിയിൽ പലതലങ്ങളിലായി സാമൂഹ്യ ഉന്നമനത്തിന് വിനിയോഗിക്കാം എന്ന് കടന്നുപോയ നാലു വർഷങ്ങൾ ചൂണ്ടിക്കാണിച്ചു.

ഡോ. ദിവ്യ എസ്. അയ്യർ
മിഷൻ ഡയറക്ടർ
മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

വികസനം എന്നാൽ സമൂഹത്തിലെ ഏറ്റവും അശരണരും ആലംബഹീനരുമായവരുടെ കൂടി കണ്ണീരൊപ്പുന്നതായിരിക്കണം എന്ന രാഷ്ട്രപിതാവിന്റെ ആശയത്തിന് ജീവൻ നൽകിക്കൊണ്ട് അദ്ദേഹത്തിന്റെ നാമധേയത്തിൽ രൂപീകരിക്കപ്പെട്ട മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് ആസ്പദമായ നിയമത്തിന് ഇന്ത്യൻ പാർലമെന്റ് അംഗീകാരം നൽകിയിട്ട് 15 വർഷങ്ങൾ പിന്നിടുകയാണ്. ഇക്കാലയളവിൽ ഇന്ത്യയിലെ ഗ്രാമീണ ജനതയുടെ ജീവിതത്തെ ഇത്രയധികം സ്വാധീനിച്ച മറ്റൊരു സർക്കാർ ഉപജീവനപദ്ധതി ഉണ്ടായിട്ടുണ്ടോ എന്ന് സംശയമാണ്. കാശ്മീർ മുതൽ കേരളം വരെയുള്ള ഗ്രാമങ്ങളിലെ ജനങ്ങൾ ഏതു ദുർഘടാവസ്ഥയിലും തങ്ങൾക്ക് അവകാശപ്പെടാൻ ഒരു തൊഴിലും, വരുമാനം ലഭിക്കാൻ ഒരു മാർഗവും ഉണ്ട് എന്ന ആത്മവിശ്വാസം ഇന്ന് നേടിയിരിക്കുന്നു. മഹാമാരികൾ മത്സരിച്ചെത്തുമ്പോൾ ജനങ്ങൾക്ക് താങ്ങാകാൻ ഭരണകൂടങ്ങൾ തെരഞ്ഞെടുക്കുന്ന ആദ്യ മാർഗ്ഗവും ഇന്ന് ഈ പദ്ധതി തന്നെ.

കേരളത്തിന്റെ സവിശേഷമായ വികസന മാതൃക കൊണ്ടുതന്നെ മഹത്തായ ഈ പദ്ധതിയെ ഉപയോഗപ്പെടുത്തുന്നതിലും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒരു സമീപന



മാണ് നമ്മുടെ സംസ്ഥാനം പ്രയോജനപ്പെടുത്തിയത്. ഊർജസ്വലമായ തദ്ദേശഭരണ സംവിധാനം നൽകിയ അടിത്തറയിൽ, ലോകമെങ്ങും മാതൃകയായ കുടുംബശ്രീ സംവിധാനത്തിന്റെ ബലത്തിലൂന്നിയാണ് നാം തൊഴിലുറപ്പ് പദ്ധതിയ്ക്ക് സംസ്ഥാനത്ത് വിത്തുപാകിയത്. സംസ്ഥാനത്തൊട്ടാകെയുള്ള പദ്ധതി നിർവ്വഹണം 2008 ൽ ആരംഭിച്ചതു മുതൽ അർഹതയുള്ള ഓരോ ഗ്രാമീണ കുടുംബത്തിനും 100 ദിവസത്തെ തൊഴിൽ ഉറപ്പു വരുത്തുന്നതിന് സംസ്ഥാനത്തൊട്ടാകെ കൂട്ടായ പരിശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്.

എന്നാൽ, വെറുമൊരു തൊഴിൽ ദാന പദ്ധതിയായി മാത്രം ചുരുങ്ങിപ്പോകാതെ മഹത്തായ ഈ പദ്ധതിയുടെ അപാരമായ സാദ്ധ്യതകൾ കണ്ടറിഞ്ഞ് പ്രയോജനപ്പെടുത്തിയതാണ് പദ്ധതിയിൽ സമീപകാലത്ത് കൈവരിച്ച ഏറ്റവും മികച്ച നേട്ടം. ഗ്രാമീണ കുടുംബങ്ങളുടെ അദ്ധ്വാനശേഷിയെ ഏറ്റവും മികച്ച രീതിയിൽ ഏകോപിപ്പിക്കുന്ന ഈ പദ്ധതിയുടെ ഊർജ്ജം ഏതു രീതിയിൽ പലതലങ്ങളിലായി സാമൂഹ്യ ഉന്നമനത്തിന് വിനിയോഗിക്കാം എന്ന് കടന്നു പോയ നാലു വർഷങ്ങൾ ചൂണ്ടിക്കാണിച്ചു.

തൊഴിലുറപ്പ് പദ്ധതിയുടെ കുടക്കീഴിൽ ഗ്രാമീണ കുടുംബങ്ങൾ തങ്ങളുടെ അവകാശമായ തൊഴിലിലൂടെ വേതനം സമ്പാദിക്കുന്നത് മാത്രമല്ല, വ്യക്തികൾക്കും സമൂഹത്തിനും ഗുണപ്രദമായ ആസ്തികൾ നിർമ്മിക്കുന്നതിനും പദ്ധതി വഴിയൊരുക്കുന്നു. ഗ്രാമവാസികളുടെ ആവശ്യങ്ങൾ ഗ്രാമസഭയുടെ നേതൃത്വത്തിൽ ക്രോഡീകരിച്ച് തയ്യാറാക്കുന്ന പദ്ധതിരേഖകളാണ് തൊഴിലുറപ്പ് പദ്ധതിയിൽ പ്രവൃത്തികൾ ഏറ്റെടുക്കാൻ ആധാരമാക്കുന്നത്.

ഗ്രാമസഭ തന്നെ അർഹരായ വ്യക്തിഗത ഗുണഭോക്താക്കളെ കണ്ടെത്തുകയും ചെയ്യുന്നു. കാലിത്തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട്, കൃഷിക്കും മൃഗപരിപാലനത്തിനും സഹായകരമായ പ്രവൃത്തികളായ മണ്ണ്-ജലസംരക്ഷണം, ജലസേചന കുളങ്ങൾ, കിണറുകൾ, തീറ്റപ്പുൽ കൃഷി, മാലിന്യ സംസ്കരണ ഉപാധികൾ മുതലായവയാണ് വ്യക്തിഗത ആസ്തികളുടെ ഗണത്തിൽപ്പെടുത്തി നിർമ്മിക്കുന്നത്. ഇത്തരത്തിലുള്ള വ്യക്തിഗത ആസ്തികൾ കുടുംബങ്ങൾക്ക് അധിക വരുമാനം നേടാൻ പ്രാപ്തരാക്കുന്നു.

അതേ സമയം തന്നെ സാമൂഹിക ആസ്തികളായ റോഡുകൾ, പൊതു കുളങ്ങൾ, അംഗനവാടികൾ, സ്കൂളുകൾക്ക് ചുറ്റുമതിൽ, പാചകപ്പുര, കളിസ്ഥലം, സ്വയംസഹായ സംഘങ്ങൾക്കുള്ള വർക്ക് ഷെഡ്ഡുകൾ മുതലായ പ്രവൃത്തികളും തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കുന്നു.

സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ഹരിത കേരളം പദ്ധതിയുമായി സംയോജിപ്പിച്ച് നിരവധി പരിസ്ഥിതി പുന:സ്ഥാപന പ്രവർത്തനങ്ങളും ഏറ്റെടുത്തു വരുന്നു. നഴ്സറികൾ സ്ഥാപിച്ച് വൃക്ഷത്തൈകൾ ഉല്പാദിപ്പിക്കുകയും അത് നട്ടു പരിപാലിക്കുകയും ചെയ്തുവരുന്നു. പച്ചത്തുരുത്തുകൾ നിർമ്മിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിയെ പ്രയോജനപ്പെടുത്തുന്നു.







ജലസംരക്ഷണത്തിന് സഹായകമായ നിരവധി പ്രവർത്തനങ്ങളും ചെയ്തു വരുന്നു. പരമ്പരാഗത ജലസ്രോതസ്സുകളായ പൊതുകുളങ്ങളുടെ വീണ്ടെടുപ്പിനും തൊഴിലുറപ്പ് പദ്ധതി തന്നെയാണ് പ്രയോജനപ്പെടുന്നത്.

ഇത്തരത്തിൽ വ്യക്തി, കുടുംബം, സമൂഹം, പരിസ്ഥിതി എന്നിങ്ങനെ എല്ലാ തലങ്ങളിലും വികസനം എത്തിക്കുന്നതിന് സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയെ ഉപയോഗപ്പെടുത്തി വരുന്നു. ഭാവനാ സമ്പന്നരായ ജനപ്രതിനിധികളും, ആർജ്ജവമുള്ള ഉദ്യോഗസ്ഥരും, അവബോധമുള്ള ജനതയും കൂടിച്ചേർന്നാൽ ഒരു ഗ്രാമത്തിന്റെ മുഖച്ഛായ മാറ്റുന്നതിന് ഈ പദ്ധതിയിൽ കൂടി സാധിക്കും എന്ന് നാം പല തവണ ഇക്കാലയളവിൽ തെളിയിച്ചു കഴിഞ്ഞിരിക്കുന്നു. ഒരു ഗ്രാമത്തിലെ എല്ലാ ഗുണഭോക്താക്കളെയും കണ്ടെത്തി വ്യക്തിഗത ആസ്തികൾ നൽകുന്നതിന് ഉത്സാഹിച്ച വയനാട്ടിലെ നൂൽപ്പുഴ പഞ്ചായത്തും, ഒരു പുഴയെ വീണ്ടെടുത്ത് രാജ്യത്തിന്റെ തന്നെ പ്രശംസ നേടിയ ആലപ്പുഴയിലെ ബുധനൂർ പഞ്ചായത്തും തെളിമയുടെ ഉദാഹരണങ്ങളാണ്. പദ്ധതിയിലെ ഭാവനാ സമ്പന്നമായ കൂട്ടിച്ചേർക്കലുകളുടെ ഉദാഹരണം തന്നെയാണ് സംസ്ഥാനത്തിലെ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായ പ്രത്യേക പദ്ധതികളായ ട്രൈബൽ പ്ലസ്, പട്ടികവർഗ്ഗ മുൻകൂർ വേതന പദ്ധതി മുതലായവ.

പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കുന്നതോടൊപ്പം തന്നെ കൃത്യമായ മേൽനോട്ടവും ഉറപ്പാക്കി പദ്ധതിയിൽ സുതാര്യത കൈവരിക്കുന്നതിനും സംസ്ഥാനം ശ്രദ്ധിക്കുന്നുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാനം നടത്തിയ നൂതനമായ ഒരു ഇടപെടലായ 'സെക്യൂർ' സോഫ്റ്റ്‌വെയർ ദേശീയതലത്തിൽ തന്നെ ഇക്കാലയളവിൽ പല അംഗീകാരങ്ങളും നേടുകയുണ്ടായി. സ്വതന്ത്രമായ സോഷ്യൽ ഓഡിറ്റ് സംവിധാനം, ജില്ലാ-സംസ്ഥാന തലങ്ങളിൽ നിയോഗിക്കപ്പെട്ടിട്ടുള്ള ക്വാളിറ്റി മോണിട്ടർമാർ എന്നിവയും പദ്ധതിയുടെ മോണിറ്ററിങ്ങിന് സഹായകരമാകുന്നു. പദ്ധതിയുടെ നടത്തിപ്പിൽ കുടുംബശ്രീ സംഘടനാ സംവിധാനം വഹിക്കുന്ന പങ്കും സുതാര്യത ഉറപ്പുവരുത്തുന്നതിൽ മുഖ്യ ഘടകമായി വർത്തിക്കുന്നു. കുടുംബശ്രീ എ.ഡി.എസുകൾ തെരഞ്ഞെടുക്കുന്ന മേറ്റുമാർ ആണ് പ്രവൃത്തികൾ ഫീൽഡുതലത്തിൽ ഏകോപിപ്പിക്കുന്നത്. തന്മൂലം മേറ്റുമാരായി നിയോഗിക്കപ്പെടുന്നത് പൂർണ്ണമായും സ്ത്രീകൾ മാത്രമാണ്. ഇത് രാജ്യത്ത് നമ്മുടെ സംസ്ഥാനത്തിനു മാത്രം അവകാശപ്പെടാനാകുന്ന ഒരു സവിശേഷതയാണ്. പദ്ധതിയിലെ 90 ശതമാനത്തിലേറെ വരുന്ന സ്ത്രീ പങ്കാളിത്തത്തിനും ഇതു പ്രേരണയായിട്ടുണ്ട്.

മാനവരാശി മുമ്പെങ്ങും അഭിമുഖീകരിച്ചിട്ടില്ലാത്ത പ്രശ്നങ്ങളിലൂടെ കടന്നുപോകുന്ന ഈ വേളയിൽ കൂട്ടായ പരിശ്രമങ്ങളിലൂടെ മാത്രമേ പ്രതിസന്ധികളെ നമുക്ക് മറികടക്കാനാകൂ. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച സുഭിക്ഷ കേരളം പദ്ധതി വിജയിപ്പിക്കാൻ തൊഴിലുറപ്പ് പദ്ധതിയ്ക്ക് നിർണ്ണായക പങ്ക് വഹിക്കാനുണ്ട്. ജനങ്ങളുടെ ഒത്തൊരുമയും കൂട്ടായ്മയും ഇത്തരം പദ്ധതികളുടെ വിജയത്തിന് അനിവാര്യമാണ്. കൂട്ടായ്മയിലൂടെ കൈവരിച്ച വിജയങ്ങളുടെ ഉദാഹരണം നമുക്ക് കാട്ടിത്തരാൻ തൊഴിലുറപ്പ് പദ്ധതി

**തൊഴിലുറപ്പ് പദ്ധതിയുടെ കുടക്കീഴിൽ ഗ്രാമീണ കുടുംബങ്ങൾ തങ്ങളുടെ അവകാശമായ തൊഴിലിലൂടെ വേതനം സമ്പാദിക്കുന്നത് മാത്രമല്ല, വ്യക്തികൾക്കും സമൂഹത്തിനും ഗുണപ്രദമായ ആസ്തികൾ നിർമ്മിക്കുന്നതിനും പദ്ധതി വഴിയൊരുക്കുന്നു.**





യോളം മികച്ച മറ്റൊന്നില്ല തന്നെ. ആയതിനാൽ ഈ പദ്ധതിയിൽ നമുക്കോരോരുത്തർക്കും പങ്കാളിയാകാം - താങ്കൾ ഗുണഭോക്താവാണെങ്കിൽ പ്രവൃത്തിയുടെ ഗുണനിലവാരത്തിന് മുൻതൂക്കം നൽകുക, ഒരു പൗരനാണെങ്കിൽ ഗ്രാമസഭയിൽ പരിപൂർണ്ണ പങ്കാളിത്തത്തിലൂടെ മികച്ച പ്രവൃത്തികൾ തെരഞ്ഞെടുക്കുന്നതിനും പ്രവൃത്തികളുടെ ഓഡിറ്റിങ്ങും ഉറപ്പുവരുത്തുക, തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായ ഉദ്യോഗസ്ഥനാണെങ്കിൽ കളങ്കരഹിതമായും ഉത്തരവാദിത്തത്തോടെയും കടമകൾ നിറവേറ്റാൻ ശ്രദ്ധിക്കുക. നമ്മുടെ ഗ്രാമങ്ങൾ ആബാലവൃദ്ധം ജനങ്ങളും ഉൾപ്പെടുന്ന സുസ്ഥിരവും സുതാര്യവുമായ വികസനത്തിന്റെ പാതയിലൂടെ തുടർന്നും സഞ്ചരിക്കട്ടെ.●

# ഉദയകുളം തോടിന് കയർ ഭൂവസ്ത്രം

നമ്മുടെ രാജ്യത്ത് 2005-ൽ രൂപീകൃതമായ മഹാത്മാഗാന്ധി ദേശീയതൊഴിലുറപ്പ് നിയമം, ഒരു ജനകീയ നിയമം എന്ന നിലയിൽ ഒട്ടേറെ സവിശേഷതകൾ ഉൾക്കൊള്ളുന്നതാണ്. തൊഴിലുറപ്പ് നിയമം, ജീവിക്കാനുള്ള അവകാശവും, തൊഴിലെടുക്കാനുള്ള അവകാശവും സംരക്ഷിക്കുന്നു.പത്തനംതിട്ടജില്ലയിൽ, തിരുവല്ലാ താലൂക്കിൽ, പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപ്പെടുന്ന ഒരു ഗ്രാമീണ പ്രദേശമാണ് കുറ്റൂർ ഗ്രാമപഞ്ചായത്ത്. ബഹുഭൂരിപക്ഷം ജനങ്ങളും കർഷകരും, കാർഷികമേഖലയിൽ പണിയെടുക്കുന്നവരുമാണ്. ഒരുകാലത്ത് കരിമ്പും നെല്ലും സമൃദ്ധമായി വിളഞ്ഞിരുന്ന കുറ്റൂർ ഗ്രാമപഞ്ചായത്തിൽ ഇപ്പോൾ ഭൂരിഭാഗവും തരിശുഭൂമികളാണ്. തരിശുഭൂമികളിലധികവും പാർപ്പിട സമുച്ചയങ്ങളായി മാറുന്നു. അവശേഷിക്കുന്ന കൃഷിയിടങ്ങളും പ്രതിസന്ധിയിലാണ്. ഇത്തരുണത്തിലാണ് ഇന്ത്യ ഒട്ടാകെ തരംഗമായ മഹാത്മ ഗാന്ധിദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി നമ്മുടെ കൊച്ചു കേരളത്തിലും പ്രാബല്യത്തിൽ വരുന്നത്. വൻ വിജയമായി ജനകീയ മുന്നേറ്റത്തോടുകൂടി 2006 ഫെബ്രുവരിമാസം മുതൽ നമ്മുടെ സംസ്ഥാനത്ത് പാലക്കാട്, വയനാട് ജില്ലകളിൽ ഈ നിയമം പ്രാവർത്തികമായി. ഈ പദ്ധതി വൻ വിജയമായതിന് തുടർന്ന് കേരളത്തിലെ മറ്റു ജില്ലകളിലും ഈ പ്രവൃത്തി നടപ്പിലാക്കി.





ഉപയോഗശ്യൂന്യമായ തോടുകളും നീർച്ചാലുകളും കുളങ്ങളും പുനരുദ്ധരിച്ച് ഗ്രാമത്തിന്റെ ജീവനാഡിയായ ജലസ്രോതസുകൾ ഉപയോഗപ്രദമാക്കി കൃഷിക്ക് അനുയോജ്യമാക്കി. കുറ്റൂർ ഗ്രാമപഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിൽ വേനൽകാലത്ത് കിണറുകൾ വറ്റിവരണ്ട് കുടിവെള്ളം കിട്ടാത്ത അവസ്ഥയുണ്ടാകുമായിരുന്നു. എന്നാൽ ദേശീയ ഗ്രാമീണതൊഴിലുറപ്പു പദ്ധതി പ്രകാരം കുളങ്ങളും തോടുകളും, ചാലുകളും തെളിച്ചതോടുകൂടി കിണറുകളിലെ നീരുറവ വറ്റാതിരിക്കുകയും ഒരു പരിധിവരെ ജല ക്ഷാമം പരിഹരിക്കുകയും ചെയ്തു.

കുറ്റൂർ ഗ്രാമപഞ്ചായത്തിലെ നാലാം വാർഡിലൂടെ കടന്നുപോകുന്ന കടവും പാറ ആറിന്റെ കൈവഴിയായ ഉദയകുളംതോട് വൃത്തിയാക്കി കയർ ഭൂവസ്ത്രം വിരിച്ചതിലൂടെ നാശോന്മുഖമായിക്കൊണ്ടിരുന്ന ഒരു ജല സ്രോതസ്സ് വീണ്ടെടുക്കുന്നതിന് സാധിച്ചു. തൊഴിലുറപ്പ് പദ്ധതിയിലൂടെ ഈ ചാൽ പൂർവ്വാധികം ശക്തിയോടും, പ്രഭാവത്തോടും കൂടി ഒഴുകാൻ തുടങ്ങി. വരും വർഷങ്ങളിൽ തരിശുകിടക്കുന്ന പാടശേഖരങ്ങളിൽ കൃഷി ചെയ്യാനും, വർഷകാലത്ത് വെള്ളപ്പൊക്കം തടയുന്നതിനും, വേനൽക്കാലത്ത് ഗാർഹിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനും മത്സ്യസമ്പത്ത് വളർത്തുന്നതിനും സാധിക്കും. നാലാം വാർഡിലെ തൊഴിലുറപ്പ് തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനം നൽകുന്നതിന് ഇതോടെ സാധിച്ചു.



# മുന്നേറ്റത്തിന്റെ നാലു വർഷങ്ങൾ

**കഴിഞ്ഞ 4 വർഷ കാലയളവിൽ സംസ്ഥാനം ഓഖി കൊടുങ്കാറ്റ്, പ്രളയം, കോവിഡ് പോലുള്ള ദുരന്തങ്ങളെ നേരിടേണ്ടി വന്നപ്പോഴെല്ലാം തന്നെ ഗ്രാമീണ ജനതയുടെ ഉപജീവനത്തിന് സഹായമായത് തൊഴിലുറപ്പ് പദ്ധതിയാണ്.**

ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന കുടുംബങ്ങൾക്ക് 100 ദിവസത്തെ തൊഴിലും വരുമാനവും ഉറപ്പുവരുത്താൻ ലക്ഷ്യം വച്ചാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നത്. 2005-ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ അടിസ്ഥാനത്തിൽ 2006 മുതൽ കേരളത്തിലും പദ്ധതി നടപ്പിലാക്കി വരുന്നു. തുടക്കത്തിൽ പാലക്കാട്, വയനാട് ജില്ലകളിലായി ആരംഭിച്ച പദ്ധതി 2008 മുതൽ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുകയുണ്ടായി. ഗ്രാമീണ ജനതയ്ക്ക് തൊഴിൽ നൽകുന്നതോടൊപ്പം പാർശ്വവത്കൃത വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് വ്യക്തിഗത ജീവനോപാധി ആസ്തികളും നൽകാൻ തൊഴിലുറപ്പ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. പ്രകൃതി വിഭവങ്ങളുടെ പരിപാലനവും പരിസ്ഥിതി പുനഃസ്ഥാപനവും തൊഴിലുറപ്പ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്. സാമൂഹ്യ ആസ്തികളായ അംഗൻവാടികൾ, സർക്കാർ സ്കൂളുകൾക്ക് ചുറ്റുമതിൽ, പാചകപ്പുര, കളിസ്ഥലങ്ങൾ, ഗ്രാമീണ റോഡുകൾ തുടങ്ങിയവയും തൊഴിലുറപ്പ് പദ്ധതിയിലൂടെ നിർമ്മിക്കാൻ സാധ്യമാണ്. സംസ്ഥാനത്തെ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിൽ ഗണ്യമായ പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞ നാലു വർഷങ്ങളിൽ നമുക്ക് സാധിച്ചിട്ടുണ്ട്. ഗ്രാമീണ കുടുംബങ്ങൾക്ക് തൊഴിൽ നൽകുന്നതിൽ വലിയ വർദ്ധനവ് വരുത്തിയതോടൊപ്പം തന്നെ ആസ്തി വികസനത്തിലും കാര്യമായ പുരോഗതി കൈവരിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്.

കഴിഞ്ഞ 4 വർഷ കാലയളവിൽ സംസ്ഥാനം ഓഖി കൊടുങ്കാറ്റ്, പ്രളയം, കോവിഡ് പോലുള്ള ദുരന്തങ്ങളെ നേരിടേണ്ടി വന്നപ്പോഴെല്ലാം തന്നെ ഗ്രാമീണ ജനതയുടെ ഉപജീവനത്തിന് സഹായമായത് തൊഴിലുറപ്പ് പദ്ധതിയാണ്. ഈ അവസരങ്ങളിൽ ജനങ്ങൾക്ക് തൊഴിലും വരുമാനവും ഉറപ്പ് വരുത്താൻ തൊഴിലുറപ്പ് പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്. ഈ കാലയളവിൽ പദ്ധതിയിൽ സജീവ പങ്കാളികളായ തൊഴിലാളികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് നേടിയെടുക്കാൻ സാധിച്ചു. ചിട്ടയായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക വഴി ഓരോ വർഷവും തൊഴിൽദിനങ്ങളിൽ വർദ്ധനവ് ഉണ്ടാക്കുന്നതിന് സംസ്ഥാനത്തിന് കഴിഞ്ഞു.



2018-19ലെ മഹാപ്രളയത്തെ ത്തുടർന്ന് തകർന്നു തരിപ്പണമായ ഗ്രാമീണ സമ്പദ്ഘടനയെ പുനർ നിർമ്മിക്കാൻ തൊഴിലുറപ്പ് പദ്ധതിയെ പരമാവധി പ്രയോജനപ്പെടുത്തുകയുണ്ടായി. തൊഴിലും കൃഷിയും മറ്റു ഉപജീവന ആസ്തികളും നഷ്ടപ്പെട്ട ഗ്രാമീണ ജനതയ്ക്ക് ആശ്വാസമാകാൻ തൊഴിലുറപ്പ് പദ്ധതിയ്ക്ക് സാധിച്ചു. പ്രളയം ഏറ്റവും രൂക്ഷമായി ബാധിച്ച 2018-19 സാമ്പത്തിക വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിക്ക് ചരിത്ര നേട്ടമായ 975.26 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സാധിക്കുകയുണ്ടായി. ഇത് വഴി സംസ്ഥാനത്ത് 2983.85 കോടി രൂപ ജനങ്ങളിലേക്കെത്തിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിയിലൂടെ കഴിഞ്ഞു. പ്രളയത്തിനു ശേഷം തൊഴിലുറപ്പ് പദ്ധതിയിലൂടെ ചുവടെപ്പറയും വിധം സഹായം എത്തിക്കാനായി.

തൊഴിൽ നൽകിയ കുടുംബങ്ങൾ 10.31 ലക്ഷം

പ്രളയത്തിനു ശേഷം പുതുതായി തൊഴിൽ ലഭിച്ച കുടുംബങ്ങൾ 4.83 ലക്ഷം

പുതുതായി നൽകിയ തൊഴിൽ കാർഡുകൾ - 82605

**പുരോഗതി**
**2016-17 മുതൽ 2019-20 വരെ**

| വർഷം | തൊഴിൽ ദിനങ്ങൾ (ലക്ഷത്തിൽ) |
|---|---|
| 2016-17 | 684.62 |
| 2017-18 | 619.59 |
| 2018-19 | 975.26 |
| 2019-20 | 802.30 |

ആകെ തൊഴിൽ ദിനങ്ങളിലുണ്ടായ വർദ്ധനയ്ക്കൊപ്പം തന്നെ പദ്ധതി മുഖേന ഗ്രാമീണ കുടുംബങ്ങൾക്ക് ശരാശരി തൊഴിൽ ദിനങ്ങൾ കൂടുതലായി നൽകുന്നതിനും സംസ്ഥാനത്തിന് കഴിഞ്ഞുവെന്നത് വലിയ നേട്ടമാണ്.

| വർഷം | ശരാശരി തൊഴിൽദിനം | ദേശീയ ശരാശരി |
|---|---|---|
| 2016-17 | 46.97 | 46 |
| 2017-18 | 47.24 | 45.69 |
| 2018-19 | 65.97 | 50.88 |
| 2019-20 | 55.75 | 48.39 |




നൽകിയ തൊഴിൽ ദിനങ്ങൾ 7.63 കോടി

അധികമായി ലഭ്യമാക്കിയ സാമ്പത്തിക ആനുകൂല്യം - രൂ. 2068.74 ലക്ഷം

## കേരള ട്രൈബൽ പ്ലസ്

കേന്ദ്ര പദ്ധതിയായ തൊഴിലുറപ്പ് പദ്ധതിയിൽ സംസ്ഥാനത്തിന്റേതായ തനത് ഇടപെടലാണ് കേരള ട്രൈബൽ പ്ലസ് പദ്ധതി. തൊഴിലുറപ്പ് പദ്ധതി പ്രകാരം ഒരു സാമ്പത്തിക വർഷം 100 തൊഴിൽ ദിനങ്ങളാണ് കുടുംബങ്ങൾക്ക് അർഹതപ്പെട്ടത്. എന്നാൽ,



സംസ്ഥാനം നടപ്പിലാക്കിയ കേരള ട്രൈബൽ പ്ലസ് പദ്ധതി പ്രകാരം പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് വർഷത്തിൽ 100 ദിവസത്തെ തൊഴിൽ അധികമായി നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നു. 2017-18 സാമ്പത്തിക വർഷം ഈ തനത് ഇടപെടൽ നടപ്പിലാക്കി തുടങ്ങിയത് മുതൽ പട്ടിക വർഗ്ഗ കുടുംബങ്ങളുടെ വർദ്ധിച്ച് വരുന്ന പ്രാതിനിധ്യമാണ് ഉണ്ടായിട്ടുള്ളത്. വർഷത്തിൽ 200 പ്രവൃത്തി ദിനങ്ങൾ നൽകുക വഴി പട്ടിക വർഗ്ഗ കുടുംബങ്ങളുടെ സാമ്പത്തിക സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് പദ്ധതിക്ക് കഴിഞ്ഞു. കഴിഞ്ഞ മൂന്നു സാമ്പത്തിക വർഷത്തെ പുരോഗതി ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങൾ | തൊഴിൽ ലഭിച്ച കുടുംബങ്ങൾ | ആകെ തൊഴിൽ ദിനങ്ങൾ (ലക്ഷത്തിൽ) | ശരാശരി തൊഴിൽ ദിനങ്ങൾ | 100 ദിവസം പൂർത്തിയാക്കിയ കുടുംബങ്ങൾ | 200 ദിവസം പൂർത്തിയാക്കിയ കുടുംബങ്ങൾ |
|---|---|---|---|---|---|---|
| 2017-18 | 110489 | 56640 | 30.39 | 53.66 | 6609 | -- |
| 2018-19 | 121452 | 68430 | 54.08 | 79.02 | 22937 | 2061 |
| 2019-20 | 123060 | 69448 | 53.77 | 77.43 | 21243 | 1415 |

പട്ടികവർഗ മേഖലയായ അട്ടപ്പാടി, വയനാട്, ആറളം ഫാം എന്നിവിടങ്ങളിൽ സംസ്ഥാന സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് മുൻകൂർ വേതന വിതരണ പരിപാടി. തൊഴിലുറപ്പ് നിയമ പ്രകാരം പ്രവൃത്തി അവസാനിച്ച് 15 ദിവസത്തിനകം ഗുണഭോക്താവിന് കൂലി ലഭ്യമാക്കണം. എന്നാൽ, കേന്ദ്ര സർക്കാർ തുക ലഭ്യമാക്കുന്നതിലുള്ള കാലതാമസം പലപ്പോഴും കൂലി ലഭിക്കുന്നതിൽ ദിവസങ്ങളുടെ കാലതാമസം ഉണ്ടാക്കുന്നുണ്ട്. ഇത് പട്ടിക വർഗ്ഗ കുടുംബങ്ങളെ സാരമായി ബാധിക്കുന്നുണ്ട് എന്ന് മനസ്സിലാക്കിയാണ് സംസ്ഥാനം മുൻകൂർ വേതനം നൽകാൻ തുടങ്ങിയത്. കൃത്യമായി വേതനം ലഭ്യമാകാൻ തുടങ്ങിയപ്പോൾ പദ്ധതിയിൽ പങ്കെടുക്കുന്ന പട്ടിക വർഗ്ഗ കുടുംബങ്ങളുടെ പ്രാതിനിധ്യത്തിൽ ഗണ്യമായ വർദ്ധന ഉണ്ടായതായി കാണുന്നു. നിലവിൽ 7113 കുടുംബങ്ങൾ കുടുംബശ്രീ മുഖാന്തരം നൽകുന്ന ഈ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്.

കേരളത്തിലെ പദ്ധതി നിർവ്വഹണത്തെ സംബന്ധിച്ച് പരക്കെയുണ്ടായിരുന്ന ഒരാക്ഷേപം തൊഴിൽ നൽകുന്നതിൽ മാത്രം ശ്രദ്ധിക്കുകയും ചെലവഴിക്കപ്പെടുന്ന തുകയ്ക്ക് ആനുപാതികമായി ആസ്തികൾ സൃഷ്ടിക്കപ്പെടുന്നില്ലായെന്നതും ആയിരുന്നു. ഈ അവസ്ഥയ്ക്ക് കാര്യമായ മാറ്റം സൃഷ്ടിക്കാൻ കഴിഞ്ഞ വർഷങ്ങളിൽ സാധിച്ചു. 2019-20 സാമ്പത്തിക വർഷം വ്യക്തിഗത ആസ്തികളും സാമൂഹ്യ ആസ്തികളും നിർമ്മിക്കുന്നതിൽ സവിശേഷമായ ശ്രദ്ധ ചെലുത്തുകയുണ്ടായി. കേരളത്തിന് അനുയോജ്യമായതും ജനങ്ങൾക്ക് ഉപകാരപ്രദവുമായ ആസ്തികൾ കണ്ടെത്തി മാതൃകാ എസ്റ്റിമേറ്റുകളും ഡിസൈനുകളും തയ്യാറാക്കുകയുണ്ടായി. തുടർന്ന് സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, നിർവ്വഹണ ഉദ്യോഗസ്ഥർ, സാങ്കേതിക ഉദ്യോഗസ്ഥർ, മേറ്റുമാർ എന്നിവർക്ക് ആവശ്യമായ പരിശീലനം നൽകി ക്യാംപയിൻ മോഡിൽ പ്രവർത്തനങ്ങൾ ഏറ്റെടുത്തതിന്റെ ഫലമായി ആസ്തി വികസനത്തിൽ വലിയ പുരോഗതി കൈവരിക്കുവാൻ സാധിച്ചു.

## 2019-20 സാമ്പത്തിക വർഷം സൃഷ്ടിച്ച ആസ്തികൾ

| ഇനം | എണ്ണം |
|---|---|
| കാലിത്തൊഴുത്ത് | 17429 |
| ആട്ടിൻകൂട് | 7919 |
| കോഴിക്കൂട് | 7689 |
| ഫാം പോണ്ടുകൾ | 2819 |
| കമ്പോസ്റ്റ് പിറ്റ് | 8158 |
| സോക്പിറ്റ് | 4063 |
| മിനി എം.സി.എഫ്. | 240 |
| അംഗനവാടി കെട്ടിടം | 42 |
| സ്കൂളുകളുടെ ചുറ്റുമതിൽ | 47 |
| പാചകപ്പുര | 27 |
| കളിസ്ഥലങ്ങൾ | 59 |
| സ്വയംസഹായ സംഘങ്ങൾക്ക് വർക്ക്ഷെഡ് | 47 |
| ഗ്രാമീണ റോഡുകൾ | 5322 |

ഇതിന്റെ ഫലമായി സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയിൽ ഉപയോഗിക്കുന്ന സാധന സാമഗ്രികളുടെ വിഹിതം 2018-19ലെ 8.51 ശതമാനത്തിൽ നിന്നും 2019-20ൽ 27.32 ആയി വർദ്ധിക്കുകയുണ്ടായി. കേരളത്തിലെ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് സാധന സാമഗ്രികളുടെ ഉപയോഗത്തിൽ ഇത്രയും വലിയൊരു കുതിച്ചുചാട്ടം സംഭവിക്കുന്നത്. കാലി വളർത്തൽ, ആടു വളർത്തൽ, കോഴി വളർത്തൽ എന്നീ ഉപജീവന മേഖലയിൽ തൊഴിലുറപ്പ് പദ്ധതിയുടെ പിന്തുണ കുടുംബങ്ങൾക്ക് വലിയ സഹായമായിട്ടുണ്ട്.

ദരിദ്ര ജനവിഭാഗങ്ങൾക്ക് ജീവനോപാധികൾ ഉറപ്പു വരുത്തുന്നതിൽ പ്രകൃതി വിഭവ പരിപാലനത്തിനും പരിസ്ഥിതി പുന:സ്ഥാപനത്തിനും കാര്യമായ പങ്ക് വഹിക്കാനുണ്ട്. ഹരിത കേരളം പദ്ധതിയുമായി സംയോജിപ്പിച്ച് സംസ്ഥാനത്തെ പ്രകൃതി വിഭവ പരിപാലനത്തിനായി നിരവധി പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്തു നടപ്പിലാക്കിയിട്ടുണ്ട്. പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങൾ, നീർച്ചാലുകൾ, നീരുറവകൾ തുടങ്ങിയവയുടെ സംരക്ഷണം, വൃക്ഷവത്കരണ പ്രവർത്തനങ്ങൾ, മണ്ണ്-ജലസംരക്ഷണ പ്രവൃത്തികൾ, കിണർ റീച്ചാർജിംഗ് തുടങ്ങിയ വിവിധങ്ങളായ പ്രവർത്തനങ്ങൾ ഈ കാലയളവിൽ തൊഴിലുറപ്പ് പദ്ധതിയിൽ നാം ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്.

## ദേശീയ നേട്ടങ്ങൾ

കഴിഞ്ഞ വർഷങ്ങളിലെ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ ദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെടുകയും നിരവധി ദേശീയ പുരസ്ക്കാരങ്ങൾ സംസ്ഥാനത്തിന് ലഭിക്കുകയുമുണ്ടായി.

2017 വർഷം ആധാർ അധിഷ്ഠിത സേവനത്തിൽ മികച്ച പ്രവർത്തനം കാഴ്ച്ചവച്ചതിന് സംസ്ഥാനത്തിന് ദേശീയ തലത്തിൽ ഒന്നാംസ്ഥാനം ലഭിക്കുകയുണ്ടായി. കൂടാതെ ജിയോടാഗിംഗ് പ്രവർത്തനങ്ങൾക്ക് തൃശ്ശൂർ ജില്ലയ്ക്ക് ദേശീയതലത്തിൽ രണ്ടാം സ്ഥാനവും ആലപ്പുഴ ജില്ലയിലെ വീയ്യപുരം ഗ്രാമപഞ്ചായത്തിന് മികച്ച പ്രവർത്തനങ്ങൾക്കുള്ള ദേശീയ അവാർഡും ലഭിക്കുകയുണ്ടായി.

2018 വർഷം ദേശീയതലത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ 4 പുരസ്ക്കാരങ്ങൾക്ക് സംസ്ഥാനം അർഹമായി. മിഷൻ വാട്ടർ കൺസർവേഷൻ പദ്ധതി നടത്തിപ്പിൽ ദേശീയതലത്തിൽ ഒന്നാം സ്ഥാനവും, ബെയർഫൂട്ട് ടെക്നീഷ്യൻ, സമയബന്ധിത കൂലി വിതരണം എന്നിവയിൽ മൂന്നാം സ്ഥാനവും ലഭിച്ചു. കൂടാതെ ദേശീയതലത്തിൽ പദ്ധതി നടത്തിപ്പിൽ മികച്ച പഞ്ചായത്തിനുള്ള പുരസ്കാരം ആലപ്പുഴ ജില്ലയിലെ ബുധനൂർ പഞ്ചായത്തിന് ലഭിച്ചു.

| പ്രകൃതി വിഭവ പരിപാലന പ്രവൃത്തികൾ | | | |
|---|---|---|---|
| പ്രവൃത്തികൾ/എണ്ണം | 2017-18 | 2018-19 | 2019-20 |
| പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 9365 | 6501 | 5696 |
| ജലസംരക്ഷണ പ്രവൃത്തികൾ | 6842 | 8510 | 10840 |
| വൃക്ഷവത്കരണം | -- | 2 കോടി | 47 ലക്ഷം |
| വ്യക്തിഗത കുളങ്ങൾ | 3749 | 4171 | 2819 |
| കിണർ റീച്ചാർജിംഗ് | 31461 | 6386 | 4026 |

2019 വർഷം 'സെക്യൂർ' ദേശീയ തലത്തിൽ നടപ്പിലാക്കുന്നതിന് സംസ്ഥാനം നൽകിയ സേവനം പരിഗണിച്ചുള്ള പ്രത്യേക ദേശീയതല അവാർഡ് ലഭ്യമായി. മികച്ച ജലസംരക്ഷണ പ്രവർത്തനങ്ങൾക്കുള്ള അവാർഡ് കോട്ടയം ജില്ലയ്ക്ക് ലഭിച്ചു. മികച്ച പ്രവർത്തനം കാഴ്ചവച്ച ഗ്രാമപഞ്ചായത്തായി ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുക്കപ്പെട്ടു.

## ലൈഫ് മിഷൻ ഗുണഭോക്താക്കൾക്കുള്ള സഹായങ്ങൾ

സംസ്ഥാനത്തെ ഭവനരഹിതരായ മുഴുവൻ കുടുംബങ്ങൾക്കും വീട് നൽകുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ലൈഫ് മിഷൻ. ലൈഫ് മിഷനിൽ ഉൾപ്പെട്ട് വരുന്ന കുടുംബങ്ങൾക്ക് 4 ലക്ഷം രൂപയുടെ ധനസഹായമാണ് ഭവന നിർമ്മാണത്തിനായി നൽകി വരുന്നത്. ഈ 4 ലക്ഷം രൂപയ്ക്ക് ഉപരിയായി 90 ദിവസത്തെ അവിദഗ്ദ്ധ തൊഴിൽ, തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും നൽകി വരുന്നുണ്ട്. 4 ലക്ഷം രൂപയ്ക്ക് ഉപരിയായി 24390/ രൂപ കൂടി ലഭിക്കുന്നതിനുള്ള അവസരമാണ് ഇപ്രകാരം തൊഴിലുറപ്പ് പദ്ധതിയിൽ ലഭ്യമാകുന്നത്.

തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനനിർമ്മാണത്തിനുള്ള സാമഗ്രികൾ കുറഞ്ഞ നിരക്കിൽ നിർമ്മിച്ച് നൽകുന്നതിനുള്ള അവസരം പ്രയോജനപ്പെടുത്തി 2018-19 സാമ്പത്തിക വർഷത്തിൽ ഒരു വീടിന് 1400 സിമന്റ് കട്ടകൾ എന്ന ക്രമത്തിൽ ഉത്പാദിപ്പിച്ച് നൽകുന്നതിനുള്ള പദ്ധതി തയ്യാറാക്കുകയും, തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മാണ സാമഗ്രിയൂണിറ്റുകൾസ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. ഇതിന്റെ ഫലമായി സംസ്ഥാനത്തൊട്ടാകെ 587 നിർമ്മാണ സാമഗ്രി യൂണിറ്റുകൾസ്ഥാപിക്കുകയും 3347558 എണ്ണം സിമന്റ് കട്ടകൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുകയും ചെയ്തു. 4 ലക്ഷം രൂപയ്ക്ക് ഉപരിയായി ലഭിച്ച ഈ ആനുകൂല്യങ്ങൾ ഭവന നിർമ്മാണ ഗുണഭോക്താക്കൾക്ക് വലിയ ആശ്വാസമായി എന്നതിൽ സംശയമില്ല.

## സംസ്ഥാന സർക്കാർ നടപ്പിലാക്കിയ മറ്റ് പ്രവർത്തനങ്ങൾ

- 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ 100 ദിവസം പൂർത്തിയാക്കിയ കുടുംബങ്ങൾക്ക് കുടുംബം ഒന്നിന് 1000/ രൂപ നിരക്കിൽ സംസ്ഥാന സർക്കാർ ഓണ സമ്മാനമായി നൽകുന്നു.ഇക്കാര്യത്തിനായി ആകെ 67.20 കോടി രൂപ ചെലവഴിക്കപ്പെട്ടു.
- സംസ്ഥാന ഔഷധ സസ്യബോർഡുമായി സംയോജിപ്പിച്ചുകൊണ്ട് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഗൃഹചൈതന്യം എന്ന പദ്ധതി 471 ഗ്രാമപഞ്ചായത്തുകളിൽ നടപ്പലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഗ്രാമപഞ്ചായത്തിലും നഴ്സറികളിലൂടെ 2335 ലക്ഷം കറിവേപ്പും 2355 ലക്ഷം ആര്യവേപ്പും ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.





## 2020-21 വർഷത്തിൽ പദ്ധതി ലക്ഷ്യം വയ്ക്കുന്നത്

2020-21 സാമ്പത്തിക വർഷം 8 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ലേബർ ബഡ്ജറ്റാണ് കേന്ദ്ര സർക്കാർ അനുമതി നൽകിയിരുന്നത്. കോവിഡ്-19 ബാധയെ തുടർന്നുണ്ടായ ലോക്ഡൗണും, തൊഴിൽ നഷ്ടവും പരിഗണിച്ച് കേന്ദ്ര സർക്കാർ 40000 കോടി രൂപയുടെ അധിക വിഹിതം പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ ലേബർ ബഡ്ജറ്റ് 13 കോടി ആയി ഉയർത്തുന്നതിന് കേന്ദ്രത്തോട് ശുപാർശ ചെയ്യുന്നതാണ്. ഇതിനനുസൃതമായ പ്രവർ

ത്തനങ്ങളാണ് സംസ്ഥാനത്ത് ആസൂത്രണം ചെയ്തിട്ടുള്ളത്.

സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സുഭിക്ഷ കേരളം പദ്ധതിയിൽ തൊഴിലുറപ്പ് പദ്ധതിയുടെ സജീവ പങ്കാളിത്തം ഉണ്ടാകുന്നതാണ്. തരിശുഭൂമി കൃഷിക്ക് അനുയോജ്യമാക്കുന്ന ഭൂവികസന പ്രവർത്തനങ്ങൾ, ജലസേചന കനാലുകൾ, ഭക്ഷ്യ സംസ്കരണത്തിനുള്ള വർക്ക് ഷെഡ്ഡുകൾ, ധാന്യ സംഭരണ കേന്ദ്രങ്ങൾ, വിപണനത്തിനുള്ള ഗ്രാമച്ചന്തകൾ എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മിക്കുന്നതാണ്. മൃഗ സംരക്ഷണ മേഖലയിൽ തൊഴുത്തുകൾ, ആട്ടിൻകൂട്, കോഴിക്കൂട് എന്നിവയുടെ നിർമ്മാണം, തീറ്റപ്പുൽകൃഷി, അസോള ടാങ്ക് എന്നീ പ്രവൃത്തികളും നടപ്പിലാക്കുന്നതാണ്. മത്സ്യക്കുളങ്ങളുടെ നിർമ്മാണവും, വിപണന സൗകര്യം ഒരുക്കലും പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത് നടപ്പിലാക്കും. സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ഒരു കോടി വൃക്ഷത്തൈ പദ്ധതിയുടെ ഭാഗമായി 60 ലക്ഷം വൃക്ഷത്തൈകൾ സംസ്ഥാനത്ത് നട്ട് പരിപാലിക്കുന്നതിനും ലക്ഷ്യം വച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്താകെ 50000 കിണറുകൾ റീച്ചാർജ് ചെയ്യുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. മഴവെള്ളം ഭൂമിയിൽ സംഭരിക്കുന്നതിനും, വേനൽ കാലത്തുള്ള ജല ദൗർലഭ്യം ഒഴിവാക്കുന്നതിനും കിണർ റീച്ചാർജിങ് ഉപകരിക്കുന്നതാണ്. ശുചിത്വ കേരളം പദ്ധതിയുടെ ഭാഗമായി ഗ്രാമ പഞ്ചായത്തുകളിലാകെ 2 ലക്ഷം വീതം കമ്പോസ്റ്റ് പിറ്റുകളും, സോക് പിറ്റുകളും, 6000 മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

കേവലം ഒരു തൊഴിൽദാന പദ്ധതിയെന്ന നില മാറി, സംസ്ഥാനത്തിന്റെ കൃഷി -അനുബന്ധ മേഖലകളിൽ ഉല്പാദന വർദ്ധനവിന് സഹായകരമാകുന്ന വിധത്തിലും ഗ്രാമീണ ജനതയുടെ ഉപജീവന അടിത്തറ ശക്തിപ്പെടുത്തുന്ന തരത്തിലും തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണം ഫലപ്രദമായി ഏകോപിപ്പിക്കുവാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ സമഗ്ര വികസനം സാധ്യമാക്കാനും വികസനത്തിന്റെ സദ്ഫലങ്ങൾ സ്ഥായിയായി നിലനിർത്തുന്നതിനും ഈ സമീപനം അത്യന്തം സഹായകരമാണ്. ത്രിതല പഞ്ചായത്തുകളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളേയും ഏജൻസികളേയും കൂട്ടിയോജിപ്പിച്ച് സംയോജനത്തിന്റെ പുത്തൻ മാതൃകകൾ സൃഷ്ടിച്ചുകൊണ്ട് മുന്നേറാൻ വരും വർഷങ്ങളിൽ തൊഴിലുറപ്പ് പദ്ധതി ലക്ഷ്യം വയ്ക്കുന്നു.





## ഏറാംകുളം നവീകരണം

തെക്കുംകര ഗ്രാമ പഞ്ചായത്തിലെ മലാക്ക ദേശത്ത് സ്ഥിതി ചെയ്യുന്നതും, കാലങ്ങളായി പ്രദേശവാസികളുടെ ജലസേചന ആവശ്യങ്ങൾ നിയന്ത്രിച്ചിരുന്നതുമായ കുളമാണ് ഏറാംകുളം. എന്നാൽ പുനരുദ്ധാരണം നടത്താതെ തികച്ചും ശോഷിച്ച അവസ്ഥയിലായ സ്ഥിതിയിലായിരുന്നു ഏറാംകുളം. ചെളി അടിഞ്ഞുകൂടിയും, അരികുകൾ ഇടിഞ്ഞിറങ്ങിയും സംഭരണശേഷിയുടെ വലിയ ഒരളവ് തൂർന്നു കിടന്നതുമൂലം വെള്ളം സംഭരിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായിരുന്നു. ഈ കുളത്തിൽ ജലം നിറഞ്ഞാൽ പ്രദേശത്തുള്ള എല്ലാ ജലസ്രോതസ്സുകളിലും തുല്യ ജലലഭ്യത ഉറപ്പായും ഉണ്ടാകും. ഈ സാഹചര്യത്തിലാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ട് ഘട്ടങ്ങളിലായി കുളത്തിലെ ചെളി കോരുകയും, ഏറ്റവും ദുർബലമായ വശം കോൺക്രീറ്റ് റീറ്റൈനിംഗ് വാൾ കെട്ടുകയും ചെയ്തത്. കൂടാതെ ഈ പ്രവൃത്തി ഏറ്റെടുത്തതിലൂടെ വർഷകാലത്ത് കുളത്തിലെ വെള്ളംനിറഞ്ഞ് സമീപ പ്രദേശങ്ങളിലെ വീടുകളിലേക്ക് ഒഴികിയിരുന്നത് തടയാനും സാധിച്ചു. ഒപ്പം തന്നെ കുളത്തിന്റെ വശം ഇടിയാതെ സംരക്ഷിക്കാനും കഴിഞ്ഞു. ഈ പ്രവൃത്തി ഏറ്റെടുത്ത് നടത്തിയതിലൂടെ കുളത്തിന്റെ സ്വാഭാവിക ആകൃതിയും, കപ്പാസിറ്റിയും പുനഃസ്ഥാപിക്കാനും കഴിഞ്ഞു. തൻമൂലം സംഭരണശേഷിയുടെ ഏതാണ്ട് 80% വെള്ളം സംഭരിച്ച് നിർത്താനും ഇതിലൂടെ സമീപ പ്രദേശങ്ങളിലെ കിണറുകളിലെ ജലനിരപ്പ് ഉയർത്താനും സമീപവാസികളുടെ ഗാർഹിക, കാർഷിക ആവശ്യങ്ങൾ പൂർത്തീകരിക്കുവാനും ഒരു പരിധിവരെ കഴിഞ്ഞിട്ടുണ്ട്.



പത്തനംതിട്ട – ഓമല്ലൂർ ഗ്രാമ പഞ്ചായത്തിൽ നിർമ്മിച്ച കളിസ്ഥലം. തൊഴിലുറപ്പു പദ്ധതിയുടെ അവസരം ഉപയോഗപ്പെടുത്തി ഓമല്ലൂർ ഗ്രാമ പഞ്ചായത്തിൽ നിർമ്മിച്ചതാണ് ഈ കളിസ്ഥലം. ഗ്രാമീണ യുവ ജനങ്ങളുടെ കായിക പ്രാവീണ്യം വർധിപ്പിക്കുന്നത് ഉതകുന്നതാണ് ഇത്തരം നിർമ്മിതികൾ. പദ്ധതിയിലെ അവസരം പ്രയോജനപ്പെടുത്തി വിവിധ ഗ്രാമ പഞ്ചായത്തുകൾ ഷട്ടിൽ കോർട്ട്,വോളിബാൾ കോർട്ട് എന്നിവയുടെ നിർമ്മാണം ഏറ്റെടുത്ത് വരുന്നു.

# ജീവനോപാധികൾക്ക് സഹായം

## തൊഴുത്ത് നിർമ്മാണം

ആറുപേരടങ്ങുന്ന ഇടത്തര കാർഷികകുടുംബമാണ് പറക്കോട് ബ്ലോക്ക് പഞ്ചായത്തിൽ കലഞ്ഞൂർ താമസിക്കുന്ന വടക്കേതിൽ ബേബിയുടെ കുടുംബം. കറവപ്പശു വളർത്തലിൽ നിന്നും ലഭിക്കുന്ന ആദായമാണ് കുടുംബത്തിന്റെ മുഖ്യവരുമാന മാർഗം. എന്നാൽ വൃത്തിയുള്ള തൊഴുത്തില്ലാത്തതിനാൽ പലപ്പോഴും പശുക്കൾക്ക് രോഗം ബാധിക്കുകയും, വരുമാനം നിന്നുപോകുന്ന സ്ഥിതി ഉണ്ടാവുന്നതും സാധാരണമായിരുന്നു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പു പദ്ധതിയിൻ കീഴിൽ തൊഴുത്തു നിർമ്മാണത്തിന് സഹായം ലഭിക്കുമെന്ന് തൊഴിലുറപ്പു പ്രവൃത്തിസ്ഥലത്ത്തൊഴിലെടുത്തു വരുന്ന തന്റെമകളായ ബിൻസി ശാമുവേലിൽ നിന്നും അറിഞ്ഞതിനെ തുടർന്ന് പദ്ധതി ഏറ്റെടുക്കുകയായിരുന്നു. 118013 രൂപ അനുവദിച്ചുകിട്ടിയെങ്കിലും 135000 രൂപ ചെലവിലാണ് തൊഴുത്തു നിർമ്മാണം പൂർത്തീകരിച്ചത്. ചെലവുതുക ബന്ധുക്കളിൽ നിന്നും കടമായിവാങ്ങിയാണ് പ്രവൃത്തി ചെയ്തത്. 4 പശുക്കളെ കെട്ടാവുന്ന തൊഴുത്താണ് നിർമ്മിച്ചത്. ഇപ്പോൾ ഒരു കറവപ്പശുവും കിടാരിയും മാത്രമാണുള്ളത് തുടർന്ന് കൂടുതൽ കറവപ്പശുക്കളെ വാങ്ങി വളർത്താനും കൂടുതൽ ആദായം ലഭ്യമാക്കുന്ന തരത്തിൽ പദ്ധതി മെച്ചപ്പെടുത്താനും കഴിയുമെന്ന് ബേബി പറഞ്ഞു.

നിലവിൽ പ്രതിദിനം 7 ലിറ്റർ പാലിൽ നിന്നും 330 രൂപ ലഭിക്കുന്നുണ്ട്. ഇപ്പോൾ ചെലവു കഴിഞ്ഞ് 150 രൂപ ലഭിച്ചുവരുന്നു. ഇനി കൂടുതൽ പശുക്കളെ വാങ്ങി വളർത്തുന്നതോടെ ഈ സ്ഥിതി മാറി ചെലവുകുറയുകയുംകൂടുതൽ ആദായം ലഭിക്കുകയും ചെയ്യും.



## കോഴിക്കൂട് നിർമ്മാണം

തൊഴിലുറപ്പു പദ്ധതിയിൽ നിന്നുകിട്ടുന്ന വരുമാനവും, ഭർത്താവ് കൂലിക്ക് ഓട്ടോറിക്ഷ ഓടിച്ചുകിട്ടുന്ന വരുമാനവും തികയാതെ വന്നപ്പോൾ മുട്ട കോഴി വളർത്തലിലേക്ക് കൂടി ശ്രദ്ധ പതിപ്പിച്ചെങ്കിലും കൂടുതൽ വരുമാനം ഇല്ലാതെ 2 പെൺകുട്ടികൾ ഉൾക്കൊള്ളുന്ന കുടുംബത്തിന് ജീവിച്ചു പോകാൻ കഴിയാത്ത സാഹചര്യത്തിലാണ് പറക്കോട് ബ്ലോക്കിൽ ഒന്നാം കുറ്റി കലഞ്ഞൂരിൽ താമസിക്കുന്ന ഷേർളി ഇറച്ചിക്കോഴിവളർത്തലിനെ കുറിച്ച് ചിന്തിച്ചത്. അപ്പോൾ നേരിട്ട പ്രധാന പ്രശ്നം ആവശ്യമായ കൂടിന്റെ അഭാവമായിരുന്നു. ഒപ്പം സാമ്പത്തിക പരാധീനതയും. തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തി കൂടു നിർമ്മിക്കാമെന്നറിഞ്ഞതോടെ കൂടു നിർമ്മിക്കുന്നതിന് തീരുമാനിച്ചു. അങ്ങനെ 1000 കോഴികളെ ഉൾക്കൊള്ളാവുന്ന 3,96,127 രൂപ എസ്റ്റിമേറ്റിൽ 4,50,000രൂപ ചെലവിൽ കൂടു നിർമ്മിച്ചു.



ഇപ്പോൾ 500 ഇറച്ചിക്കോഴികളെ വളർത്തിവരുന്നു. ഉറപ്പായും ആദായം കിട്ടുന്ന തൊഴിലാണെന്ന ഉത്തമബോധ്യത്തോടെയും, തൊഴിലുറപ്പു പദ്ധതിയിൽ നിന്നും തുക ലഭിച്ചാൽ 1000 കോഴികളെ ഒന്നിച്ചുവളർത്തി തുടർച്ചയായി ആദായം ഉണ്ടാക്കാൻ കഴിയുന്ന തരത്തിലുമാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളതെന്ന് ഷേർളി പറഞ്ഞു.



പുക്കോട്ടുകാവ് ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിച്ച് വന്ന ഗ്രാമചന്തയിൽ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം കച്ചവടക്കാരെയും, പൊതുജനങ്ങളെയും ഒരുപോലെ ബുദ്ധിമുട്ടിച്ചു. ഈ അവസരത്തിലാണ് ഗ്രാമ പഞ്ചായത്ത് തൊഴിലുറപ്പു പദ്ധതിയുടെ അവസരം വിനിയോഗിച്ച് ചന്തയെ നവീകരിച്ചത്. കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾ നേരിട്ട് ചന്തകളിൽ എത്തിക്കുന്നതിനായി ഗ്രാമീണ മേഖലയിൽ ഗ്രാമ ചന്തകൾ നിർമ്മിക്കുന്നതിനുള്ള അവസരം തൊഴിലുറപ്പു പദ്ധതിയിൽ ഉണ്ട്.

# കാരുകുളം–കടമ്പ്രയാർ
# തോടിന്റെ പുനരുജ്ജീവനം



കിഴക്കമ്പലം ഗ്രാമപഞ്ചായത്തിലെ 14 -ാം വാർഡിലെ കാരുകുളം - കടമ്പ്രയാർ തോട് കാരുകുളം നീർത്തടത്തിൽ ഉൾപ്പെടുന്നു. ഈ പ്രദേശത്ത് വർഷങ്ങൾക്ക് മുമ്പ് വരെ നെൽകൃഷിക്കും മറ്റുള്ള കൃഷികൾക്കും ആവശ്യമായ വെള്ളം നല്കിയിരുന്നത് ഈ തോട്ടിൽ നിന്നാണ്. വർഷങ്ങൾ പിന്നിട്ടപ്പോൾ കർഷകർ കൃഷിയിൽ നിന്ന് പതിയെ പിൻമാറുകയും ഈ തോട് കാട് പിടിച്ച്, ചപ്പചവറുകൾ ചീഞ്ഞ്, ചെളിയും പായലും പിടിച്ച് മണ്ണുവന്ന് അടിഞ്ഞ് പുല്ല് വളർന്ന് മാലിന്യക്കൂമ്പാരമായി കിടക്കുകയായിരുന്നു. 97അവിദഗ്ദ്ധ തൊഴിൽ ദിനങ്ങളും, 109 അർദ്ധ വിദഗ്ദ്ധ തൊഴിൽ ദിനങ്ങളും 144 വിദഗ്ദ്ധ തൊഴിൽ ദിനങ്ങളും ഉപയോഗിച്ചാണ് തോട് വശങ്ങൾ കെട്ടി സംരക്ഷണം എന്ന പ്രവൃത്തി വിജയകരമായിപൂർത്തിയാക്കിയത്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കടമ്പ്രയാർ തോടിന്റെ വശങ്ങൾ കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തി നടപ്പിലായതോടുകൂടി കാർഷിക ഉത്പാദന രംഗത്ത് പുതിയ പ്രതീക്ഷകൾ ഉണ്ടാക്കുവാൻ കഴിഞ്ഞു. വെള്ളക്കെട്ട് മൂലം കൃഷി ചെയ്യാൻ കഴിയാതിരുന്ന പാടശേഖരങ്ങളിൽകൃഷി പുനരാരംഭിക്കുന്നതിന് സാധിച്ചു. തോടുകളുടെ ആഴവും പരപ്പും വർദ്ധിപ്പിച്ച് വശങ്ങൾ കെട്ടിയതിന്റെ ഫലമായി വെള്ളപ്പൊക്കം മൂലമുണ്ടാകുന്ന നാശനഷ്ടം ഒരു പരിധി വരെ നിയന്ത്രിക്കുവാനും പരിസരപ്രദേശങ്ങളിലെ50ലേറെ കുടുംബങ്ങൾക്ക്വർഷം മുഴുവൻ ജലലഭ്യത ഉറപ്പുവരുത്തുവാനും കഴിഞ്ഞു. തരിശ്ശായിക്കിടന്നിരുന്ന ഏക്കർ കണക്കിന് ഭൂമിയിൽ കൃഷി ചെയ്തതു വഴി കർഷകരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാൻ സാധിച്ചു. മറ്റു തൊഴിലുകളിൽ ഏർപ്പെടാതിരുന്ന സ്ത്രീകൾ തൊഴിലുറപ്പ് പദ്ധതിയിൽ ജോലിക്കാരായതോടെ കുടുംബത്തിന്റെ സാമ്പത്തിക വരുമാനം മെച്ചപ്പെട്ടു. പല കുടുംബങ്ങൾക്കും ബാങ്കിൽ ചെറിയ നിക്ഷേപം നടത്തുവാൻ കഴിഞ്ഞു. സ്ത്രീ-പുരുഷ സമത്വത്തിന് പുതിയ തലങ്ങൾ കണ്ടെത്താനായി.

---



പോർക്കുളം ഗ്രാമപഞ്ചായത്തിലുൾപ്പെട്ട വെട്ടിക്കടവിലെ മങ്ങാട് എസ്. സി കോളനിയിൽ 69 വീടുകളുണ്ട്. കോളനി നിവാസികൾക്ക് സ്ഥലപരിമിതിയുള്ളതിനാൽ വീട്ടിലെ മാലിന്യങ്ങൾ നിക്ഷേപിച്ച് അതിൽ നിന്ന് ജൈവവളം ഉൽപ്പാദിപ്പിക്കുകയും അതിലൂടെ അവരുടെ സ്ഥലത്ത് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി 69 വീടുകളിൽ കമ്പോസ്റ്റ് പിറ്റ് നിർമ്മിച്ചു നൽകുവാൻ തീരുമാനിച്ചു. 69 വീടുകളിൽ 19 വീടുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. ആദ്യ ഘട്ടമെന്ന നിലയിൽ 13 വീടുകളിലാണ് കമ്പോസ്റ്റ് പിറ്റ് നിർമ്മിക്കാൻ തീരുമാനിച്ചത്. അതിൽ 7 വീടുകളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചു. വീട് ഒന്നിന് 10000/-രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ കമ്പോസ്റ്റ് പിറ്റ് പൂർത്തീകരിക്കുന്നതിന് 7239/- രൂപ ചിലവഴിക്കാൻ സാധിച്ചു.

മീനങ്ങാടി ഗ്രാമപഞ്ചായത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്പദ്ധതിയിൽ ഉൾപ്പെടുത്തി വാർഡ് 17 കാപ്പിക്കുന്ന് കോളനി റോഡ് നവീകരിച്ചു. കാപ്പിക്കുന്ന് പ്രദേശത്തെ ഏകദേശം 22 കുടുംബങ്ങൾ ഒന്നിച്ച് താമസിക്കുന്ന കോളനിയിലേയ്ക്കുള്ള റോഡാണിത്. ഈ റോഡ് കോൺക്രീറ്റ് ചെയ്തത് മൂലം കൃഷിസ്ഥലത്തേയ്ക്ക് വാഹനം ഇറക്കുന്നതിനും മറ്റും ഉപകരിക്കും. മീനങ്ങാടി ഗ്രാമ പഞ്ചായത്തിലെ കാപ്പിക്കുന്ന് വാഡിലെ പഞ്ചമികോളനിയിൽ നിർമ്മിച്ചിട്ടുള്ള ഈ പ്രവൃത്തിക്ക് 416787 രൂപ ചെലവഴിച്ചു. 175 മീറ്റർ നീളത്തിൽ കോളനിക്കകത്തുകൂടെ നിർമിച്ചിട്ടുള്ള ഈ റോഡ് 67 കുടുംബങ്ങൾക്ക് ഉപകാരപ്പെടുന്നു.





# നഗരജീവിതങ്ങൾക്ക് കൈത്താങ്ങായി

## അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

നഗരപ്രദേശങ്ങളിൽ വസിക്കുന്ന അവിദഗ്ധ കായിക തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള ഓരോ കുടുംബത്തിലെയും പ്രായപൂർത്തിയായ അംഗങ്ങൾക്ക് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസം തൊഴിൽ ഉറപ്പാക്കുകയും അതിലൂടെ കുടുംബങ്ങളുടെ ജീവിത സുരക്ഷ ഉറപ്പാക്കുകയും ചെയ്യുന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയാണ് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി. കേരളത്തിലെ എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലുമാണ് പദ്ധതി നടപ്പാക്കുന്നത്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്പദ്ധതിയുടെ കീഴിൽ ഏറ്റെടുത്തു നടപ്പിലാക്കുന്ന എല്ലാ പ്രവൃത്തികളും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ കീഴിലും ഏറ്റെടുക്കുന്നു. നഗരങ്ങളിലെ മാലിന്യസംസ്കരണവും അനുവദനീയമായ പ്രവൃത്തിയാണ്. കൂടാതെ 2019-20 സാമ്പത്തിക വർഷം മുതൽ രണ്ടു കന്നുകാലികളിൽ കൂടുതലുള്ള, അവശത അനുഭവിക്കുന്ന വിഭാഗത്തിൽപ്പെടുന്ന ക്ഷീരകർഷകരെയും പദ്ധതിയിൽ ഉൾപ്പെടുത്തി പരമാവധി 100 ദിവസത്തെ വേതനം അയ്യങ്കാളി നഗര തൊഴിലുറപ്പ് ഫണ്ടിൽ നിന്നും നൽകുന്നു.

2016-17 സാമ്പത്തിക വർഷം മുതൽ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി നടത്തിപ്പിൽ ശ്രദ്ധേയമായ പുരോഗതിയാണ് കൈവരിക്കുവാൻ സാധിച്ചിട്ടുള്ളത്. പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ, സമൂഹത്തിൽ അവശത അനുഭവിയ്ക്കുന്ന ജനവിഭാഗങ്ങളുടെ ആസ്തി സംരക്ഷണ പ്രവർത്തനങ്ങൾ, സർക്കാർ ധനസഹായത്തോടെ നിർമ്മിക്കുന്ന ഭവന നിർമ്മാണത്തിലെ അവിദഗ്ദ്ധ കായിക തൊഴിൽ ഘടകവും നിർമ്മാണ സാമഗ്രികളുടെ ഉല്പാദനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, നഗരങ്ങളിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തുടങ്ങിയവവള

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ ഏറ്റെടുത്തു നടപ്പിലാക്കുന്ന എല്ലാ പ്രവൃത്തികളും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ കീഴിലും ഏറ്റെടുക്കുന്നു.**





രെ ഫലപ്രദമായ രീതിയിൽ കേരളത്തിലെ നഗരസഭകളിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി വഴി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

- 2015-16 സാമ്പത്തിക വർഷം പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യമായ ഒരു കുടുംബത്തിന് 100 തൊഴിൽ ദിനങ്ങൾ എന്ന ലക്ഷ്യം കൈവരിയ്ക്കാൻ സാധിച്ചിരുന്നില്ല. എന്നാൽ 2018-19 സാമ്പത്തിക വർഷം 1225 കുടുംബങ്ങൾക്കും 2019-20 സാമ്പത്തിക വർഷം നാളിതു വരെ 2871 കുടുംബങ്ങൾക്കും 100 ദിവസം തൊഴിൽ നൽകുന്നതിന് സാധിച്ചിട്ടുണ്ട്.
- 2019-20 സാമ്പത്തിക വർഷം മുതൽ ക്ഷീര കർഷകരേയും അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിട്ടുണ്ട്. രണ്ടിൽ കൂടുതൽ കന്നുകാലി ഉള്ളവർ പ്രതിദിനം 10 ലിറ്ററിൽ കുറയാതെയുള്ള പാൽ ക്ഷീര സഹകരണ സംഘത്തിന് നൽകുന്ന ക്ഷീര കർഷകർക്ക് ഒരു ദിവസത്തെ വേതനം (പരമാവധി 100 ദിവസം) അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുന്നു. പി എം എ വൈ ഗുണഭോക്താക്കൾക്കുള്ള ഭവന നിർമ്മാണ സാമഗ്രികൾ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിലൂടെ നിർമ്മിച്ച് വിജയകരമായ രീതിയിൽ ഗുണഭോക്താക്കാൾക്ക് വിതരണം ചെയ്തു വരുന്നു.
- സംസ്ഥാന ബഡ്ജറ്റിൽ 2015-16 സാമ്പത്തിക വർഷം അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയ്ക്കായി 15 കോടി രൂപയാണ് അനുവദിച്ച് നൽകിയത്. എന്നാൽ 2019-20 സാമ്പത്തിക വർഷം 500 % ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിച്ച് 75 കോടി രൂപ അനുവദിച്ചിട്ടുള്ളതാണ്.
- പദ്ധതിയുടെ ചെലവ് 2015-16 സാമ്പത്തിക വർഷം 7.48 കോടി ആയിരുന്നത് 2018-19 സാമ്പത്തിക വർഷം 600% വർദ്ധിച്ച് പദ്ധതി ചെലവ് 45.97 കോടി രൂപ ആയിട്ടുണ്ട്. 2019-20 വർഷം നാളിതു വരെ 64.95 കോടി രൂപ ചെലവും 26.80 ലക്ഷം തൊഴിൽ ദിനങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.
- 2015-16 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് തൊഴിൽ ദിനങ്ങളിൽ 500% വർദ്ധനവും ആസ്തികൾ സൃഷ്ടിക്കുന്നതിൽ 1000% വർദ്ധനവും കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.
- പ്രളയാനന്തര ശുചീകരണ പ്രവർത്തനങ്ങളിൽ മാത്രം 2019-20 സാമ്പത്തിക വർഷം 51,485 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നവകേരള സൃഷ്ടിക്കായുള്ള ഞഗജ പദ്ധതിയ്ക്കു വേണ്ടി അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി 2019-20 ലേയ്ക്കുള്ള ആക്ഷൻ പ്ലാൻ/ ലേബർ ബജറ്റിൽ പ്രത്യേകം മുൻഗണന നൽകുകയും പദ്ധതികൾ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 30 ലക്ഷം പ്രവൃത്തി ദിനങ്ങളും ആനുപാതികമായി ആസ്തി സൃഷ്ടിയ്ക്കലുമാണ് 2020-21 സാമ്പത്തിക വർഷത്തെ ലക്ഷ്യം.

| കൈവരിച്ച നേട്ടങ്ങൾ<br>സൃഷ്ടിച്ച ആസ്തികളുടെ എണ്ണം (2016-17 മുതൽ 2019-20 ഡിസംബർ വരെ) | |
|---|---|
| നിർമ്മിച്ച കനാലുകളുടെ എണ്ണം | 3888 കനാലുകൾ |
| കുളങ്ങൾ നിർമ്മിച്ചതും പുനരുജ്ജീവിപ്പിച്ചതും | 7048 കുളങ്ങൾ |
| നിർമ്മിച്ച കിണറുകളുടെ എണ്ണം | 418 കിണറുകൾ |
| വനവത്ക്കരണം | 317513 ചെടികൾ |
| ഖരമാലിന്യ സംസ്കരണം | 690 പദ്ധതികൾ |
| കന്നുകാലി വളർത്തൽ (ഷെഡ് നിർമ്മാണം) | 258 ഷെഡ് |
| കിണർ റീ-ചാർജിംഗ് | 3566 കിണറുകൾ |
| മഴവെള്ള സംഭരണികൾ | 1,00,000 കുഴികൾ |
| പി.എം.എ.വൈ (യു) | 60,000 വീടുകൾ |
| കമ്പോസ്റ്റ് കുഴികൾ | 42,857 കുഴികൾ |
| ജൈവ കൃഷിയ്ക്കായി തരിശു ഭൂമി വൃത്തിയാക്കൽ | 16500 കുടുംബങ്ങൾ |
| അരുവി/ നദി പുനരുജ്ജീവനം | 868 |
| 2018 ലെ പ്രളയവുമായി ബന്ധപ്പെട്ട ചരൽ, മാലിന്യം നീക്കം ചെയ്യൽ | 51485 തൊഴിൽ ദിനങ്ങൾ |
| കക്കൂസ് നിർമ്മാണം | 860 കക്കൂസുകൾ |

**വാർഷിക പദ്ധതി നടത്തിപ്പിൽ കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ**

| വർഷം | ബഡ്ജറ്റ് വിഹിതം (ലക്ഷത്തിൽ) | നഗരസഭകൾക്ക് വിതരണം ചെയ്ത തുക (ലക്ഷത്തിൽ) | നഗരസഭകൾ ചെലവഴിച്ച തുക (ലക്ഷത്തിൽ) | സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ |
|---|---|---|---|---|
| 2015-16 | 1500 | 1270 | 748 | 374613 |
| 2016-17 | 1500 | 1500 | 917.84 | 383325 |
| 2017-18 | 2510 | 2510 | 2488.71 | 846432 |
| 2018-19 | 4892 | 4892 | 4597.34 | 1668195 |
| 2019-20 | 7500 | 3428.49 | 6495.53 | 2680660 |

## മാതൃകാപരമായ പ്രവർത്തനങ്ങൾ

- പുനലൂർ, ഏലൂർ നഗരസഭകൾ മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് മാതൃകാപരമായ രീതിയിൽ ഏറ്റെടുത്ത് നടത്തി വരുന്നു.
- തിരുവല്ല, അങ്കമാലി നഗരസഭകൾ പി എം എ വൈ ഗുണഭോക്താക്കൾക്കുള്ള ഭവനനിർമ്മാണ സാമഗ്രികൾ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിലൂടെ നിർമ്മിച്ച് വിജയകരമായ രീതിയിൽ ഗുണഭോക്താക്കാൾക്ക് വിതരണം ചെയ്തു വരുന്നു.
- വടക്കാഞ്ചേരി നഗരസഭ സ്ത്രീ തൊഴിലാളികളെ കിണർ നിർമ്മാണം പരിശീലിപ്പിച്ച് 2017-2018 വർഷം 101 കിണറുകളും, 2018-19 ൽ 103 കിണറുകളും 2019 -20 ൽ 125 കിണറുകളും നിർമ്മിച്ചിട്ടുണ്ട്.


Break the chain
കൈകൾ 20 സെക്കന്റ് നേരം
സോപ്പ് ഉപയോഗിച്ച് കഴുകൂ...
കോവിഡിനെ
അതിജീവിക്കൂ...

May-June 2020
₹ **2/-** Annual Subscription Rs. 12.00

GRAMABHOOMI
BI-MONTHLY

RN. No. 36116/1980

ഗ്രാമീണകേരളത്തിന്റെ
നേർക്കാഴ്ചയുമായി

ഗ്രാമഭൂമി



വായിക്കുക,
വരിക്കാരാകുക

ഗ്രാമഭൂമി

2 വർഷത്തേക്ക് ₹24 മാത്രം

മണിയോർഡർ അയയ്ക്കേണ്ട വിലാസം
ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ, ആറാം നില, സ്വരാജ് ഭവൻ,
നന്തൻകോട്, കവടിയാർ.പി.ഒ, തിരുവനന്തപുരം 695 003

Printed and Published by Ajitha Das, Chief Officer, Rural Information Bureau, Owned by N Padmakumar IAS, Commissioner of Rural Development, Government of Kerala, Printed at Government Press, Mannanthala, Thiruvananthapuram. Published from Rural Information Bureau, 6th Floor, Swaraj Bhavan, Nandancode, Kawadiar PO, Thiruvananthapuram, Kerala-695 003. Chief Editor: Ajitha Das